# TSP PROGRAMMES 2022-23

## 1. Information, Education and Communication Project (IEC)

**(Outlay: Rs. 220.00 lakh)**

The major objectives of the programme are awareness creation on welfare programmes, rights and entitlements of tribal communitiesand campaigns against social evils and atrocities. This scheme comprises of the following three components.

### A. Publicity Wing / Information, Education and Communication Project (IEC)

The activities included are:

i. Conduct of cultural programmes, exhibitions, folk art festivals of tribes.
ii. Awareness campaigns and advocacy programmes in tribal settlements by establishing Tribal Advocacy units in each district using vehicle facility equipped with publicity materials including Audio Visual Aids, managed by the tribal youths.
iii. Completion of digital documentation including video documentation of Scheduled Tribes life style, customs, culture, language.
iv. Incentive to ST youths talented in Arts and Sports on the basis of District Level/State level Certificates - Social Solidarity Programmes.
v. Publicity/Advertisement/Documentation/Publications/Programmes on plan schemes of ST Development Department.
vi. Assistance for providing tool kit, uniform and other items to the students who have been admitted in the professional courses.
vii. Awarding of Gold medal to the rank holders of NEET/Engineering and the students who secure A plus for all subjects in tenth and plus two public examinations.
viii. Honorarium to staff engaged in Toll-free operating system functioning under ST Development Department.

### B. National & State Trade fairs – Gadhika

The objective of the component is to promote arts and festivals of tribes. It is proposed to conduct regional tribal festivals of arts & exhibition cum sale of products manufactured by the tribal groups. The outlay can also be used for erecting stall & sales counters and for conducting cultural activities.

### C. Tribal Cultural Multipurpose Hub

The Scheduled Tribes Development Department has established a tribal cultural multipurpose hub with tribal product exhibition cum marketing facilities at Foreshore, Ernakulam and provided with auditorium of 200 number seating capacity, dining area, kitchen and dormitories. This hub will also function as the centre for performing arts and training. The initial expenses of the Hub will be met from the scheme, until it becomes self-sustaining.

An amount of Rs. 220.00 lakh is provided for the above activities during 2022-23.

## 1. വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി)

*(വിഹിതം : 220.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗവിഭാഗത്തിനുള്ള ക്ഷേമ പരിപാടികൾ അവരുടെ അവകാശങ്ങൾ എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണം, അവർക്കെതിരെയുള്ള സാമൂഹ്യ തിന്മകൾക്കും അതിക്രമങ്ങൾക്കും എതിരായ ക്യാമ്പയിനുകൾ എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.ഈ പദ്ധതിയ്ക്ക് താഴെപറയുന്ന മൂന്ന് ഘടകങ്ങളുണ്ട്.

### എ.) പബ്ലിസിറ്റി വിഭാഗം/ ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ പ്രോജക്ട് (ഐ.ഇ.സി പ്രോജക്ട് )

ഇതിലെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

I. സാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, പട്ടികവർഗ്ഗക്കാരുടെ നാടൻ കലോൽസവങ്ങൾ, തുടങ്ങിയവ നടത്തുക,

II. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ബോധവത്കരണം, പ്രചാരണ പരിപാടികളും അഭിഭാഷണ പരിപാടികളും

III. പട്ടികവർഗ്ഗക്കാരുടെ ജീവിത രീതിയും അവരുടെ സംസ്കാരികവും ദൈനംദിനവുമായ പ്രവർത്തനങ്ങളെ കുറിച്ചുള്ള വീഡിയോ ഡോക്യമെന്റേഷൻ അടക്കമുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ ജോലികൾ പൂർത്തിയാക്കുക,

IV. കലാകായിക മികവ് പുലർത്തുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവാക്കൾക്ക് സംസ്ഥാനതല, ജില്ലാതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹനം- സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടികൾ

V. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച പരിപാടികളുടെ പ്രചാരണം/ പരസ്യം/ഡോക്യുമെന്റേഷൻ/ ആനുകാലിക പ്രസിദ്ധീകരണങ്ങൾ/ എന്നിവ നടത്തുക

VI. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം, കോഴ്സുമായി ബന്ധപ്പെട്ട മറ്റ് സാമഗ്രികൾ നൽകുക,

VII. നീറ്റ്/ എഞ്ചിനീയറിംഗ് പരീക്ഷകളിലെ റാങ്ക് ജേതാക്കൾക്കും, എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കും അവാർഡായി സ്വർണ്ണ മെഡൽ നൽകുക

VIII. പട്ടികവർഗ്ഗ വികസന വകുപ്പിലെ ടോൾ ഫ്രീ സംവിധാനത്തിലെ സ്റ്റാഫിന് ഹോണറേറിയം നൽകുക.

### ബി. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വ്യാപാരമേള - ഗദ്ദിക

പട്ടികവർഗ്ഗക്കാരുടെ കലകളെയും ഉത്സവങ്ങളെയും പരിപോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയകലാ വ്യാപാരമേള. പട്ടികവർഗ്ഗക്കാരുടെ കലാമേളകളും, പട്ടികവർഗ്ഗക്കാർ നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശന വിൽപ്പന മേളകളും നടത്താൻ ഉദ്ദേശിക്കുന്നു. സ്റ്റാളുകളും വിൽപന കൗണ്ടറുകളും നിർമ്മിക്കുവാനും സാംസ്കാരിക പരിപാടികൾ നടത്താനുമുള്ള തുക ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

### സി. പട്ടികവർഗ്ഗ വിവിധോദ്ദേശ്യ സാംസ്കാരിക കേന്ദ്രം

എറണാകുളത്തെ ഫോർഷോറിൽ പട്ടികവർഗക്കാരുടെ വിവിധ ഉത്പ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ഒരു ട്രൈബൽ മൾട്ടി പർപ്പസ് ഹബ് സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിൽ 200 ആൾക്കാർക്ക് ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയം, ഡൈനിംഗ് ഹാൾ, അടുക്കള, ഡോർമെട്രികൾ എന്നിവ ഉൾപ്പെടുത്തുന്നതാണ്. കലാ പരിപാടികളും പരിശീലന പരിപാടികളും നടത്താനായുള്ള കേന്ദ്രമായും ഈ കെട്ടിടം ഉപയോഗപ്പെടുത്താവുന്നതാണ്. സ്വയം പര്യാപ്തമാകുന്നതുവരെ ഈ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. 2022-23 - ൽ 220.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്നു.

## 2. Special Programme for Adiyas, Paniyas, PVTGs and Tribes Living in Forest

**(Outlay: Rs. 400.00 lakh)**

The main objective of the programme is to provide basic amenities and livelihood support to the PVTGs and other weaker sections. The scheme comprises of four components.

### i. Preparation of Micro Plans

Ooru based micro plans for the development of most vulnerable ST settlements will be prepared with the help of District Planning committee Secretariats.

### ii. Programmes for Adiyas, Paniyas and the Particularly Vulnerable Tribal Groups

Need based and location specific package programmes for the development of marginalized communities and the Primitive Tribal Groups are envisaged under this component. This component would also cover the marginalized communities like Aranadan, Kudiya, Mahamalasar, Palliyan, ThachanadanMoopan, Malapanickar and Malampandaram, Adiyan, Eravalan, Hill Pulaya, Irula, Malasar, Malayan, Mudugar and Paniyan. Special emphasis will be given for projects on re-habilitation packages, health, food support and economic development of these special groups on the basis of Ooru and family based micro plans. Special focus will be given to the families identified under the Extreme Poverty Survey- 2021-22 of Rural Development Department. Suitable mechanism for effective implementation and monitoring will be put in place. Rehabilitation of people who live in ecologically highly sensitive areas prone to flooding as well as land slips will be taken up in a phased manner. High priority shall be given for socio economic development of Malapandaram community, with special focus on housing and livelihood activities.

### iii. Programmes for tribals living in forest

Providing gainful employment to ST population living in/ near the forest areas is a must for improving their living standards. Providing/ ensuring alternative source of income, protection from wild animals, providing/ensuring health care facilities, providing education and awareness, development of infrastructure, connectivity and communication facilities, rehabilitation of tribal people and prevention of degradation of local habitat of the ST people living in and near the forest areas etc. are included in this component. Suitable proposals/ projects will be invited from various departments especially from Forest Department for implementation in the tribal settlements inside the forest. In the absence of proposals from other departments, the Scheduled Tribes Department will prepare suitable projects in consultation with experts.

### iv. Destitute Homes

The cost of running of three Destitute Homes functioning under the Scheduled Tribes Department at Attappady, Mananthavady (Kuzhinilam) and Sugandhagiri (Wayanad) will be met from this scheme. Provision for starting new Destitute Homes for Adiyas, Paniyas, PVTGs and Scheduled Tribes Living in Forest are also included.

An amount of Rs.400.00 lakh is provided for the above components during 2022-23.

## 2. അടിയൻ, പണിയൻ, പ്രാക്തനഗോത്രവർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടിക വർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി

**(വിഹിതം : 400.00 ലക്ഷം രൂപ)**

പ്രാക്തനഗോത്രവർഗക്കാർക്കും മറ്റു ദുർബലരായ പട്ടികവർഗ വിഭാഗങ്ങൾക്കും പ്രത്യേകിച്ച് ദുർബലരായ വിഭാഗങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങളും ജീവനോപാധിയും നൽകുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം ഈ പദ്ധതിയിൽ നാല് ഘടകങ്ങളുണ്ട്. ഈ ഘടകങ്ങൾ താഴെ വിശദീകരിക്കുന്നു.

### i) മൈക്രോ പ്ലാൻ രൂപീകരണം

ജില്ലാ പ്ലാനിംഗ് കമ്മിറ്റി സെക്രട്ടറിയേറ്റിന്റെ സഹായത്തോടെ പ്രാക്തനഗോത്രവർഗത്തിന്റെ വികസനത്തിനായി ഊര് അധിഷ്ഠിതമായ മൈക്രോ പ്ലാൻ രൂപീകരിക്കുന്നത്.

### ii) അടിയ, പണിയ,പ്രാക്തനഗോത്രവിഭാഗങ്ങൾ എന്നിവർക്കായുള്ള പ്രത്യേക പരിപാടി

പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ വികസനത്തിനായി അവരുടെ മേഖല, ആവശ്യം എന്നിവ കണക്കിലെടുത്ത് പ്രത്യേക പദ്ധതി രൂപീകരണമാണ് ഈ ഘടകത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. പാർശ്വവത്ക്കരിക്കപെട്ട സമൂഹങ്ങളായ അരനാടൻ, കുടിയ, മഹാമലസർ, പള്ളിയൻ, തച്ചനാടൻമൂപ്പൻ, മലപ്പണിക്കർ, മലപണ്ടാരം, അടിയ, ഇരവാലൻ, ഹിൽപുലയ, ഇരുള, മലസർ, മലയൻ, മുടുഗർ, പണിയൻ എന്നീ വിഭാഗങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഊര്/കുടുംബാധിഷ്ഠിത മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഈ പ്രത്യേക വിഭാഗക്കാരുടെ ആരോഗ്യം, ഭക്ഷണം, സാമ്പത്തിക വികസനം മുതലായവയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പാക്കേജിന് ഊന്നൽ നൽകുന്നതാണ്. ഗ്രാമവികസന വകുപ്പിന്റെ അതിദാരിദ്ര്യ സർവ്വേ 2021–22 പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും മോണിറ്ററിംഗിനും ഉചിതമായ സംവിധാനം ആവിഷ്ക്കരിക്കുന്നതാണ്. പരിസ്ഥിതിലോല പ്രദേശങ്ങളിലും വെള്ളപൊക്ക മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിലും താമസിക്കുന്നവരുടെയും പുനരധിവാസം ഘട്ടംഘട്ടമായി നടപ്പിലാക്കും. ഭവന നിർമ്മാണത്തിലും ഉപജീവന പ്രവർത്തനങ്ങളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് മലപണ്ടാരം സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന് പ്രത്യേക മുൻഗണന നൽകും.

### iii) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം.

വനത്തിലോ/പരിസര പ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. വന ത്തിനുള്ളിലോ/ പരിസര പ്രദേശങ്ങളിലോ താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ നൽകുക, മറ്റു വരുമാനമാർഗ്ഗം ഉണ്ടാക്കികൊടുക്കുക, വന്യമൃഗങ്ങളിൽ നിന്ന് സംര ക്ഷണം നൽകുക, ആരോഗ്യപരിരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസവും അവബോധവും കൊടുക്കുക, അടിസ്ഥാന സൗകര്യ വികസനം, കണക്റ്റിവിറ്റിയും മറ്റ് വാർത്താവിനിമയ സൗകര്യങ്ങളും, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ പുനരധിവാസം, ഇവരുടെ പ്രാദേശിക വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക തുടങ്ങിയവയാണ് ഈ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച് വനം വകുപ്പിൽ നിന്നും പട്ടികവർഗത്തിൽപ്പെട്ട ആളുകളെ വന ത്തിൽ അധിവസിപ്പിക്കാൻ പറ്റുന്ന പ്രത്യേക പ്രോജക്ടുകൾ/ നിർദ്ദേശങ്ങൾ ക്ഷണിക്കാവുന്നതാണ്. മറ്റു വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ/ പദ്ധതികളുടെ അഭാവത്തിൽ പട്ടികവർഗ വികസന വകുപ്പ് വിദഗ്ദരുമായി കൂടിയാലോചിച്ച് അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

### iv) അഗതി മന്ദിരം

അട്ടപ്പാടി, മാനന്തവാടി, (കുഴിനിലം) സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് അഗതി മന്ദിരങ്ങളുടെ നടത്തിപ്പി നാവശ്യമായ ചെലവ് ഇതിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. അടിയൻ, പണിയൻ, പ്രാക്ത

നാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പുതിയ അഗതി മന്ദിരങ്ങൾ നിർമ്മിക്കുവാനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

2022–23 –ൽ 400.00 ലക്ഷം രൂപ മേൽ സൂചിപ്പിച്ച നാല് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## 3. Assistance for the welfare of Scheduled Tribes

**(Outlay: Rs 2868.50 lakh)**

The scheme comprises of five sub schemes as detailed below.

### i. Assistance to Marriage of ST girls

**(Outlay: Rs 413.00 lakh)**

This sub scheme is intended to reduce the burden of marriage expenses of daughters of parents belonging to Scheduled Tribes. The Scheduled Tribes Development Department provides assistance to parents as marriage grant at the rate of Rs 1.50 lakh per family/adult girl. Priority will be given to the daughters of widows, unwed mothers and incapacitated parents. The assistance to Scheduled Tribe girls who do not have parents to look after (orphan) will be Rs 2.00 lakh. The sub scheme should be implemented according to the guidelines fixed by the Government.In 2022-23, it is proposed to cover approximately 275 families/ adult girls per year.

### ii. Assistance for Sickle-cell Anemia Patients

**(Outlay: Rs 377.50 lakh)**

Sickle Cell Anemia is an inherited lifelong disease prevailing among the Scheduled Tribes living in Wayanad, Palakkad, Kozhikode and Malappuram districts. Continuous body pain, mental stress, inability to do hard work, malnutrition are the common problems faced by these patients. Such patients will be provided a monthly financial assistance aid during 2022-23, the rate of assistance is proposed to be enhanced to Rs 3000/- per month. In addition to this, one time assistance of Rs 2.00 lakh will be provided for each family for enhancing livelihood activities of such patients after providing skilling in appropriate trades. Skill training in this regard will be provided to such patients through institutions like AMRID and KIRTADS.

### iii. Janani-JanmaRaksha

**(Outlay: Rs 1650.00 lakh)**

One of the major concerns in the development of tribal health is that pertains to the nutritional issues of mother and child. Inadequate pre and post maternal care ranks top among them and is attributed mainly to the lack of timely financial assistance. The sub scheme is envisaged for extending timely assistance Rs 2000 per month for 18 months beginning from third month of the pregnancy to the month in which the child attains one year. Payment shall be made only through bank account.The department shall ensure that the assistance reaches the beneficiaries on a monthly basis and also ensure that the assistance is utilised for addressing the nutritional issues of pregnant and lactating mothers. A system for giving proper counselling and health monitoring of pregnant women and neo -natal has to be built using the Mobile Medical Clinics and PHCs.

### iv. Financial Assistance to Traditional Tribal Healers

**(Outlay: Rs 50.00 lakh)**

The sub scheme is for giving annual grant to traditional tribal healers @ Rs. 10,000/-. The beneficiaries will be selected with the assistance of KIRTADS.The amount will be transferred to bank account of the beneficiary through DBT system. The scheme will be

implemented through ST department from the year 2022-23 onwards.The details of traditional tribal healers shall be published in online platform and also create systems like tele-medicine/online appointment and online payment for them. It is proposed to assist 345 traditional tribal healers during 2022-23.

**v. Tribal Girl Child Endowment scheme (Gothravalsalyanidhi)**

(**Outlay:** Rs **378.00 lakh)**

The objective of the scheme is to provide social and economic security to tribal girl child and thereby help to achieve holistic development of the child from birth through various phases of her life including health and educational attainments. It is a long term endowment scheme which attains maturity only after the child attains 18 years of age and has at least passed the 10th standard. The insurance amount can be used for higher education and settling in life. This scheme includes cash pay-outs during immunization and school admission stages. Insurance against death of parents and permanent disabilities is also included. Since this is a long term programme, for systematic management of the beneficiaries and to monitor the flow of premium,a software has to be developed and put in place. An amount of Rs.378.00 lakh is proposed for giving 2ndinstallment of the girls registered in 2017-18 and first installments of the newly born. Based on gender disaggregated data 100 per cent fund will be going to girl children.

An amount of Rs 2868.50 lakh is provided for the above five sub schemes during 2022-23.

**3. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം**

*(വിഹിതം : 2868.50 ലക്ഷം രൂപ)*

പ്രസ്തുത പദ്ധതിയുടെ അഞ്ച് ഉപപദ്ധതികൾ താഴെ വിശദീകരിക്കുന്നു.

**i) പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം**

*(വിഹിതം : 413.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗക്കാരായ മാതാപിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹ സമയത്തുണ്ടാകുന്ന ചെലവുകളുടെ ഭാരം ലഘൂകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഉപപദ്ധതിയാണിത്. മാതാപിതാക്കൾക്ക് വിവാഹ ധനസഹായധനം ഗ്രാന്റായാണ് വക നൽകുന്നത്. ഒരു കുടുംബത്തിന്/പ്രായപൂർത്തിയായ പെൺകുട്ടിക്ക് ഒന്നര ലക്ഷം രൂപ വീതം എന്ന നിരക്കിൽ സഹായധനമായി നൽകുന്നു. വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും, സാമ്പത്തിക ശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടേയും പെൺമക്കൾക്ക് മുൻഗണന നൽകുന്നതാണ്. അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഈ പദ്ധതി വഴി രണ്ട് ലക്ഷം രൂപ നൽകുന്നു. നിലവിലുള്ള സർക്കാർ മാനദണ്ഡമനുസരിച്ചാണ് പദ്ധതി നടപ്പിലാക്കേണ്ടത്. പ്രതിവർഷം ഏകദേശം 275 കുടുംബങ്ങൾക്ക്/വിവാഹ പ്രായമെത്തിയ പെൺകുട്ടികൾക്ക് സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

**ii) സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം**

*(വിഹിതം : 377.50 ലക്ഷം രൂപ)*

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടു വരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾ സെൽ അനീമിയ. തുടർച്ചയായ ശരീരവേദന, മാനസിക സമ്മർദം, കഠിനമായ ജോലിചെയ്യാനുള്ള ബുദ്ധിമുട്ട്, പോഷാകാഹാരകുറവ് തുടങ്ങിയ പ്രശ്നങ്ങളാണ് ഇത്തരം രോഗികളിൽ കണ്ടു വരുന്നത്. 2022–23 കാലയളവിൽ ഇത്തരം രോഗികൾക്ക് സഹായനിരക്ക് പ്രതിമാസം 3000/– ആയി ഉയർത്താൻ നിർദ്ദേശിക്കുന്നു. ഇതു കൂടാതെ ഉചിതമായ ഗ്രേഡുകളിൽ വൈദഗ്ധ്യം നൽകിയശേഷം അത്തരം രോഗികളുടെ ഉപജീവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ കുടുംബത്തിനും 2.00 ലക്ഷം വീതം ഒറ്റത്തവണ

സഹായം നൽകും. എ.എം.ആർ.ഐ.ഡി, കിർത്താഡ്സ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി ഇത് സംബന്ധിച്ച നൈപുണ്യ പരിശീലനം ഇത്തരം രോഗികൾക്ക് നൽകും.

## iii) <u>ജനനി ജന്മരക്ഷ</u>

*(വിഹിതം : 1650.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യത്തെസംബന്ധിച്ച് ഉയർന്നു വരുന്ന പ്രധാന വിഷയം ഗർഭാവസ്ഥയിൽ അമ്മയുടെയും കുഞ്ഞിന്റെയും പോഷകാഹാരം സംബന്ധിച്ചതാണ്. യഥാസമയത്ത് സാമ്പത്തിക സഹായം ലഭിക്കാത്തത് മൂലം പ്രസവത്തിന് മുൻപും പിൻപും വേണ്ടത്ര പരിചരണം ലഭിക്കാത്തത് അവർക്കിടയിലെ പ്രധാന വിഷയമാണ്. ആകയാൽ ഗർഭിണിയായതിനുശേഷമുള്ള മൂന്നു മാസം മുതൽ പതിനെട്ട് മാസ കാലയളവിൽ കുഞ്ഞിന് ഒരു വയസ് തികയുന്നതുവരെ 2000/- രൂപ വീതം ഓരോ മാസവും സഹായധനം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ബാങ്ക് അക്കൗണ്ട് വഴിയോ പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴിയോ ആയിരിക്കണം സഹായധനം നൽകേണ്ടത്. സഹായം ഗുണഭോക്താക്കൾക്ക് എല്ലാ മാസവും ലഭിക്കുന്നുണ്ടെന്ന് വകുപ്പ് ഉറപ്പാക്കുകയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളും പി.എച്ച്.സി കളും ഉപയോഗിച്ച് ഗർഭിണികൾക്കും നവജാത ശിശുകൾക്കും കൃത്യമായ കൗൺസിലിംഗും ആരോഗ്യ നിരീക്ഷണവും നൽകുന്നതിനുള്ള ഒരു സംവിധാനം നിർമ്മിക്കേണ്ടതുണ്ട്.

## iv) <u>പരമ്പരാഗത പട്ടികവർഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം</u>

*(വിഹിതം : 50 ലക്ഷം രൂപ)*

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000/- രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഡി.ബി.റ്റി രീതിയിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നു. 2022-23 വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പദ്ധതി നടപ്പാക്കും. പരമ്പരാഗത ഗോത്ര ചികിത്സകരുടെ വിശദാംശങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിൽ പ്രസിദ്ധീകരിക്കുകയും അവർക്കായി ടെലി-മെഡിസിൻ, ഓൺലൈൻ അപ്പോയിന്റ്മെന്റ്, ഓൺലൈൻ പേയ്മെന്റ് തുടങ്ങിയ സംവിധാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. 2022-23 കാലയളവിൽ 345 പരമ്പരാഗത ആദിവാസി വൈദ്യൻമാരെ സഹായിക്കാൻ ഉദ്ദേശിക്കുന്നു.

## v) <u>പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി)</u>

*(വിഹിതം : 378 ലക്ഷം രൂപ)*

പെൺകുട്ടിയുടെ വളർച്ചയുടെ ഓരോഘട്ടത്തിലും പ്രത്യേകിച്ച് വിദ്യാഭ്യാസവും ആരോഗ്യപരവുമായ സമഗ്ര വികസനത്തിലൂടെ അവരുടെ സാമൂഹികവും സാമ്പത്തികവുമായ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പെൺകുട്ടി പത്താം ക്ലാസ് എത്തുമ്പോഴോ 18 വയസ് ആകുമ്പോഴോ ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാകും. ഇൻഷ്വറൻസ് തുക ഉന്നത വിദ്യാഭ്യാസത്തിനും ജീവിതസ്ഥിരത ഉറപ്പു വരുത്തുന്നതിനും ഉപയോഗിക്കാവുന്ന താണ്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ പ്രതിരോധ കുത്തിവയ്പ്, സ്കൂൾ പ്രവേശനം തുടങ്ങിയവയെല്ലാം ഉറപ്പു വരുത്തുന്നു. മാതാപിതാക്കളുടെ മരണവും, സ്ഥിരമായ അംഗവൈകല്യവും ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതൊരു ദീർഘകാല പദ്ധതി ആയതിനാൽ ഒരു മോണിറ്ററിംഗ് സോഫ്റ്റ് വെയർ രൂപീകരിച്ച് ഗുണഭോക്താക്കളുടെ മേൽനോട്ടവും ഇൻഷ്വറൻസ് വരിസംഖ്യയുടെ പ്രീമിയവും നിരീക്ഷിക്കേണ്ടതാണ്. 2017-18 രജിസ്റ്റർ ചെയ്ത പെൺകുട്ടികളുടെ 2-ാം ഗഡുവും നവജാത ശിശുക്കളുടെ ആദ്യ ഗഡുവും നൽകാൻ 378 ലക്ഷം രൂപ വകയിരുത്തുന്നു. ലിംഗ നിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ വനിതകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

2022-23 - വർഷത്തിൽ മുകളിൽ പറഞ്ഞ അഞ്ച് ഘടകങ്ങൾക്കായി മൊത്തം 2868.50 ലക്ഷം രൂപ വകയിരുത്തുന്നു.

## 4. HR support for implementation of schemes in the tribal areas

**(Outlay: Rs. 3023.50 lakh)**

Scheduled Tribes Development Department is undertaking several development schemes. In order to ensure smooth implementation of the schemes and providing handholding support a large number of human powers at field level is needed. This scheme is intended to support temporary human power. The scheme has six sub schemes as follows.

### i. ST Promoters

**(Outlay: Rs. 1913.00 lakh)**

Tribal promoters are selected and engaged to function as facilitators in tribal areas for channelizing and extending the benefits of tribal development schemes to the STs. They will also make a link between the scheduled tribe beneficiaries and the local governments/ line departments. Tribal youths have been selected and engaged for this purpose and trained in participatory rural appraisal, participatory monitoring, primary health care and natural resource management. Also youths have been employed as health promoters in hospitals. Each promoter will be given an honorarium of Rs.12500 and travelling allowance of Rs.1000 per month. The outlay provided is for giving honorarium to ST promoters, imparting training and conducting various awareness generation programmes to the ST promoters. The provision can also be used for giving honorarium to the health promoters engaged in the hospitals for assisting the scheduled tribe patients.

### ii. Organization of Oorukoottams

**(Outlay: Rs. 200.00 lakh)**

The objective of this sub scheme is to empower ST population in strengthening the processes of democracy among tribals by means of forming Oorukoottams in all tribal settlements. Oorukoottam meetings should be convened at least once in a quarter for empowering the tribal people including formulation and monitoring of Local Government plans. Oorukoottams will be empowered to conduct the social audit of plan implementation of Local Governments and the ST Department. The expenses for each Oorukoottam meetings should not exceed Rs. 2500. The budget provision is for meeting expenditure incurred for oorukoottams and capacity building activities including awareness programmes to the entire members of the Oorukoottams and activities in connection with observance of Indigenous Peoples' Day. Settlement based Micro Plans and family based microplans shall be prepared for vulnerable households on the basis of the findings of the e-survey of ST households conducted by the Department. The fund can be utilized for the preparation of such micro plans.

### iii. Management Trainees and Health Management Trainees

**(Outlay:Rs. 130.00 lakh)**

Scheduled Tribes Development Department is providing apprenticeship training to the educated unemployed youths for one year as per Apprenticeship Act based on the qualification prescribed from time to time for Management trainees. About 140 unemployed youth will be trained under this scheme. Based on gender disaggregated data more than 60 percent fund will be going to women beneficiaries.

### iv. CounsellorsEngaged in the Hostels and MRSs

**(Outlay: Rs.150.00 lakh)**

Scheduled Tribes Development Department is giving residential accommodation for more than ten thousand students in pre-matric hostels, post-matric hostels and MRSs. As they are coming from economically and socially disadvantaged families, they face the issues of adaptability with the new situations, problems of adjustments, interpersonal relationships and introvert habits. For addressing their psychological problems, department are engaging 49 student counsellors in these institutions from 2005-06 onwards. The minimum qualification prescribed for the counsellor is MSW Degree/M.A Psychology or other qualifications equivalent to the above approved by the Government of Kerala. Student counsellors with good track record and counsellors from ST communities will be given preference. Rate of honorarium will be as per the norms fixed by the Government. Based on gender disaggregated data 50 per cent fund will be going to women beneficiaries.

### v. Engaging Social Workers in Tribal Welfare

**(Outlay: Rs.191.50 lakh)**

Social Workers preferably MSW/MA Sociology/MA Anthropology holders are engaged in tribal welfare sector as facilitators for counselling, arranging conferences, increasing resources and spearheading public awareness through conducting awareness camps against the consumption of drugs, alcohols, tobacco and other social evils in a community organization mode. Outlay is provided for training and giving honorarium to these social workers in tribal areas as per the norms fixed by the Government. Based on gender disaggregated data 50 per cent fund will be going to women beneficiaries.

### vi. Gothrabandhu- Engaging Tribal Teachers in Primary Schools

**(Outlay: Rs. 439.00 lakh)**

In order to address the language issues and ensure proper education to tribal children one educated tribal youth (men or women) preferably with TTC/B.Ed. qualification from the same locality with knowledge in tribal dialect and Malayalam is selected and trained to function as teacher/education facilitator in all Primary Schools throughout the state, according to the strength of tribal students, on daily wages. At present 267 such mentor teachers are appointed in Wayanad&Attappady and the honorarium of these mentor teachers are met from the sub scheme. During 2022-23 about 100 more mentor teachers are anticipated to be appointed throughout the state. Along with teaching, these teachers will specifically address the language issues of tribal children, reduce drop outs and ensure cent per cent enrolment of tribal children, intensive coaching of tribal students, act as social worker and facilitator for tribal children. This person would be able to liaise between the community and the educational institutions, and at the same time take care of the child's education. It is anticipated that the service of Gothrabandhu teachers will be available on all working days per year. The rate of honorarium will be as per the existing Government Order.

An amount of Rs.3023.50.00 lakh is provided for the above six components during 2022-23.

## 4. പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവ വിഭവ ശേഷി പിന്തുണ

*(വിഹിതം : 3023.50 ലക്ഷം രൂപ)*

പട്ടികവർഗ വികസന വകുപ്പ് നിരവധി വികസന പദ്ധതികൾ നടപ്പാക്കാന്നുണ്ട്. പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നതിനും പിന്തുണ നൽകുന്നതിനും പ്രവർത്തന മേഖലയിൽ ധാരാളം മാനവ വിഭവ ശേഷി ആവശ്യമാണ്. ഈ പദ്ധതി താൽക്കാലിക മാനവ വിഭവശേഷിയെ പിന്തുണയ്ക്കാൻ ഉപദേശിച്ചുള്ളതാണ്. ഈ പദ്ധതിയിൽ താഴെ പറയുന്ന 6 ഉപപദ്ധതികളാണുള്ളത്.

### i) ട്രൈബൽ പ്രൊമോട്ടർമാർ

*(വിഹിതം : 1913.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗഗുണഭോക്താക്കളിൽ എത്തിക്കാൻ വേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്തു നിയമിക്കുന്ന ഫെസിലിറ്റേറ്റർമാരാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ. ഗുണഭോക്താക്കളേയും തദ്ദേശഭരണ സ്ഥാപനങ്ങളെയും വികസന വകുപ്പുകളേയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായും ഇവർ പ്രവർത്തിക്കുന്നു. ഇതിനായി പട്ടികവർഗ്ഗ യുവാക്കളെ തെരഞ്ഞെടുത്ത് നിയമിക്കുകയും അവർക്ക് ഗ്രാമീണ പങ്കാളിത്ത അവലോകനം, പങ്കാളിത്ത മോണിട്ടറിംഗ്, പ്രാഥമിക ആരോഗ്യപരിപാലനം, പ്രകൃതി വിഭവങ്ങളുടെ മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുകയും ചെയൂന്നു. കൂടാതെ യുവതീയുവാക്കളെ ഹെൽത്ത് പ്രമോട്ടർമാരായി ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഒരോരുത്തർക്കും പ്രതിമാസം 12,500/- രൂപ ഓണറേറിയവും. 1000 /- രൂപ യാത്രാ ബത്തയും നൽകുന്നുണ്ട്. ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നൽകുന്നതിനും പരിശീലനം നൽകുന്നതിനും, വിവിധ അവബോധന പരിപാടികൾ നടത്തുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ആശുപത്രികളിൽ പട്ടികവർഗ്ഗ രോഗികളെ പരിപാലിക്കുന്ന ഹെൽത്ത് പ്രമോട്ടർമാർക്കുള്ള ഹോണറേറിയത്തിനും തുക വിനിയോഗിക്കാവുന്നതാണ്.

### ii) ഊരുകൂട്ടങ്ങളുടെ സംഘാടനം

*(വിഹിതം : 200.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനുവേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ മേഖലയിലും രൂപീകരിക്കുകയാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണം, മോണിട്ടറിംഗ് ഉൾപ്പെടെ പട്ടികവർഗ്ഗ വിഭാഗത്തിനെ ശാക്തീകരിക്കുന്നതിന് ഊരുകൂട്ടങ്ങൾ നാലു മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പും, തദ്ദേശസ്വയം ഭരണ വകുപ്പും ഏറ്റെടുത്ത പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി ഊരുകൂട്ടത്തെ പ്രാപ്തമാക്കേണ്ടതാണ്. ഓരോ ഊരുകൂട്ടത്തിനും വേണ്ടി വരുന്ന ചെലവ് 2500 രൂപയിൽ കവിയരുത്. ഊരുകൂട്ടത്തിന് വേണ്ടിയുള്ള ചെലവുകൾ നടത്താനും കൂടാതെ ഊരുകൂട്ട അംഗങ്ങളുടെ കാര്യശേഷി മെച്ചപ്പെടുത്തുന്നതിനും, ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനും, തദ്ദേശിയമായ ദിനം ആഘോഷിക്കുന്നതിനുള്ള തുക വിനിയോഗിക്കുന്നു. വകുപ്പ് നടത്തിയ പട്ടികവർഗ കുടംബങ്ങളുടെ ഇ-സർവ്വേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ദുർബലരായ കുടുംബങ്ങൾക്കായി സെറ്റിൽമെന്റ് അധിഷ്ഠിത മൈക്രോ പ്ലാനുകളും കുടുംബാധിഷക്കഠിത മൈക്രോ പ്ലാനുകളും തയ്യാറാക്കും. ഇത്തരം മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് വേണ്ടി ഫണ്ട് വിനിയോഗിക്കാം.

### iii) മാനേജ്മെന്റ് പരിശീലകരും ഹെൽത്ത് മാനേജ്മെന്റ് പരിശീലകരും.

*(വിഹിതം : 130.00 ലക്ഷം രൂപ)*

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത പട്ടികവർഗ്ഗ യുവാക്കൾക്ക് സമയാസമയങ്ങളിൽ മാനേജ്മെന്റ് ട്രെയിനികൾക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത അനുസരിച്ച് അപ്രന്റീസ്ഷിപ്പ് നിയമപ്രകാരം ഒരു വർഷത്തേയ്ക്ക് പട്ടികവർഗ്ഗവികസന വകുപ്പ് അപ്രന്റീസ്ഷിപ്പ് പരിശീലനം നൽകുന്നു. ഓരോ വർഷവും ഏകദേശം 140 മനേജ്മെന്റ് ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനാണ് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളുടെ ലിംഗനിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 60 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## iv) ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർ

*(വിഹിതം : 150.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസ്സുകളിലുമായി 10000 ത്തിൽ അധികം വിദ്യാർത്ഥികളാണ് താമസിച്ച് പഠിക്കുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് പുതിയ സാഹചര്യവുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ, അന്തർമുഖത്വം, വ്യക്തികളുമായി ബന്ധം സ്ഥാപിക്കൽ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരാറുണ്ട്. അവരുടെ ഇത്തരം മാനസിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 2005–06 മുതൽ 49 സ്റ്റുഡന്റ് കൗൺസിലേഴ്സിനെ ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാർ അംഗീകരിച്ച എം.എസ്. ഡബ്ല്യു/എം.എ.സൈക്കോളജി അല്ലെങ്കിൽ തത്തുല്യ യോഗ്യതയാണ് കൗൺസിലർക്ക് വേണ്ട കുറഞ്ഞ യോഗ്യത. നല്ല പ്രവൃത്തിപരിചയമുള്ളവർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട സ്റ്റുഡന്റ് കൗൺസിലർമാർക്കും മുൻഗണന നൽകുന്നതാണ്, നിലവിലെ സർക്കാർ മാനദണ്ഡ പ്രകാരം ഒണറേറിയം നൽകുന്നതാണ്. ഗുണഭോക്താക്കളുടെ ലിംഗനിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## v) പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ.

*(വിഹിതം : 191.50 ലക്ഷം രൂപ)*

എം.എസ്. ഡബ്ല്യൂ/ എം.എ സോഷ്യോളജി/ എം.എ ആന്ത്രോപോളജി (അഭിലഷണീയം) എന്നീ യോഗ്യതകളുള്ളവരെ പട്ടികവർഗ്ഗ വികസന മേഖലയിൽ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി നിയോഗിച്ചിട്ടുണ്ട്. കൗൺസിലിംഗ് നടത്തുക, കോൺഫറൻസിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക, വിഭവ സമാഹരണം, മദ്യം,ലഹരി,പുകയില തുടങ്ങിയവ ഉപയോഗിക്കുന്നതിനെതിരെ അവബോധനക്യാമ്പുകൾ സാമൂഹ്യാധിഷ്ഠിതമായി നടത്തി ജനങ്ങളിൽ ബോധവൽക്കരണം നടത്തുക എന്നീ ചുമതലകൾ ഇവർ നിറവേറ്റുന്നു. കമ്മിറ്റഡ് സോഷ്യൽ വർക്കർമാർക്കുള്ള ഓണറേറിയം സർക്കാർ മാനദണ്ഡ പ്രകാരം നൽകുന്നതിന് വിഹിതം വകയിരുത്തിയിരിക്കുന്നു. ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

## vi) ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം

*(വിഹിതം : 439.00 ലക്ഷം രൂപ)*

സംസ്ഥാനത്തെ പട്ടികവർഗ വിദ്യാർത്ഥികളുടെ ഭാഷാ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനുമായി ഗോത്രഭാഷയും മലയാള ഭാഷയും വശമുള്ള റ്റി.റ്റി.സി/ബി.എഡ് യോഗ്യതയുള്ള പട്ടികവർഗ്ഗ യുവജനങ്ങളെ (സ്ത്രീ/പുരുഷൻ) തെരഞ്ഞെടുത്ത് പരിശീലനം നൽകുകയും അവരെ പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ദിവസ വേതനത്തിൽ നിയമിക്കുകയും ചെയ്യുന്നു. നിലവിൽ 267 മെന്റർ ടീച്ചർമാരെ ഹോണറേറിയം വ്യവസ്ഥയിൽ വയനാട്, അട്ടപ്പാടി മേഖലയിൽ നിയമിച്ചിട്ടുണ്ട്. ഈ മെന്റർ ടീച്ചർമാർക്കുള്ള ഹോണറേറിയത്തിനാവശ്യമായ തുക ഇതിൽ നിന്ന് വഹിക്കാവുന്നതാണ്.20212–23 സാമ്പത്തിക വർഷം 100 മെന്റർ ടീച്ചർമാരെ സംസ്ഥാനത്തുടനീളം നിയമിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇവർ അധ്യാപനത്തോടൊപ്പം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുകയും അവരുടെ കൊഴിഞ്ഞുപോക്ക് കുറച്ച് മുഴുവൻ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയും സ്കൂൾപ്രവേശനം ഉറപ്പാക്കുകയും . കുട്ടികൾക്കാവശ്യമായ തീവ്ര പരിശീലനം നൽകുകയും ചെയ്തുകൊണ്ട് ഒരു സാമൂഹ്യ പ്രവർത്തനകാനായും ഫെസിലിറ്റേറ്ററായും ഇവർ പ്രവർത്തിക്കേണ്ടതാണ്. ഇവർ വിദ്യാർത്ഥികളെ പരിപാലിച്ചുകൊണ്ട് സമൂഹത്തിനും സ്കൂളിനും ഇടയിൽ പ്രവർത്തിക്കാൻ കഴിവുള്ളവരായിരിക്കണം അതോടൊപ്പം കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്. ബന്ധിപ്പിച്ച് പ്രവർത്തിക്കാൻ കഴിവുള്ളവരായിരിക്കണം. ഇവരുടെ സേവനം വർഷംതോറും എല്ലാ പ്രവർത്തിദിനങ്ങളിലും ലഭ്യമാക്കുന്നതാണ്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരമായിരിക്കും ഓണറേറിയം നിരക്ക്

2022–232 – ൽ 3023.50 ലക്ഷം രൂപ മുകളിൽ പറഞ്ഞ 6 ഉപപദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നു.

## 5. Food Support / Food Security Programme

**(Outlay: Rs 2500.00 lakh)**

The scheme is intended for providing food grains in needy tribal areas of all the districts in the State and to address the issues of malnutrition and poverty among the STs. The scheme also ensures food and nutritional security among tribal families, especially during low employment seasons, especially in the monsoons and in cases of natural calamities and emergencies. Choice of food items will be decided according to area specific tastes and preferences of the tribes and this will be decided at PO/TDO level. Special priority should be given to women headed families and unwed mothers. The food items should be selected in view of the Anemia and malnourishment of the tribal families. Special attention shall be given to the families with pregnant and lactating mothers and also sickle cell anemia patients.

The scheme is also intended to meet the expenses incurred for transportation and distribution of food kits to the tribal families during Onam/special occasions. Further, the actual expenditure of transportation charges incurred for providing statutory ration from the two ration shops at Idamalakkudy tribal settlement in Idukki District through DevikulamGirijan Co-operative Society and for meeting similar expenses in other remote tribal areas in the State are also met under the scheme. The provision can also be used for components like supplying of special provision kits to tribes during natural disasters, operational expenses of Community Kitchens run by Kudumbashree and other reputed agencies in various parts of the state, and nutritional support to needy children, mothers, bedridden and elderly people. Special attention shall be given to the undernourishment of women and children in Attapady tribal area by ensuring that the agricultural produces like ragi, maize, pulses, vegetables etc produced in the area under various schemes is consumed by the tribals there, in association with the public distribution system.

An amount of Rs. 2500.00 lakh is provided for the scheme during 2022-23.

## 5. ഭക്ഷണത്തിനുള്ള  സഹായം/ഭക്ഷ്യ സുരക്ഷയ്ക്കുള്ള പരിപാടി

*(വിഹിതം : 2500.00 ലക്ഷം രൂപ)*

പട്ടികവർഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ മൺസൂൺ, തുടങ്ങി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്ക് പോഷകാഹാരവും ഭക്ഷ്യ സുരക്ഷയും ഉറപ്പ് വരുത്തുന്നു. ഭക്ഷ്യധാന്യങ്ങൾ ഓരോ പ്രദേശത്തെയും ഭക്ഷണ രീതിയുടെയും താല്പര്യ ത്തിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ തലത്തിൽ തീരുമാനിക്കുന്നതാണ്. വനിതകൾ കുടുംബനാഥ ആയിട്ടുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും പ്രത്യേക പ്രാധാന്യം നൽകുന്നതാണ്. പട്ടികവർഗ കുടുംബങ്ങളും വിളർച്ചയും പോഷകഹാരക്കുറവും കണക്കിലെടുത്താണ് ഭക്ഷ്യവസ്തുക്കൾ തിരഞ്ഞെടുക്കേണ്ടതാണ്. ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും സിക്കിൾസെൽ അനീമിയ രോഗികളുമുള്ള കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം.

പട്ടികവർഗ കുടുംബങ്ങൾക്ക് ഓണം/പ്രത്യേക ആഘോഷങ്ങളുള്ള അവസരങ്ങളിൽ ഭക്ഷണ പായ്ക്കറ്റുകൾ  വിതരണം ചെയ്യുന്നതിനുള്ള  വിതരണ ചെലവും ഗതാഗത ചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. കൂടാതെ ദേവികുളം ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ഇടുക്കി ജില്ലയിലെ  ഇടമലക്കുടി പട്ടികവർഗ്ഗ അധിവാസ കേന്ദ്രത്തിലുള്ള രണ്ട് റേഷൻ കടകളിലേയ്ക്കും കൂടാതെ സംസ്ഥാനത്തെ വിദൂര പട്ടികവർഗ മേഖലയിലേയ്ക്ക് ഭക്ഷണ സാധനം എത്തിക്കുന്നതിനുള്ള ഗതാഗത ചെലവ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കൂടാതെ പ്രകൃതി

ദുരന്തമുണ്ടാകുന്ന അവസരങ്ങളിൽ ഭക്ഷണ സാധനങ്ങളുടെ പ്രത്യേക പാക്കറ്റുകൾ നൽകുന്നതിനും കുടുംബശ്രീയും മറ്റ് അംഗീകൃത ഏജൻസികളും നടപ്പിലാക്കി കൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി കിച്ചന് വേണ്ട തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾ, അമ്മമാർ, കിടപ്പു രോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്കുക്കുള്ള പോഷകാഹാര വിതരണത്തിനും തുക വിനിയോഗിക്കാവുന്നതാണ്. അട്ടപ്പാടി ആദിവാസിമേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പോഷകാഹാകുറവ് സംബന്ധിച്ച് പ്രത്യേക ശ്രദ്ധ നൽകുകയും വിവിധ പദ്ധതികൾ പ്രകാരം പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന റാഗി, ചോളം, പയർ, പച്ചക്കറികൾ തുടങ്ങിയ കാർഷിക ഉൽപന്നങ്ങൾ പൊതുവിതരണ സംവിധാനം ഉപയോഗിപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്.

2022–23 –ൽ 2500.00 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

## 6. Comprehensive Tribal Health Care

**(Outlay: Rs. 2600.00 lakh)**

Outlay is provided for the following components:

### i. Running of Health Care Institutions

The Scheduled Tribes Development Department is running five Allopathic outpatient clinics in the remote scheduled tribe areas of Attappady (2 clinics), Mananthavady (1clinic), Chalakudy (1 clinic) and Idukki (1clinic). More than 24,000 ST patients are assisted annually through these institutions. Ambulance services and medical camps are conducted through these OP Clinics. The staffs of O.P Clinics are engaged on contract basis by Scheduled Tribes Development Department. Provision for meeting establishment costs including cost of medicine and other charges for running these institutions and cost for running medical camps by these OP Clinics are envisaged under this component.

### ii. Medical Assistance through Hospitals

This component envisages to provide medical care to Scheduled Tribes through selected hospitals in the State. The outlay is for providing treatment assistance to tribal people affected by various diseases like Sickle-cell anemia, TB, Cancer, Heart/ kidney/Brain ailments, Water-borne diseases etc. through approved hospitals in the state. The amount shall be used for purchase of medicines, expenses incurred for medical examinations including all types of scanning, purchase of medical aids and equipment and expenses for ambulance transportation services in the absence of the same in Government hospitals. Also, pocket money for by-standers and food expenses of patients will be met in needy cases.

The fund will be distributed through the District Medical Officers concerned of all the 14 District Hospitals and other identified Government Hospitals in various districts of the state where there is substantial ST population; and through the Superintendents of all Government Medical College Hospitals. Also, fund will be distributed to the Superintendent of two Co-operative Medical College Hospitals viz. Cochin Medical College and Pariyaram Medical College and to the Directors of SreeChitraThirunal Institute of Medical Sciences & Research, Regional Cancer Centre and Malabar Cancer Centre.

### iii. Tribal Relief Fund

This component is intended to provide financial assistance to the STs affected by various diseases and natural calamity. Financial assistance will be given to the Scheduled Tribes who are

below poverty line and who suffer from various diseases including major diseases like cancer, heart/kidney/brain ailments etc. They will also be granted assistance up to rupees one lakh per person, as per the provisions incorporated in the Government Order issued for the management of Relief Fund of Hon'ble Minister for Welfare of SC and ST. Financial assistance shall be given to patients on producing proper medical certificate obtained from concerned specialist medical practitioners. Also, it is envisaged to provide reliefs to ST families in case of emergencies. Financial assistance for organizing medical camps, transportation of patients to nearby hospitals, provision of nutritious food on the advice of the doctor, cost of purchase of drugs unavailable in hospitals, cost related to death/ post mortem, relief for managing disaster/untoward incidents/accidents and providing immediate relief to the needy are the other activities envisaged under this component.

**iv. Health Education programmes and de-addiction campaigns in selected tribal Hamlets**

In association with Health and Excise Departments, Campaign against alcoholism, chewing tobacco or tobacco based preparations like pan parag etc. are planned through medical camps as well as separate health and adult education sessions. Health education activities and counselling focused on these areas would be given priority. Hospitalisation charges of chronic addicts in de-addiction centres will also be met from this provision. It is also proposed to start eight new de-addiction centres near the existing public health centres functioning in various districts viz; Wayanad (3), Idukki (2), Malappuram (1), Attappady (1) and Thiruvananthapuram (1).

**v. Setting up of Nutrition Rehabilitation centres for Addressing Malnutrition, Infant Mortality and Maternal Mortality**

It is proposed to start nutrition rehabilitation centres, in association with Health Department, utilizing the services of Mobile Medical Units, in tribal areas where there is acute malnutrition problem. The activities include screening, nutrition counselling, nutrition supplementation, nutrition awareness campaign, hygiene awareness, pre-natal and post-natal check-ups and referral services. It also includes, assessment of nutrition requirements of ST persons in that region considering all regional and anthropological peculiarities, find out imbalance if any, advice on nutritional supplements and food habits keeping in mind the local edible food grains for attaining optimal nutritional balance for each person in each geographical area.

**vi. Tribal Paramedics in Colonies**

Most of the tribal communities including primitive tribal communities are highly disease prone and their misery is compounded by poverty, illiteracy, ignorance of cause of diseases, lack of safe drinking water, poor sanitation, blind beliefs, etc. Interventions like providing human resources, bringing health services within the reach of remote population, promotion of health awareness, facilitation of community participation in colonies are to be strengthened. Tribal paramedics specially trained in General Nursing and Midwifery courses knowing tribal dialects hailing from the tribal communities, and who are willing to work in such areas will be engaged in tribal colonies to address the health issues of tribal population. These persons will be engaged in the PHCs and other nearby health institutions to liaise between tribes and such institutions, on honorarium basis. They should continuously monitor the health status of each scheduled tribe people and take timely remedial measures in consultation with the nearest health care institution.

An amount of Rs. 2600.00 lakh is provided for the above six components of the scheme during 2022-23.

## 6. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം

*(വിഹിതം : 2600.00 ലക്ഷം രൂപ)*

താഴെ പറയുന്ന ഘടകങ്ങൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

### i) ആരോഗ്യപരിപാലന സ്ഥാപനങ്ങളുടെ നടത്തിപ്പ്

ഇടുക്കി (1 ക്ലീനിക്), ചാലക്കുടി (1 ക്ലിനിക്), മാനന്തവാടി (1 ക്ലീനിക്), അട്ടപ്പാടി (2 ക്ലീനിക്) തുടങ്ങി വിദൂര പട്ടികവർഗ്ഗ മേഖലകളിൽ 5 അലോപ്പതി ഒ.പി ക്ലീനിക്കുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്നു. വർഷംതോറും 24,000–ൽ അധികം പട്ടികവർഗ്ഗത്തിൽപ്പെട്ട രോഗികൾക്ക് ഈ കേന്ദ്രങ്ങൾ വഴി സഹായം നൽകുന്നു. ഈ ഒ.പി ക്ലീനിക്കുകൾ വഴി ആംബുലൻസ് സേവനവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. ഒ.പി. ക്ലീനിക്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നിയമിക്കുന്നത്. മരുന്നുകളുടെ വിലയും ഈ സ്ഥാപനങ്ങൾ നടത്തികൊണ്ട് പോകാനുള്ള മറ്റ് ചെലവ്, ഒ.പി ക്ലീനുക്കുകൾ നടത്തുന്ന മെഡിക്കൽ ക്യാമ്പുകളുടെ ചെലവ് എന്നിവയുടെ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും ഈ ഘടകത്തിൽ ഉൾപ്പെടുന്നു.

### ii) ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന് വൈദ്യ സഹായം കൊടുക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. സംസ്ഥാനത്തെ അംഗീകൃത ആശുപത്രി കൾ വഴി വിവിധ രോഗങ്ങളായ സിക്കിൾസെൽ അനീമിയ, ടി.ബി. കാൻസർ, ഹൃദയം/ തലച്ചോർ, കിഡ്നി സംബന്ധിച്ച അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ എന്നിവ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുന്നതിനാണ് വിഹിതം നീക്കി വയ്ക്കുന്നത്. മരുന്നുകൾ വാങ്ങുക, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാവിധ വൈദ്യപരിശോധനകൾ നടത്തുക, വൈദ്യസഹായം ലഭ്യമാക്കുക, സർക്കാർ ആശുപത്രികളിൽ ആംബുലൻസ് ഇല്ലാത്ത പക്ഷം ആംബുലൻസിന്റെ സേവനം ലഭ്യമാക്കുക എന്നിവയ്ക്കായി ഈ തുക ഉപയോഗിക്കാവുന്നതാണ്. ആവശ്യമുള്ള പക്ഷം രോഗികൾക്ക് കൂട്ടുനിൽക്കുന്നവർക്കുള്ള പോക്കറ്റ്മണിയും രോഗികൾക്കുള്ള ആഹാരത്തിന്റെ ചെലവും ഇതിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലും പട്ടികവർഗ്ഗ ജന വിഭാഗങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജിലെ സൂപ്രണ്ട് ജില്ലാമെഡിക്കൽ ഓഫീസർ മുഖാന്തിരം തുക അനുവദിച്ചു നൽകുന്നതാണ്. കൂടാതെ രണ്ട് സഹകരണ മെഡിക്കൽ കോളേജായ കൊച്ചിൻ മെഡിക്കൽ കോളേജ്, പരിയാരം മെഡിക്കൽ കോളേജിന്റെ സൂപ്രണ്ടിനും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റേയും റീജിണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ ഡയറക്ടർമാർക്കും ഇതിൽ നിന്നും തുക അനുവദിക്കാവുന്നതാണ്.

### iii) പട്ടികവർഗ്ഗ ആശ്വാസനിധി

പ്രകൃതിദുരന്തങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ ഘടകത്തിന്റെ ഉദ്ദേശം. മാരക രോഗങ്ങളായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾകൊണ്ട് കഷ്ടത അനുഭവിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നു. ഇങ്ങനെ കഷ്ടത അനുഭവിക്കുന്നവർക്ക് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി യുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സർക്കാർ ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതാണ്. ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. അവശ്യ സന്ദർഭങ്ങളിൽ

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതും ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങൾ അടങ്ങിയ ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, രോഗി മരണപ്പെട്ടാൽ വേണ്ടി വരുന്ന ചെലവ്/ പോസ്റ്റ്മാർട്ടത്തിനാവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാനുള്ള സഹായനിധി/ അപ്രതീക്ഷിത സംഭവങ്ങൾ /അപകടങ്ങൾ, ആവശ്യമുള്ള വർക്ക് പെട്ടെന്ന് സഹായം എത്തിച്ചുകൊടുക്കുക എന്നിവയും ഈ ഘടകത്തിൽ ഉൾപ്പെടുന്നത്.

### iv) ആരോഗ്യ വിദ്യാഭ്യാസ പരിപാടികളും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും സംഘടിപ്പിക്കുക.

മദ്യപാനം, പുകവലി, പുകയില ഉല്പന്നങ്ങളായ പാൻപരാഗ് എന്നിവയ്ക്ക് എതിരായുള്ള ബോധവത്ക്കരണവും ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പും മുതിർന്നവർക്കായി പ്രത്യേക ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളും ആരോഗ്യ, എക്സൈസ് വകുപ്പുകളുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾക്കും ഇതുമായി ബന്ധപ്പെട്ട പ്രത്യേക കൗൺസിലിംഗിനും മുൻതൂക്കം നൽകുന്നു. ദീർഘകാലമായി മദ്യപാനത്തിന് അടിമപ്പെട്ട് ലഹരി വിമോചന കേന്ദ്രങ്ങളിൽ എത്തുന്നവരുടെ ആശുപത്രിചെലവും ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന നിലവിലുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സമീപം 8 പുതിയ ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിക്കാനും പദ്ധതി നിർദ്ദേശിക്കുന്നു. വയനാട് (മൂന്ന് കേന്ദ്രങ്ങൾ), ഇടുക്കി (രണ്ട് കേന്ദ്രങ്ങൾ) മലപ്പുറം (1), അട്ടപ്പാടി (1), തിരുവനന്തപുരം(1)

### v) പോഷാകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്കുകൾ എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ സ്ഥാപനങ്ങളുടെ രൂപീകരണം

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗപ്പെടുത്തികൊണ്ട് പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പരിശോധന, പോഷകാഹാര കൗൺസിലിംഗ്, പോഷകാഹാര പൂരകം നൽകൽ, പോഷകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി, ശുചിത്വ ബോധവത്ക്കരണം, പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധനകൾ, റഫറൽ സേവനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. പട്ടികവർഗ്ഗക്കാരുടെ പ്രാദേശികവും വംശീയവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് ഏത് തരത്തിലുള്ള ആഹാര ക്രമമാണ് ഭൂമിശസ്ത്രപരമായി പാലിക്കേണ്ടത് എന്നത് സംബന്ധിച്ച വിവരം നൽകുന്നതൊടൊപ്പം പ്രാദേശികമായി ലഭിക്കുന്ന പോഷകഹാരങ്ങളിലൂടെ ആരോഗ്യ സംതുലനാവസ്ഥ ഉണ്ടാക്കാൻ സാധിക്കും.

### vi) കോളനികളിൽ ഗോത്രവർഗ്ഗ പാരാമെഡിക്കലുകൾ

പ്രാക്തനഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ഗോത്ര സമൂഹങ്ങൾക്ക് രോഗ സാധ്യത കൂടുതലാണ്. ദാരിദ്ര്യം, നിരക്ഷരത, രോഗകാരണങ്ങളെക്കുറിച്ചുള്ള അജ്ഞത, സുരക്ഷിതമായ കുടിവെള്ളത്തിന്റെയും ശുചിത്വത്തിന്റെയും അഭാവം, അന്ധവിശ്വാസങ്ങൾ എന്നിവ ഇവരുടെ ദുരിതത്തിന് ആക്കം കുട്ടുന്നു. ഇവയ്ക്ക് പരിഹാരം കാണുന്നതിനായി മനുഷ്യവിഭവ ശേഷി ലഭ്യമാക്കൽ, വിദൂരജനവിഭാഗങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ എത്തിക്കൽ, ആരോഗ്യ ബോധവൽക്കരണം, കോളനികളിലെ സാമൂഹ്യ പങ്കാളിത്തം ഉറപ്പ് വരുത്തൽ മുതലായവ ശക്തമാക്കേണ്ടതുണ്ട്. പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള ഗോത്ര ഭാഷ അറിയാവുന്ന, പാരാമെഡിക്കൽ കോഴ്സുകൾ, പ്രത്യേകിച്ചും, ജനറൽ നഴ്സിംഗ്, മിഡ് വൈഫറി പഠിച്ചവർ ഇത്തരം സ്ഥലങ്ങളിൽ ജോലി ചെയ്യാൻ തയ്യാറാണെങ്കിൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇത്തരം വ്യക്തികളെ ഓണറേറിയം വ്യവസ്ഥയിൽ അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ ആരോഗ്യ സ്ഥാപനങ്ങളിലോ നിയമിച്ച് ഗോത്ര പട്ടികവർഗ്ഗ വിഭാഗക്കാരെ ഇത്തരം കേന്ദ്രങ്ങളുമായി സഹകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. ഇവർ ഓരോ പട്ടികവർഗ്ഗക്കാരുടെയും ആരോഗ്യ നിലയെ തുടർച്ചയായി നിരിക്ഷിക്കുകയും അടുത്തുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനവുമായി കൂടിയാലോചിച്ച് സമയോചിത പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ പദ്ധതി ആർദ്രം മിഷന്റെ പരിധിയിൽ വരുന്നതാണ്. മുകളിൽ പറഞ്ഞ ആറ് ഘടകങ്ങൾക്കുമായി 2600.00 ലക്ഷം രൂപ 2022–23 ൽ വകയിരുത്തിയിരിക്കുന്നു.

## 7. Umbrella Scheme for the Education of Scheduled Tribes

The sub schemes included under this umbrella scheme are given below.

### A. Management Cost for the Running of Model Residential Schools

**(Outlay: Rs 5000.00 lakh)**

The amount provided is for meeting the running cost/ management cost of 16 Model Residential/Ashram Schools, Four Ekalavya and Two Special CBSE Model Residential School. The details of schools are given below.

| Sl. No | Name of School | Sl. No | Name of School |
|---|---|---|---|
| 1 | Dr.Ambedkar Memorial MRHSS for Girls, Kattela, Thiruvanthapuram | 13 | Ashram School, Malamppuzha, Palakkad |
| 2 | Dr.Ambedkar Memorial MRHSS for Boys, Nalloornad | 14 | Ashram School, Thirunelli, Wayand for Adiyas/Paniyas |
| 3 | Rajeev Gandhi Memorial Ashram HS School, Noolpuzha | 15 | MRS, Ettumanoor, Kottayam |
| 4 | Indira Gandhi Memorial Ashram HS School, Nilampur | 16 | MRS, Punalur, Kulathupuzha |
| 5 | Silentvalley MRS Mukkali, Attappady | | |
| 6 | MRHSS Munnar, Idukki | | Schools started using grant-in aid under Art 275(1) |
| 7 | MRHSS South Wayanad, Kaniyambetta, Kalpetta | | |
| 8 | MRHSS Vadasserikara, Pathanamthitta | 17 | Ekalavya MRS, Attappady, Palakakad |
| 9 | MRHSS, Chalakudy, Thrissur | 18 | Ekalavya MRS, Pookode, Wayanad |
| 10 | MRHSS, Kannur | 19 | Ekalavya MRS, Idukki |
| | | 20 | Ekalavya MRS(sports), Karindalam, Kasargod |
| 11 | MRHSS, Kasargod | 21 | Dr.Ambedkar Memorial Vidhyaniketan MRHSS School, Njaraneeli, Thiruvananthapuram |
| 12 | MRHSS Koraga, Kasargod | 22 | MRS Kuttichal, Thiruvanthapuram |

All expenses relating to running of MRSs including establishment costs (salaries and allowances), repair and maintenance, minor construction, fuel expenses, cooking gas and provisions, solid and liquid waste management, energy projects, modernization, agriculture initiatives and Miyawaki forests , e-governance initiatives, extra coaching, skill development including additional skill acquisition programme and entrepreneurship development, group activities like student police cadet, national cadet corps and national service scheme, purchase of equipment/furniture/computers and accessories, programmes for soft skill development and for

extra/remedial coaching, cost for conducting seminars and workshops, cost for meeting travel and allowances to students and staff for participating in various programmes/functions/camps/sitevisits/workshops/competitions/sciencefairs in India and abroad, cost for meeting study tour of students, conducting counselling and special programmes including engaging student doctor, student police, Our Responsibility to Children projects aimed at the overall development of children and cost for Sahavasa camp for Secondary & Higher Secondary students and honorarium for counsellors will be met from this outlay. The total number of students to be covered during a year is 7500.

For ensuring employability in emerging sectors, skill development training shall be given to secondary and higher secondary students in Model Residential Schools. The expenses related to Sargotsavam (State level youth festival for Secondary &Higher Secondary students of MRSs and hostels run by the Department) will also be met from the scheme.

An amount of **Rs** 5000.00 lakh is provided for the running cost/ management cost of the schools during 2022-23. Based on gender disaggregated data (6 schools exclusively for girls) 50 per cent fund will be going to women beneficiaries.

## 7. പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ

ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### എ). മാതൃക റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനായുള്ള ചെലവുകൾ.

*(വിഹിതം : 5000.00 ലക്ഷം രൂപ)*

16 മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കൂളുകൾ, നാല് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, രണ്ട് പ്രത്യേക സി.ബി.എസ്.ഇ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങിയവയുടെ നടത്തിപ്പിനുള്ള ചെലവുകളാണ് ഇതിൽ വകയിരുത്തിയിരിക്കുന്നത്. സ്കൂളുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| ( 1 ) | ( 2 ) |
| 1 | ഡോ. അംബേദ്കർ മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ (പെൺകുട്ടികൾ), കട്ടേല, തിരുവനന്തപുരം |
| 2 | ഡോ. അംബേദ്കർ മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ (ആൺകുട്ടികൾ) നല്ലൂർനാട് |
| 3 | രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമം ഹയർ സെക്കന്ററി സ്കൂൾ , നൂൽപ്പുഴ |
| 4 | ഇന്ദിരാ ഗാന്ധി മെമ്മോറിയൽ ആശ്രമം സെക്കന്ററി സ്കൂൾ, നിലമ്പൂർ |
| 5 | സൈലന്റ് വാലി മോഡൽ റസിഡൻഷ്യൽ സ്കൂൾ, മുക്കാലി, അട്ടപ്പാടി |
| 6 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, മൂന്നാർ,ഇടുക്കി |
| 7 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സകൂൾ, സൗത്ത് വയനാട്, കണിയാംപറ്റ, കൽപ്പറ്റ |
| 8 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ , വടശ്ശേരിക്കര, പത്തനംതിട്ട |

| | |
|---|---|
| 9 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സകൂൾ , ചാലക്കുടി, തൃശ്ശൂർ |
| 10 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ , കണ്ണൂർ |
| 11 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സകൂൾ , കാസർഗോഡ് |
| 12 | സാവിത്രി ബായ് ഫൂലേ ആശ്രമം സകൂൾ ,കൊറഗ കാസർഗോഡ് |
| 13 | ആശ്രമം സ്കൂൾ, മലമ്പുഴ, പാലക്കാട് |
| 14 | ആശ്രമം സകൂൾ, (അടിയ/പണിയ) തിരുനെല്ലി, വയനാട് |
| 15 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ , ഏറ്റുമാനൂർ, കോട്ടയം |
| 16 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, പുനലൂർ, കുളത്തൂപ്പുഴ |
| | |
| ആർട്ടിക്കിൾ 275(1) ഗ്രാന്റ് ഇൻ–എയ്ഡ് പ്രകാരം തുടങ്ങിയ സ്കൂളുകൾ | |
| 17 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട്, വയനാട് |
| 18 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി, പാലക്കാട് |
| 19 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി |
| 20 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ(സ്പോർട്സ്), കരിന്തളലം കാസർഗോഡ് |
| 21 | ഡോ. അംബേദ്കർ മെമ്മോറിയൽ വിദ്യാ നികേതൻ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂൾ, ഞാറനീലി, തിരുവനന്തപുരം |
| 22 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചൽ, തിരുവനന്തപുരം. |

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (വേതനവും, അലവൻസുകളും) ഉൾപ്പടെയുള്ള ചെലവുകളും, അറ്റകുറ്റപണികൾ,ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, ഇന്ധന ചെലവുകൾ, പാചക വാതകത്തിനും മറ്റ് സാധനങ്ങൾക്കുമുള്ള തുക, മാലിന്യ സംസ്ക്കരണം, ഊർജ്ജ പരിപാടികൾ, ആധുനീകരണത്തിനും, കാർഷികസംരഭങ്ങൾ ഇ–ഗവണേൺസ് സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പ്രോജക്ടുകൾ, അധിക പരിശീലനം, അധിക നൈപുണ്യ ആർജ്ജവ പരിപാടി ഉൾപ്പെടെയുള്ള നൈപുണ്യ വികസനം, സംരംഭകത്വ വികസനം, ഗ്രൂപ്പ് പ്രവർത്തനങ്ങളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ്. മുതലായവ ഫർണീച്ചർ/കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ,സോഫ്റ്റ് സ്കില്ലുകളുടെ വികസനത്തിനായുള്ള പരിപാടികളും അധിക പരിഹാര കോച്ചിംഗുകളും, സെമിനാറും വർക്ക്ഷോപ്പും നടത്തുന്നതിനായുള്ള ചെലവുകൾ, വിവിധ പരിപാടികൾ/ഫീൽഡ് സന്ദർശനം/വർക്ക്ഷോപ്പുകൾ/ ശാസ്ത്ര മേളകൾ ഇന്ത്യയിലും വിദേശത്തുമുള്ള മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള കുട്ടികളുടെയും സ്റ്റാഫിന്റെയും യാത്രാചെലവും മറ്റ് അലവൻസുകളും, വിദ്യാർത്ഥികളുടെ പഠനയാത്രയ്ക്കുള്ള ചെലവുകൾ, സ്റ്റുഡന്റ്സ് ഡോക്ടറെ ഉൾപ്പെടുത്തികൊണ്ടുള്ള കൗൺസിലിംഗും പ്രത്യേക പരിപാടികളും, സ്റ്റുഡന്റ് പോലീസ്, കുട്ടികളുടെ സമഗ്ര വികസനത്തിനുള്ള പ്രോജക്ടുകൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സഹവാസ ക്യാമ്പ്, കൺസിലർമാരുടെ ഹോണറേറിയം, തുടങ്ങിയവയ്ക്കുള്ള ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതിയിലൂടെ ഒരു വർഷം 7500 വിദ്യാർത്ഥികളുടെ വികസനം ലക്ഷ്യമിടുന്നു.

പട്ടികവർഗ്ഗക്കാർക്ക് നവീന മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൽഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ കലോൽസവം (സർഗ്ഗോൽസവം) എന്നിവയ്ക്ക് ആവശ്യമായ തുകയും ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

2022–23 – ൽ 5000 ലക്ഷം രൂപ ഈ സ്കൂളുകളുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 50% തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടതാണ്. (6 സ്കൂളുകൾ –പെൺകുട്ടികൾ മാത്രമുള്ളവ)

## B. Promotion of Education among Scheduled Tribes

**(Outlay: Rs 2560.00 lakh)**

The scheme comprises of the following five components.

### i. Peripatetic Education to the Primitive Tribes

To impart education to Particularly Vulnerable Tribal Groups and other similar Scheduled Tribes, 37 peripatetic education centers were started during 2005-06 and the teachers selected for these centers are given training through KIRTADS. This is based on a single teacher programme, and the teacher is expected to visit the identified settlements and provide education. It is expected that the students will get interested in education without being uprooted from their isolated settlements. The students covered would be given hostel accommodation when they reach 2nd and 3rd standards to continue their education. Thirty single teacher schools and 3 BalavijnanaKendras functioning under the Department had also been brought under peripatetic education scheme from 2006-07 onwards. A total of 500 students are targeted in 2022-23.

### ii. Tutorial Scheme for Students

This component is intended to provide special coaching to students of High School and Plus I & II classes to increase pass percentage. The monthly tuition fee would be directly given to parents for providing tuition through nearby tutorials. The target of the scheme is to cover 1600 ST students. The activities included are as follows.

- Tuition for school going ST students of High School and Plus I & II
- Tuition for failed ST students in SSLC, Plus II and Degree courses
- Implementation of Gurukulam Programme of the Attappady Co-operative Farming Society, Attappady and Girivikas taken up by Nehru Yuva Kendra, Palakkad.
- One month crash programme before the SSLC & plus two examinations (district- wise) under the supervision of Project Officers/ Tribal Development Officers - Food, accommodation, teaching aids, study materials, honorarium to teachers etc. are met from the provision. The expenditure does not exceed Rs. 3500 per student.
- Tuition to students in Pre- Matric Hostels.

### iii. Gothrasarathy

As substantial percentage of the tribal hamlets are in the interior forest and inaccessible areas, majority of school children are not attending the schools due to threat of wild animals and lack of transportation facilities. The hostel facility arranged by the department is also inadequate. In these circumstances, Scheduled Tribes Development Department was implementing this component in settlements for facilitating access to educational institutions. But in 2021-22 the scheme is transferred to the Local Governments. The scheme is continued in 2022-23 to address the gaps while the scheme is implemented by the Local Governments.

### iv. SamuhyaPadanamuri (Community Study centre in Tribal Hamlets)

Samuhya Padanamuri were established for creating an ambience for education in hamlets with provision for tuition. One educated tribal youth (men or women) from the same locality will be selected and trained as tutor with honorarium and will work as a facilitator and social worker. Facilities including computer with internet, furniture, reading materials etc. will be provided in each centre with provision for online learning facilities. Light refreshment will also be provided to the

students. It is also proposed to give pucca structures wherever needed, and is proposed to start Resource centres and mentoring units in each community study center which will enhance the self-esteem and self-reliance among tribal people.

**v. Promotion of sports among Tribals**

The objective of this component is to encourage and promote sports and games activities among tribal children and youth in association with Sports Authority of India and Kerala State Sports Council. The Department, in association with SAI, has already initiated action for spotting of sporting talents. Such talents can be groomed through systematic coaching so that they could become excellent sports persons in national and international levels.

The expenditure pertaining to the conduct of Kalikkalam, the annual sports meet of tribal children of Model Residential Schools and hostels under the Tribal Department are to be met from this component since this meet serves the purpose of talent spotting. Under this component assistance will be given to the tribal children/youth for availing expert coaching in various sporting fields and for participating in international, national and state competitions. In addition, the expenses required for giving grant or issue of certificates, citations or awards of merit in recognition of achievements in games and sports, conducting state level initiatives for promotion of sports including hiring/engaging meritorious sports persons and coaches at state level as well as school/hostel level for grooming talents, hosting major sporting events, providing fellowships to assist tribal individuals who have participated in state, national and international meets to maintain their nutritional level and other expenses in pursuing excellence in sports will be met from this component. Necessary sports and games equipment required to schools and hostels under the department will also be provided.

An amount of **Rs** 2560.00 lakh is provided for the above five components during 2022-23. Based on gender disaggregated data 50 per cent fund will be going to women beneficiaries.

## ബി. പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ വിദ്യാഭ്യാസം പോത്സാഹിപ്പിക്കൽ

*(വിഹിതം : 2560.00 ലക്ഷം രൂപ)*

*ഈ പദ്ധതിയിൽ ഉൾപ്പെടുന്ന അഞ്ച് ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.*

### i) പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം

പ്രാക്തനഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കും അതുപോലെ സമാനമായ മറ്റ് പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി 2005–06–ൽ 37 പെരിപ്പതറ്റിക് വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് കിർത്താഡ്സ് വഴി പരിശീലനം നൽകുകയും ചെയ്തു വരുന്നു. തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അദ്ധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്ധ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് സങ്കേതങ്ങളിൽ വെച്ചു വിദ്യാഭ്യാസം നൽകി പഠനത്തിൽ താല്പര്യം ഉണ്ടാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. രണ്ടും മൂന്നും ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 30 ഏകാധ്യാപക സ്കൂളുകളും 3 ബാലവിജ്ഞാന കേന്ദ്രങ്ങളും 2006–07 മുതൽ പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2022–23 –ൽ ഈ പരിപാടിയിലൂടെ 500 കുട്ടികളെ ലക്ഷ്യമിടുന്നു.

### ii) വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി

ഹൈസ്കൂളിലും പതിനൊന്നാം ക്ലാസ്സിലും, പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി പ്രത്യേക പരിശീലനം നൽകി വിജയശതമാനം വർദ്ധിപ്പിക്കുക

എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തൊട്ടടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിനുള്ള പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷാകർത്താക്കൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. മേൽ പറഞ്ഞ വിഭാഗത്തിലുള്ള 1600 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള ളതാണ്. ഈ ഘടകത്തിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

- ഹൈസ്ക്കൂളുകളിലെയും പതിനൊന്ന്-പന്ത്രണ്ട് ക്ലാസ്സുകളിലേയും പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് ട്യൂഷൻ നൽകുക.
- എസ്.എസ്.എൽ.സി, പ്ലസ് ടൂ, ഡിഗ്രി എന്നീ കോഴ്സുകളിൽ പരാജയപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.
- പാലക്കാട് നെഹ്റു യുവകേന്ദ്ര ഏറ്റെടുത്തിരിക്കുന്ന അട്ടപ്പാടി ഗിരി വികാസ് പദ്ധതിയും, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുലം പരിപാടിയും നടപ്പാക്കുക.
- പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥരുടെ/പ്രോജക്ട് ഓഫീസർമാരുടെ മേൽനോട്ടത്തിൽ എസ്. എസ്.എൽ.സി, പ്ലസ് ടൂ പരീക്ഷയ്ക്കുമുമ്പായി ഒരു മാസത്തെ തീവ്ര പരിശീലനം (ജില്ല തിരി ച്ച്) നടത്തുക. ആഹാരം, താമസ സൗകര്യം, പഠനസഹായികൾ, പഠന സാമഗ്രികൾ അദ്ധ്യാപ കരുടെ ഓണറേറിയം തുടങ്ങിയവ നൽകുക, ഒരു കുട്ടിക്ക് 3500 /-രൂപയിൽ കൂടുതൽ ചെലവാക്കാൻ പാടില്ല.
- പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.

### iii) ഗോത്ര സാരഥി

ആദിവാസി കുഗ്രാമങ്ങളിൽ ഗണ്യമായ ശതമാനവും ഉൾകാടുകളിലും എത്തിച്ചേരാനാവാത്ത പ്രദേശങ്ങളിലും ആയതിനാൽ വന്യമൃഗങ്ങളുടെ ഭീഷണിയും ഗതാഗതസൗകര്യങ്ങളുടെ അഭാവവും കാരണം, ഭൂരിഭാഗം സ്കൂൾ കുട്ടികളും സ്കൂളിൽ പോകുന്നില്ല. വകുപ്പ് ഏർപ്പെടുത്തിയ ഹോസ്റ്റൽ സൗകര്യവും അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സെറ്റിൽമെന്റുകളിൽ ഈ ഘടകം നടപ്പിലാക്കി വരികയായിരുന്നു. എന്നാൽ 2021-22 മുതൽ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന വിടവുകൾ പരിഹരിക്കുന്നതിനായി 2022-23 വർഷത്തിലും പദ്ധതി തുടരുന്നു.

### iv) സാമൂഹ്യ പഠനമുറി ( ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി )

പട്ടികവർഗ്ഗ ഹാംലെറ്റുകളിൽ ട്യൂഷൻ സമ്പ്രദായത്തോട് കൂടിയ സാമൂഹ്യ പഠനമുറികൾ ആരംഭിച്ച് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളേ (ആണോ/പെണ്ണോ) ആ പ്രാദേശത്തുനിന്നു തന്നെ തെരഞ്ഞെടുത്ത് ട്യൂട്ടറായി പരിശീലനം നൽകി ഓണറേറിയം വ്യവസ്ഥയിൽ ഫെസിലിറ്റേറ്ററായും, സോഷ്യൽ വർക്കാറായും കൂടി പ്രവർത്തിക്കുന്നതിനായി നിയോഗിക്കുന്നതാണ്. ഓരോ കേന്ദ്രങ്ങളിലും കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ, ഫർണിച്ചർ, വായനാ സാമഗ്രികൾ എന്നിവ നൽകികൊണ്ട് ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണത്തിനുള്ള തുകയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പട്ടികവർഗ്ഗ ക്കാരുടെ ആത്മാഭിമാനവും സ്വാശ്രയത്വവും വർദ്ധിപ്പിക്കുന്ന റിസോഴ്സ് സെന്ററുകളും മെന്ററിംഗ് യൂണിറ്റുകളും ഓരോ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

### (v) പട്ടികവർഗ്ഗക്കാരുടെ കായിക പ്രോത്സാഹനം

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയും കേരള സ്പോർട്ട്സ് കൗൺസിലും ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുമായി ചേർന്ന് കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന പ്രതിഭകളെ ദേശീയ അന്തർദേശീയ തലങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതാണ്.

കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി എം.ആർ.എസ്, സ്കൂൾ ഹോസ്റ്റൽ എന്നിവിടങ്ങളിലെ കുട്ടികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന വാർഷിക കായിക മേള (കളിക്കളം) നടത്തുന്നതിനുള്ള ചെലവ് ഇതിൽ നിന്നും വഹിക്കാവുന്നതാണ്. സംസ്ഥന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ/ യുവാക്കൾക്ക് പങ്കെടുക്കുന്നതിനുള്ള ധനസഹായവും ആവശ്യമായ വിദ്ഗദ്ധ പരിശീലനവും ലഭ്യമാക്കുന്ന തിനുള്ള ചെലവും ഈ ഘടകത്തിൽ നിന്നും വഹിക്കുന്നതാണ്. ഇതിനുപുറമെ ഗ്രാന്റ് അല്ലെങ്കിൽ സർട്ടിഫിക്കറ്റ് വിതരണം, സ്പോർട്സ് ആന്റ് ഗെയ്സിൽ നേട്ടങ്ങൾ കൈവരിച്ചവർക്ക് അവാർഡ് നൽകൽ, സ്കൂൾ/ ഹോസ്റ്റലുകളെ പ്രതിഭകളെയും കണ്ടെത്തുന്നതിന് പരിശീലകരെയും കഴിവ് തെളിയിച്ച കായിക പ്രതിഭകളെയും ഉൾപ്പെടുത്തി പുതിയ കായിക പരിപാടി സംസ്ഥാനതലത്തിൽ ആരംഭിക്കുക, പ്രധാന കായിക മത്സരങ്ങൾക്ക് ആതിഥേയത്വം വഹിക്കുക, സംസ്ഥാന, ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ ക്കാർക്ക് ഫെലോഷിപ്പ്, ശാരീരിക ശേഷി നിലനിർത്തുന്നതിനും സ്പോർട്സുമായി ബന്ധപ്പെട്ട മറ്റ് ചിലവുകളും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. കൂടാതെ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലും ഹോസ്റ്റലുകളിലും ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളും വാങ്ങി നൽകാവുന്നതാണ്.

ഗുണഭോക്താക്കളുടെ ലിംഗാധിഷ്ഠിത നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ 50 ശതമാനം തുക വനിതകൾക്ക് ലഭിക്കുന്നതായി കണക്കാക്കുന്നു.

2022–23–ൽ 2560.00 ലക്ഷം രൂപ മുകളിൽ സൂചിപ്പിച്ച അഞ്ച് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## C. Post-matric Hostels for Tribal Students

**(Outlay: Rs 275.00 lakh)**

The basic objective of the scheme is to ensure higher education among tribal youth by providing safe and free boarding and lodging at proximity to reputed educational institutions. The department shall take all steps to provide as much hostel facilities in all districts to promote higher education among tribal children as the enrollment of tribal children in higher education is relatively low. The running expenses of the existing nine Post-Matric hostels in various districts including the three new hostels started in rented buildings during 2018-19 are met from this scheme.

An amount of Rs. 275.00 lakh is provided for the scheme during 2022-23.

## സി. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

*(വിഹിതം : 275.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗക്കാർക്ക് പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപത്ത് താമസിച്ച് സൗജന്യവും സുരക്ഷിതവുമായ ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉന്നത വിദ്യാഭ്യാസത്തിൽ പട്ടികവർഗ്ഗ കുട്ടികളുടെ പ്രവേശനം താരതമ്യേന കുറവയായതിനാൽ പട്ടികവർഗ്ഗ കുട്ടികൾക്കിടയിൽ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിന് വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കും. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുള്ള ഒൻപത് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുന്നതിനുവേണ്ടിയാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2018–19–ൽ വാടകകെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച പുതിയ മൂന്ന് ഹോസ്റ്റലുകൾക്ക് ആവശ്യമായ തുകയും ഈ പദ്ധതിയിൽ നിന്നും കണ്ടെത്താവുന്നതാണ്. 2022–23 ൽ ഈ പദ്ധതിയ്ക്കായി 275.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## D. Improving facilities and Renovation of Pre-matric & Post-matric hostels

**(Outlay: Rs. 800.00 lakh)**

The objective of the scheme is to improve the facilities of pre - matric and post- matric hostels functioning under the Department to create a good environment for better education. All such institutions will be provided with appropriate facilities according to UNICEF standards. The provision is for meeting the costs of minor repairs and maintenance of tribal hostels, repair/maintenance work of rain water harvesting system, installation of sanitary napkin incinerator, installation/repair of roof truss work, purchase of vessels, furniture and computers, and providing electricity/water supply.

All expenses related to additional construction, additional amount for fuel, cooking gas and provisions, liquid and solid waste management, energy projects, project for modernization, projects for implementation of e-governance initiatives in the hostels, purchase of equipment/furniture/necessary items, development of health including provision for counselling, study tours and special programmes/projects aimed at the overall development of children will be met from this scheme. Cost for providing extra coaching, programmes for soft skill development and for extra/remedial coaching, cost for conduct of seminar and workshop, skill development for the inmates of the hostel are also included under the scheme.

An amount of Rs. 800.00 lakh is provided for the scheme during 2022-23.

## ഡി. പ്രീമെട്രിക് ഹോസ്റ്റലുകളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

*(വിഹിതം : 800.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എല്ലാ ഹോസ്റ്റലുകളിലും UNICEF നിഷ്കർഷിക്കുന്ന നിലവാര ത്തിലുള്ള അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ ചെറിയ അറ്റകുറ്റപണികൾക്കുള്ള ചെലവ്, ഹോസ്റ്റലുകളുടെ പുനരുദ്ധാരണം. ഇതിൽ ഹോസ്റ്റലുകളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണം, വനിതാ ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, മേൽക്കൂരകളുടെ നിർമ്മാണവും പുനരുദ്ധാരണവും, പാത്രങ്ങൾ, ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ വാങ്ങൽ വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയ്ക്കുള്ള വിഹിതം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ, അധിക നിർമ്മാണ പ്രവർത്തനങ്ങൾക്കും, ഇന്ധനം, പാചകവാതകവും, മറ്റു സാധനങ്ങളും മാലിന്യ സംസ്കരണം, ഊർജ്ജ പ്രോജക്ടുകൾ, നവീകരണത്തിനുള്ള പ്രോജക്കുകൾ, ഹോസ്റ്റലുകൾക്കായുള്ള ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കാനുള്ള പ്രോജക്ടുകൾ, ഫർണിച്ചറുകൾ/ഉപകരണങ്ങൾ/അത്യാവശ്യ സാമഗ്രികൾ വാങ്ങൽ, കൗൺസിലിംഗ്, ഉൾപ്പെടെ കുട്ടികളുടെ സമഗ്ര വികസനത്തിനായി ആരോഗ്യ വികസനത്തിനുള്ള ചെലവുകൾ, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കാനുള്ള അധിക കോച്ചിംഗുകൾ, സെമിനാറുകളും ശിൽപശാലകളും നടത്താനുള്ള ചെലവുകൾ, അധിക കോച്ചിംഗ്, പരിഹാരബോധനം, ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കായി നൈപുണ്യ വികസന ക്ലാസ്സുകൾ എന്നിവയും ഈ പദ്ധതിയിൽപ്പെടുന്നു.

2022-23 - ൽ ഈ പദ്ധതിയ്ക്കായി 800.00 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

## 8. Agriculture Income Initiative for Scheduled Tribes.

**(Outlay: Rs. 1000.00 lakh)**

There are substantial tracts of agricultural land that are under the direct control of either people of the Scheduled Tribes or the Scheduled Tribes Development Department. These tracts have abundant natural resources and vast potential for the development of agriculture and allied activities. Most of the tribal communities suffer from severe malnutrition and related health issues. If modern methods of agriculture and allied activities (for example, animal resources and inland fisheries, supported by minor irrigation) are introduced, new incomes can be created on a sustainable basis for the people of these areas and nutrition problems will also be addressed.

The scheme is intended for the development of agricultural and allied activities in areas of Scheduled Tribe concentration, with a special focus on the following regions.

i. Aralam Tribal Rehabilitation and Development Mission Area, Kannur
ii. Sugandhagiri and neighbouring areas of Wayanad district
iii. Attappady in Palakkad district
iv. Cheengeri farm in Wayanad District.

The specific components will be decided depending on the regional preference and the nature of activities suitable for tribal hamlets. In each case, the Department will prepare alternative menus for raising incomes like homestead farming, collective farming, with the help of experts, taking into consideration the specific agro-ecological conditions of the area. These draft alternative income-maximizing proposals should be brought together into project proposals. Village market place, (chandha) owned and operated by tribal groups without exploitation by middlemen will also be included. The Department and District Planning Committees will then call a seminar of departments and agencies (ST development, agriculture, animal resource, dairy development, fisheries, Kudumbashree, minor irrigation and forest). Experts from the relevant Universities and the Regional Agricultural Research Stations (RARS) and people's representatives will also be invited. The seminar should discuss in a specific way, plans for production and for marketing. The on-going agricultural projects like Millet Village Programme and Nutrition Sufficiency through Ago-ecology in Attappady have to be evaluated and the second phase of the project like value addition, processing, marketing and formation of Farmer Producers Companies have to be taken up in a concerted manner. Comprehensive Agricultural Practices including cultivation of vegetables, leafy vegetables, and other millets seeds and pisciculture shall be framed in consultation with Agriculture and Fisheries department. Service of the public distribution system shall be ensured so that the agricultural products of Attappady reaches the tribals for consumption.

An amount of Rs. 1000.00 lakh is provided in 2022-23 for implementing the scheme in an integrated and phased manner in areas of Scheduled Tribe concentration.

## 8. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

*(വിഹിതം : 1000.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ധാരാളം കൃഷി ഭൂമിയുണ്ട്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ ഈ പ്രദേശത്ത് കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും വികസനത്തിന് വളരെയധികം സാധ്യതയാണുള്ളത്. ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും (ഉദാ. ചെറുകിട ജലസേചനത്തിന്റെ സഹായത്തോടെയുള്ള മൃഗസംരക്ഷണവും ഉൾനാടൻ മത്സ്യ ബന്ധനവും) അവർക്കിടയിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ സുസ്ഥിരമായ പുതിയ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുന്നതിന് ധാരാളം അവസരങ്ങളുണ്ട്. അതിലൂടെ പോഷകാഹാര പ്രശ്നങ്ങളും പരിഹരിക്കാം.

പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനാണ് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്ക് താഴെപറയുന്ന പ്രദേശങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ്.

1. കണ്ണൂർ ജില്ലയിലെ ആറളം ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ ഏരിയ
2. വയനാട് ജില്ലയിലെ സുഗന്ധഗിരിയും സമീപപ്രദേശങ്ങളും
3. പാലക്കാട് ജില്ലയിലെ അട്ടപ്പാടി
4. വയനാട് ജില്ലയിലെ ചീങ്കേരി ഫാം

പ്രാദേശിക മുൻഗണനയുടെയും ഓരോ സങ്കേതത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ നിർദ്ദിഷ്ട ഘടകങ്ങൾ തീരുമാനിക്കേണ്ടത്. ഓരോ പ്രദേശത്തിന്റെയും കാർഷിക പാരിസ്ഥിതിക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വിദഗ്ധരുടെ സഹായത്തോടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളായ ഹോംസ്റ്റെഡ് ഫാമിംഗ്, ഗ്രൂപ്പ് ഫാമിംഗ് തുടങ്ങിയവ വകുപ്പ് വികസിപ്പിക്കേണ്ടതാണ്. ഇങ്ങനെ തയ്യാറാക്കുന്ന വിവിധ തരത്തിലുള്ള കരട് വരുമാന വർധന മാർഗ്ഗങ്ങൾ പദ്ധതിരേഖയാക്കി രൂപപ്പെടുത്തുന്നതാണ്. ഇടനിലക്കാരുടെ ചൂഷണമില്ലാതെ ഗ്രാമീണ ചന്തകൾ ഏറ്റെടുത്ത് നടത്തുന്നതിന് ട്രൈബൽ ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്. വകുപ്പും ജില്ലാ ആസൂത്രണ സമിതിയും വിവിധ വകുപ്പുകളെയും ഏജൻസികളെയും (പട്ടികവർഗ്ഗ വികസന വകുപ്പ്, കൃഷി വകുപ്പ്, മൃഗസംരക്ഷണം, ക്ഷീരവകുപ്പ്, ഫിഷറീസ്, ചെറുകിട ജലസേചനം, വനം) ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ സർവ്വകലാശാലകളിലെയും റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷനിലേയും (ആർ.എ. ആർ.എസ്) വിദഗ്ദ്ധരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിക്കേണ്ടതാണ്. അട്ടപ്പാടിയിൽ നടന്നുകൊണ്ടിരിക്കുന്ന മില്ലറ്റ് വില്ലേജ് പ്രോഗ്രാം, അഗ്രോ–ഇക്കോളജി വഴിയുള്ള പോഷകാഹര പര്യാപ്തത തുടങ്ങിയ കാർഷിക പദ്ധതികൾ വിലയിരുത്തുകയും മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം, ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം തുടങ്ങിയ പദ്ധതിയുടെ 2–ാം ഘട്ടം ഏറ്റെടുക്കുകയും വേണം. യോജിച്ച രീതിയിൽ പച്ചക്കറികൾ, ഇലക്കറികൾ മറ്റ് തിന വിത്തുകൾ, മത്സ്യകൃഷി എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ കാർഷികരീതികൾ കൃഷി, ഫിഷറീസ് വകുപ്പുമായി കൂടിയാലോചിച്ച് രൂപപ്പെടുത്തും. അട്ടപ്പാടിയിലെ കാർഷികോൽപ്പന്നങ്ങൾ ആദിവാസികളുടെ ഉപഭോഗത്തിനായി എത്തുന്ന തരത്തിൽ പൊതു വിതരണ സംവിധാനത്തിന്റെ സേവൻ ഉറപ്പാക്കാണ്ടേതാണ്. ഉല്പാദനത്തിനും വിപണനത്തിനുമുള്ള പദ്ധതികൾ പ്രത്യേക രീതയിൽ സെമിനാറിൽ ചർച്ചചെയ്യണം.

പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതൽ താമസിക്കുന്ന മേഖലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2021–22 സാമ്പത്തിക വർഷം 1000.00 ലക്ഷം രൂപ വകയിരുത്തുന്നു.

## 9. <u>Housing – Completion of Incomplete Houses</u>

**(Outlay: Rs. 5720.00 lakh)**

The scheme aims to complete the construction of all houses taken up in previous years by the ST department before the inception of LIFE Mission and repair of dilapidated houses. The scheme has the following components.

### i. <u>Completion of incomplete houses</u>

Assistance/remaining installments for completion of the houses sanctioned in previous years and which are not included in LIFE Mission will be met from this scheme.

**ii. House repair/renovation**

Renovation of dilapidated houses and construction of additional rooms for small houses are envisaged under this scheme. Amount will be sanctioned according to the requirements and estimates on a case to case basis with a maximum of Rs. 1.50 lakh. It is proposed to assist 500 families per year. Priority will be given to flood affected families and families identified under 'Extreme Poverty Survey-2021-22'.

Gothrajeevika Self-help groups engaged in construction activities among tribes shall be given preference in house repair and renovation. Based on gender disaggregated data 17 per cent fund will be going to women beneficiaries.

An amount of Rs. 5720.00 lakh is provided for the above components during 2022-23.

## ൭. ഭവനനിർമ്മാണം- അപൂർണമായ വീടുകളുടെ പൂർത്തീകരണം

*(വിഹിതം : 5720.00 ലക്ഷം രൂപ)*

ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത വീടുകളുടെ പൂർത്തീകരണം, തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികളുടെയും പൂർത്തീകരണവുമാണ്. ഈ പദ്ധതിയി ലക്ഷ്യം വയ്ക്കുന്നത്.

പ്രസ്തുത പദ്ധതി ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. **പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

മുൻ വർഷങ്ങളിൽ അനുവദിച്ചരും ലൈഫ് മിഷനിൽ ഉൾപ്പെടാത്തതുമായ (സ്പിൽ ഓവർ) വീടുകൾ പൂർത്തിയാക്കുന്നതിനുവേണ്ട ധനസഹായവും/ ശേഷിക്കുന്ന ഗഡുക്കളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

2. **ഭവനങ്ങളുടെ പുനരുദ്ധാരണം**

ജീർണ്ണിച്ചതും സ്ഥലസൗകര്യം കുറഞ്ഞതായ വീടുകളിൽ അധിക മുറികൾ നിർമ്മിച്ച് നവീക രിക്കുന്നതിനും ദുർബലമായ ഭവനങ്ങളുടെ പുനരുദ്ധാരണവും, ഈ പദ്ധതി വഴി നടപ്പിലാക്കുന്നതാണ്. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ധനസഹായം നൽകുന്നതാണ്. പരമാവധി 1.50 ലക്ഷം രൂപ വരെയാണ് ഭവന നവീകരണത്തിന് നൽകുന്നത്. പ്രതിവർഷം 500 കുടുംബങ്ങൾക്ക് ഇതുവഴി സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു. പ്രളയ ബാധിത കുടുംബങ്ങൾക്കും 2021–22 ലെ അതിദാരിദ്ര്യ സർവ്വേയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കും മുൻഗണന നൽകും.

ഭവനങ്ങളുടെ അറ്റകുറ്റപണികളും, പുനരുദ്ധാരണം ഏറ്റെടുക്കുന്നതിന് പട്ടികവർഗ്ഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്ന സ്വയം സഹായ സംഘമായ ഗോത്രജീവികയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്.ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ 17 ശതമാനത്തോളം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കരുതുന്നു. 2022–23 ൽ 5720 ലക്ഷം രൂപ മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## 10. Housing scheme for the homeless STs (LIFE Mission)

**(Outlay: Rs 14000.00 lakh)**

LIFE (Livelihood, Inclusion and Financial Empowerment) Mission is one among the four Development Missions announced by the Government of Kerala under Nava Keralam Karma Padhathi (NKKP). It aims at providing safe housing to the homeless in the State and is implemented by the Local Governments using their Plan grant as well as Plan support from State Government and the assistance from Kerala Urban & Rural Development Finance Corporation Ltd. (KURDFC) by availing loan from Housing and Urban Development Corporation Limited (HUDCO).

The outlay provided under this scheme is for giving state share for the construction of individual houses and for meeting the costs of construction of flats/housing complexes/housing clusters for the ST beneficiaries. An amount of ₹14000.00lakh is provided in the Budget 2022-23. LIFE Mission shall ensure that the funds provided under this scheme are utilized for the ST beneficiaries only. Gothrajeevika Self Help Groups engaged in construction activities among tribes shall be given preference in construction of new houses. 90% of the beneficiaries of the scheme will be women.

## 10. ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം (ലൈഫ് മിഷൻ)

(വിഹിതം 14000.00 ലക്ഷം രൂപ)

കേരള സർക്കാരിന്റെ നവകേരള കർമ്മ പദ്ധതിയിൽ പ്രഖ്യാപിച്ച നാലു ദൗത്യങ്ങളിൽ ഒന്നാണ് ലൈഫ് മിഷൻ (ജീവനോപാധി ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) ഭവനരഹിതർക്ക് വീടും അനുബന്ധ സൗകര്യങ്ങളും നൽകികൊണ്ട് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതമായ ഭവനം നൽകുക എന്നതാണ് മിഷന്റെ ലക്ഷ്യം. സംസ്ഥാന പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിന് പുറമെ, ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ ഭവനം ലക്ഷ്യം വച്ചുകൊണ്ട് കേരള അർബൻ ആന്റ് റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യുആർ.ഡി.എഫ്.സി) മുഖേന ഹഡ്കോയിൽ നിന്നുള്ള വായ്പാ ധനസഹായവും പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്നും വകയിരുത്തുന്ന ഫണ്ടും ഇതിനായി വിനിയോഗിക്കുന്നതാണ്.

ഈ പദ്ധതിയിൽ ഭൂമിയുള്ളവർക്ക് പുതിയ ഭവന നിർമ്മാണത്തിനും ഭൂരഹിതർക്ക് ഭവന സമുച്ചയമോ ഹൗസിംഗ് ക്ലസ്റ്ററുകളോ നിർമ്മിക്കുന്നതിനു വേണ്ടിയാണ് തുക വകയിരുത്തിയിട്ടുള്ളത്. 2022–23 – ൽ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പിനായി 14000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി നീക്കി വച്ചിട്ടുള്ള തുക പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് മാത്രമാണ് ചെലവഴിക്കുന്നതെന്ന് ലൈഫ് മിഷൻ ഉറപ്പ് വരുത്തേണ്ടതാണ്. പട്ടികവർഗ്ഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്ന ഗോത്രജീവിക സ്വയംസഹായ സംഘങ്ങളെക്കൊണ്ട് പുതിയവീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണ്. ഈ പദ്ധതിയുടെ 90 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.

## 11. Critical Gap Filling Scheme (Corpus Fund) under TSP

**(Outlay: Rs. 4979.00 lakh)**

Corpus fund is intended to provide funds for filling any critical gap in the TSP provision made under various schemes in the Annual Plan on project basis with emphasis on livelihood development, human resource development, basic needs, economic development etc. The projects received from the Districts and those taken up by the Directorate will be funded. Priority shall be given for providing internet connectivity, facilities and equipment for online learning, mobile medical clinics, livelihood activities, piped water connectivity, sanitation, household electric connection, supply of cooking gas to BPL tribal households, etc. Programmes and projects in areas

like literacy and non-formal education among STs, self-employment and skill development programmes, Community facilitation centres like community hall, library etc. improving connectivity to inaccessible areas including construction of roads, bridges, culverts, and foot paths. technology transfer and projects for information, communication and education, improvement of health and sanitation, development of education including soft skills/vocational training in various activities and centers for Schedules Tribes with internet DTP, Photostat and FAX facilities and gap filling that are required in the implementation of schemes supported by SCA to TSP and engaging accredited NGOs will also be taken up under this scheme.

Further, projects for supporting meritorious ST students seeking admission in renowned national/international institutions and assistance to job opportunities abroad in relevant areas will be considered under this scheme. Also, projects for development of micro enterprises and livelihood activities at family level with special priority for rehabilitation of unwed mothers will be considered. Provision for actual rent of lease land to poor ST farmers, who are having below one acre of land and are cultivating lease land, will be met from this scheme. Distribution of Onakkodi, organizing Kudumbasree units, assistance for extension of existing Kudumbasree units in Tribal areas and projects for supporting entrepreneurship are also included. Third party evaluation of TSP schemes implemented by the Department by Research Institutions and Govt. agencies and social auditing of various schemes for tribal development shall be taken up under this scheme. Provision will also be used for meeting the department assistance for education loan repayment support scheme for the ST student.

One third of the amount would be allocated to district authority on the basis of ST population. A contingency fund will be allocated for meeting emergency situations for District Offices. Administrative sanction for schemes up to Rs. 25.00 lakh shall be issued at the Districts, based on the approval of District Level Committee for SC/STs.

The project proposals for the construction of roads & bridges will be considered by the State Level Working Group based on the recommendations of the District Level Committee for Scheduled Caste/Scheduled Tribes and funds will be provided from the Directorate. A special monitoring system in IT platform has to be developed in the directorate using the MIS cell under the Sub Plan Cell for tracking and timely completion of the projects.

The progress of implementation of various projects sanctioned at district level under this scheme should be strictly monitored by the District Level Committee for SC/ST as per GO(P) No.11/2021/Planning dated 28/09/2021 of the Planning & Economic Affairs(A) Department, Government of Kerala.

An amount of Rs. 4979.00 lakh is provided for the above programme during 2022-23.

### 11. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായക വിടവ് നികത്തൽ പദ്ധതി (കോർപ്പസ് ഫണ്ട്)

**(വിഹിതം : 4979.00 ലക്ഷം രൂപ)**

വാർഷിക പദ്ധതിയിൽ ട്രൈബൽ സബ് പ്ലാൻ സ്കീമുകളിൽ ഉണ്ടാകാവുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. ഉപജീവന വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം മുതലായവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രോജക്ടാധിഷ്ഠിത സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾക്ക് ഫണ്ട് അനുവദിക്കുന്നതാണ്. കുടാതെ ഇന്റർനെറ്റ് കണക്ടിവിറ്റി, ഓൺലൈൻ വിദ്യാഭ്യാസത്തിന് സൗകര്യവും സാമഗ്രികൾ വാങ്ങുകയും ചെയ്യുക,മൊബൈൽ

മെഡിക്കൽ ക്ലീനിക്കുകൾ, ജിവനോപാധി പ്രവർത്തനങ്ങൾ, Pipe Water Connectivity, ശുചിത്വം, വീടുകളുടെ വൈദ്യുതീകരണം, ദാരിദ്ര്യ രേഖയ്ക്ക് താഴെ നിൽക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പാചകവാതക കണക്ഷൻ എന്നിവയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്.പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാക്ഷരതയും അനൗപചാരിക വിദ്യാഭ്യാസവും, സ്വയം തൊഴിലും നൈപുണ്യ വികസന പരിപാടികളും, ജലവിതരണം, ശുചിത്വം, കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി തുടങ്ങിയ കമ്മ്യൂണിറ്റി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയുടെ മെച്ചപ്പെടുത്തൽ, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേയ്ക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ്, കലുങ്കുകൾ എന്നിവ നിർമ്മിക്കുക, വിനിമയ സൗകര്യം മെച്ചപ്പെടുത്തുക ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, വാർത്താവിനിയമയവും വിദ്യാഭ്യാസവും, മെച്ചപ്പെട്ട ആരോഗ്യ-ശുചിത്വം, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവൃത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഇന്റർനെറ്റ്, ഡി.ടി.പി, ഫോട്ടോസ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ, പട്ടികവർഗ്ഗ ഉപപദ്ധതികളിലെ പ്രത്യേക കേന്ദ്രസഹായം ഉപ യോഗിച്ചുള്ള പദ്ധതിയിലെ വിടവു നികത്തൽ, അംഗീകൃത സർക്കാരിതര ഏജൻസികളും ഗവേഷണ സ്ഥാപനങ്ങളും മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ വിലയിരുത്തൽ പഠനം തുടങ്ങിയ പ്രോജക്ടുകൾക്ക് ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്.

കൂടാതെ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ തല ത്തിലെ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം നേടാനും , വിദേശത്ത് ജോലി അന്വേഷിക്കുന്ന പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിനുമുള്ള പ്രോജക്ടുകളും പരിഗണി ക്കുന്നതാണ്. കുടുംബാധിഷ്ഠിതമായി തുടങ്ങുന്ന സൂക്ഷമസംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും പരിഗണിക്കും. ഇതിൽ അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിന് മുൻഗണന നൽകുന്നതാണ്. ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ്ഗ കൃഷിക്കാർക്ക് കൃഷിയ്ക്കായി പാട്ടത്തിന് എടുത്തിരിക്കുന്ന ഭൂമിയുടെ യഥാർത്ഥ പാട്ട തുക കൊടുക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. പട്ടികവർഗ്ഗ മേഖലകളിൽ ഓണക്കോടി വിതരണം, കുടുംബശ്രീ യൂണിറ്റ് സംഘടിപ്പിക്കുക, നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണം, പുതിയ സംരംഭങ്ങൾ തുടങ്ങുവാനുള്ള സഹായം എന്നിവയ്ക്കും പ്രധാന്യം നൽകുന്നതാണ്. പ്രളയബാധിത സങ്കേതങ്ങൾക്കും കുടുംബങ്ങൾക്കും വേണ്ടിയുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ മൂന്നാമതൊരു സ്ഥാപനത്തെകൊണ്ട് പഠന വിധേയമാക്കാനും, സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാനും ഈ പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ലോൺ തിരിച്ചടവിനുള്ള തുക ഇതിൽ നിന്നും കണ്ടെത്താവുന്നതാണ്.

*പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മൂന്നിൽ ഒരുഭാഗം ജില്ലകൾക്കായി* നീക്കി വെച്ചിരിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് ഒരു കണ്ടിജൻസി ഫണ്ട് അനുവദിക്കും പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് ജില്ലയിൽ ഭരണാനുമതി നൽകും. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനുള്ള പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കുകയും ചെയ്യും. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് മനസ്സിലാക്കുന്നതിന് സബ്പ്ലാൻ സെല്ലിന് കീഴിൽ വിവര സങ്കേതിക വിദ്യയുടെ സഹായത്താൽ സ്പെഷ്യൽ മോനിറ്ററിംഗ് സമ്പ്രദായം(എം.ഐ.എസ് സെൽ) വികസിപ്പിക്കേണ്ടതാണ്. ഈ സ്കീമിന് കീഴിൽ ജില്ലാതലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 28.09.2021 ലെ 11/2021/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

2022–23 – ൽ ഈ പരിപാടിയ്ക്കായി 4979.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 12. Ambedkar Settlement Development scheme

**(Outlay: Rs. 4000.00 lakh)**

The scheme comprises of five sub schemes as given below

### i. Infrastructure Facilities

The outlay is provided for meeting the immediate requirements of infrastructure facilities, economic activities and basic minimum needs of women and children. Infrastructure facilities include providing water supply, electrification of households, sanitation and drainage facilities, footpath, community centres, community studycenters, cottage industries, libraries and resettlement of tribes living in difficult conditions. The selection and priority of the settlements for the implementation of the scheme shall be purely on the basis of the gaps identified in the socio economic e-survey conducted by the department. In the wake of the pandemic, priority shall be given to livelihood activities.

### ii. Spill over works under ATSP scheme

Spill over commitments, if any, of the works undertaken by the Department under ATSP scheme will be met from the scheme. The entire spill over works under ATSP shall be completed in 2022-23 itself.

### iii. P K Kalan Family Benefit Scheme

PK Kalan Family benefit Scheme is implemented for the development of scattered tribal families. Project formulation shall be based on a micro planfor each family through participatory rural appraisal tools. The District Planning Committee Secretariat shall take a lead role in formulating the family based micro plansand resource mapping in extensive consultations with the line departments and also in finalizing the implementable action plans. Kudumbashree Mission shall be entrusted to prepare the micro plans for DPC Secretariat on the basis of the socio-economic survey conducted by the ST Department which shall be approved by the District Level Committees for SC/ST. Families identified under 'Extreme Poverty Survey-2021-22' of Rural Development Department shall be given utmost priority.

Rehabilitation of people who live in ecologically highly sensitive areas prone to flooding as well as land slips will be taken up in a phased manner. All possible efforts will be taken to converge other schemes like LIFE Mission, employment generation (MGNREGS), health, education, Kudumbashree schemes, ICDS and NSAP implemented by different Department/Agencies.

An amount of Rs. 4000.00 lakh is provided for the above scheme during 2022-23.Based on gender disaggregated data 75 per cent fund will be going to women beneficiaries.

## 12. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി.

(വിഹിതം : 4000.00 ലക്ഷം രൂപ)

ഈ പദ്ധതിയുടെ മൂന്ന് ഘടകങ്ങൾ താഴെപറയുന്നു.

### 1. അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഈ ഘടകത്തിൽ തുക വകയിരുത്തുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, കുടിൽ വ്യവസായങ്ങൾ ദുർഘട ചുറ്റുപാടിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം, എന്നിവ അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സെറ്റിൽമെന്റുകളുടെ തിരെഞ്ഞെടുപ്പും മുൻഗണനയും വകുപ്പ് നടത്തുന്ന സാമൂഹ്യ സാമ്പത്തിക ഇ-സർവ്വേയിൽ കണ്ടെത്തിയ വിടവുകളുടെ അടിസ്ഥാനത്തിലാണ്. മഹാമാരിയുടെ പശ്ചാത്തലത്തിൽ ജീവനോപാധി പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകേണ്ടതാണ്.

**2. എ.റ്റി.എസ്.പി. സ്കീമിന് കീഴിലുള്ള സ്പിൽഓവർ പ്രവർത്തനങ്ങൾ**

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (എ.റ്റി.എസ്.പി) പ്രവർത്തികളുടെയും സ്പിൽഓവർ പ്രവർത്തികൾക്കുള്ള തുക ഇതിൽ നിന്നും ചെലവഴിക്കാവുന്നതാണ്.എ.റ്റി.എസ്.പിയ്ക്ക് കീഴിലുള്ള എല്ലാ സ്പിൽഓവർ പ്രവർത്തികളും 2022–23 ൽ പൂർത്തിയാക്കേണ്ടതാണ്.

**3. പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി**

ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഓരോ സെറ്റിൽമെന്റിലും ഊരുകൂട്ടങ്ങളുടെ ഗ്രാമീണ പങ്കാളിത്ത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബാധിഷ്ടിത മൈക്രോ പ്ലാൻ രൂപരേഖ തയ്യാറാക്കേണ്ടതാണ്.സാമൂഹിക സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തുകയും ആയത് ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്. ഗ്രാമവികസന വകുപ്പിന്റെ അതിദാരിദ്ര്യ സർവ്വേ 2021–22 പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

.

വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടാകാൻ സാധ്യതയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ ജീവിക്കുന്നവരുടെ പുനരധിവാസം ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതാണ്. വിവിധ വകുപ്പുകൾ/ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ ഭവന നിർമ്മാണം, തൊഴിൽദാനം(എം.ജി.എൻ.ആർ.ഇ.ജി.എസ്), ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ ഐ.സി.ഡി.എസ്, എൻ.എസ്.എ.പി, എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതിവിവരങ്ങളുടെ അടിസ്ഥാന ത്തിൽ ഈ പദ്ധതിയുടെ 75 ശതമാനം തുക വനിതാ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

2022–23 ൽ 4000.00 ലക്ഷം രൂപ ഈ 3 ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## 13. Resettlement of Landless Tribal People[TRDM]

**(Outlay: Rs. 4900.00 lakh)**

The main objective of this scheme is to provide at least one acre of land to landless ST people, subject to a ceiling of 5 acres. ST families having less than one acre land holdings are also eligible under the scheme for availing the remaining extent of land to make their total holding at least one acre in extent. Various developmental activities for the rehabilitated tribal people are also considered under this scheme. Resettlement should be done on project basis with emphasis on planning and implementation through Oorukoottams. Administrative cost for running the Mission will also be met from the scheme.

The key components of resettlement plan/rehabilitation of ST people are distribution of land to landless, development of minimum needs infrastructure such as housing, drinking water, road, electricity, construction of compound wall along the forest boundary to protect the life and property of resettlement families, projects for agriculture, animal husbandry, dairy development Self-employment programmes, provision of health care and interventionsin education sector including digital divide and surveys and other expenses related to implementation of FRA.

An amount of Rs. 4900.00 lakh is provided to meet the various components of the scheme through the State Tribal Resettlement and Development Mission during 2022-23.

**13. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)**

(വിഹിതം : 4900.00 ലക്ഷം രൂപ)

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി, പരമാവധി അഞ്ച് ഏക്കർ വരെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗകുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും ലഭിക്കുന്നതിന് അർഹതയുണ്ട്. പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരുടെ നിരവധി വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നതാണ്. പ്രോജക്ടാധിഷ്ഠിത രീതിയിൽ ഊരുകൂട്ടങ്ങൾ വഴി പദ്ധതികൾ ആസൂത്രണം ചെയ്തുവേണം പുനരധിവാസം നടത്തേണ്ടത്. മിഷന്റെ പ്രവർത്തനത്തിനുള്ള ഭരണപരമായ ചെലവും ഈ പദ്ധതിയിൽ നിന്നും കണ്ടെത്തേണ്ടതാവുന്നതാണ്.

ഇതിന്റെ പ്രധാന ഘടകങ്ങൾ ഭൂരഹിതരായവർക്ക് ഭൂമി വിതരണം ചെയ്യുക, അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവ ലഭ്യമാക്കുക, പുനരധിവസിക്കപ്പെട്ട കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വനാർത്തിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം, കൃഷി, മൃഗസംരക്ഷണ ക്ഷീരവികസന പ്രോജക്റ്റുകൾ, സ്വയംതൊഴിൽ പരിപാടികൾ, ആരോഗ്യ പരിപാലനത്തിനുവേണ്ടിയുള്ള വിഹിതം, വിദ്യാഭ്യാസ മേഖലയിലെ ഇടപെടൽ ഡിജിറ്റൽ ഡിവൈഡ്, എഫ്.ആർ.എ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേകളും മറ്റു ചിലവുകളും എന്നിവയാണ്. 2022–23 – ൽ സംസ്ഥാന പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവാസവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 4900 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 14. Pooled Fund for Special Projects by Other Departments under TSP

**(Outlay: Rs. 250.00 lakh)**

The main objective of the programme is to establish convergence with other line departments and agencies to address the critical issues of the tribes. Pooled fund is intended to implement special projects for the benefit of Scheduled Tribes communities by Government Departments/ Institutions/Agencies/NGOs. Departments/institutions/agencies/NGOs which require allotment from pooled fund should submit project proposals aiming ST development, with their contribution, to State Planning Board for consideration. If the project is found feasible and admissible, State Planning Board will forward the projects to the ST Development Department for placing them before the SLWG/Special Working Group. The existing guidelines should be strictly followed for the preparation of projects and its approval and implementation.

The progress of implementation of various projects sanctioned at district level under this scheme should be strictly monitored by the District Level Committee for SC/ST as per GO(P) No.11/2021/Planning dated 28/09/2021 of the Planning & Economic Affairs(A) Department, Government of Kerala.

An amount of **Rs** 250.00 lakh is provided for the scheme during 2022-23.

## 14. പൂൾഡ് ഫണ്ട് – പട്ടികവർഗ്ഗ ഉപപദ്ധതിയിൽ മറ്റ് വകുപ്പുകൾ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾക്കായുള്ള ഫണ്ട്

**(വിഹിതം : 250.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കുന്നതിന് മറ്റു വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് ലക്ഷ്യം വയ്ക്കുന്നു. പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി സർക്കാർ വകുപ്പുകളോ/ സ്ഥാപനങ്ങളോ / ഏജൻസികളോ/ എൻ.ജി.ഒ കളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയാണിത്. പൂൾഡ് ഫണ്ടിൽ നിന്നുള്ള വിഹിതം ലഭിക്കേണ്ട വകുപ്പുകൾ പട്ടികവർഗ്ഗ വികസനം ലക്ഷ്യം വെച്ചുള്ള പ്രോജക്റ്റുകൾ തങ്ങളുടെ വിഹിതം കൂടി ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കണം. പ്രോജക്റ്റുകൾ പ്രായോഗികവും, സ്വീകാര്യവുമാണെങ്കിൽ ആസൂത്രണ ബോർഡ്, അത് പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് കൈമാറുന്നു. ഈ പ്രോജക്റ്റുകൾ പിന്നീട്

സംസ്ഥാനതല / സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കും അംഗീകാരത്തിനും സമർപ്പിക്കുന്നു. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽവേണം പ്രോജക്ടുകൾ തയ്യാറക്കേണ്ടതും അതിന്റെ അംഗീകാരവും നടത്തിപ്പും നിർവ്വഹിക്കേണ്ടതും. ഈ സ്കീമിന് കീഴിൽ ജില്ലാതലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 2809/2021 ലെ 11/2021 പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

2022–23 ൽ ഈ പദ്ധതിയ്ക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 15. Incentives & Assistance to Students

**(Outlay:** Rs. **880.00 lakh)**

This umbrella scheme comprises of five sub schemes.

### (i) Special Incentive to Brilliant Students

**(Outlay:** Rs.**100.00 lakh)**

The sub scheme intends to give special incentives to brilliant students of ST Communities who secure higher grades/marks in SSLC, Plus-2, Degree, Post-Graduation and Research including Professional courses. Incentives will be awarded at various rates as per the norms prescribed by the Government. Those who excel in the spheres of arts and sports will also be rewarded with cash incentives/gold medals. During 2022-23, around 750 students are expected to get the assistance under the sub scheme.

### (ii) Ayyankali Memorial Talent Search and Development

**(Outlay:** Rs.**85.00 lakh)**

The objective of the sub scheme is to providecontinuousassistance to handpicked talented tribal students (day scholars) studying from 5th standard to 10th standard for their academic excellence and extracurricular activities. By using a software, continuous tracking and performance assessment of the students assisted under the scheme shall be ensured to monitor the performance till the child attains academic excellence in the entire course of his education. Every year, 200 students studying in 5th standard will be selected through an intelligence test. Assistance for purchase of furniture and books, financial aid for medical care, monthly stipend, special guidance and counselling is also given to the selected students for 6 years (from Class 5 to Class 10) as per the rate fixed by government from time to time.The selection procedure by the LSS-USS scholarship of General Education Deptwould be followed for selectionof students. After selection, special coaching and focused attention has to be given to such children to attain academic excellence. The rate of scholarship would be enhanced during 2022-23. During 2022-23 around 1,000 students are expected to be assisted under the sub scheme.

### (iii) Assistance for Study tour to School & College going Students

**(Outlay:** Rs. **40.00 lakh)**

Under this sub scheme, ST students of Plus Two, Degree, P.G Degree, Professional, and Diploma courses will be given financial assistance for participating in excursions and study tours conducted through the educational institutions where they are studying. Advance amount will be given initially and the balance will be reimbursed on demand. Also, the sub scheme intends to conduct Bharat Darshan/All India Tour for selected tribal students with the approval of the SLWG. During 2022-23, around 800 students are expected to be assisted under the sub scheme.

### (iv) Assistance to Orphans

**(Outlay:** Rs. **105.00 lakh)**

This sub scheme is intended to provide social security by way of special financial assistance to Scheduled Tribe children who have no parents to look after. They will be provided assistance for education and living till they become adult/wage earners and the rate of assistance will be as per the Govt. Order. The fund will also be utilized for the purpose of survey/identification of such children, their rehabilitation and assistance for upbringing. During 2022-23 around 670 beneficiaries are expected to be assisted under the sub scheme.

**(v) Supply of Laptop to Students**

**(Outlay:** Rs. **550.00 lakh)**

The sub scheme intends to address the issue of digital divide among ST students by providing Laptop to ST students studying for higher education courses above plus 2 in approved Universities/institutes. The courses eligible for providing laptops will be decided by the Government. Application should be forwarded by the Principal/ Head of the Institution certifying that the assistance has not been received so far from Local Governments. Laptops will be provided only once to an individual beneficiary, subject to the condition that the student has not received laptops from LSGIs or any other sources. During 2022-23 around 450 students are expected to be assisted under the sub scheme.

An amount of Rs. 880.00 lakh is provided for the above five sub schemes during 2022-23.

## 15. വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും

*(വിഹിതം : 880.00 ലക്ഷം രൂപ)*

ഒരു കുടക്കീഴിൽ വരുന്ന പദ്ധതിയിൽ അഞ്ച് ഉപപദ്ധതികൾ ആണുള്ളത്.

### (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം.

*(വിഹിതം : 100.00 ലക്ഷം രൂപ)*

അക്കാദമിക്ക് തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനുള്ള ഉപപദ്ധതിയാണിത്. ഈ ഉപപദ്ധതിയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ഗവേഷണം, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് പ്രോൽസാഹനം നൽകുന്നു. കലകളിലും സ്പോർട്സിലും പ്രാഗൽഭ്യം തെളിയിക്കുന്നവർക്ക് ക്യാഷ് അവാർഡോ സ്വർണ്ണ മെഡലോ പാരിതോഷികമായി നൽകുന്നു. 2022–23 ൽ ഏകദേശം 750 കുട്ടികളെ ഈ പദ്ധതി വഴി സഹായിക്കാൻ ഉദ്ദേശിക്കുന്നു.

### (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി

*(വിഹിതം : 85.00 ലക്ഷം രൂപ)*

5–ാം ക്ലാസ്സ് മുതൽ 10–ാംക്ലാസ്സ് വരെ പഠിക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (day Scholar) അവരുടെ പഠന മികവിനും പാഠ്യേതര പ്രവർത്തനങ്ങൾക്കുമായി തുടർച്ചയായി സഹായം നൽകുക എന്നതാണ് ഉപപദ്ധതിയുടെ ലക്ഷ്യം. സോഫ്റ്റ്വെയർ സഹായത്തോടെ, പദ്ധതിയ്ക്ക് കീഴിലുള്ള വിദ്യാർത്ഥികളുടെ തുടർച്ചയായ പ്രകടന വിലയിരുത്തലും, അക്കാഡമിക് മികവ് കൈവരിക്കുന്നത് വിദ്യാഭ്യാസ കാലഘട്ടം മുഴുവനും പ്രകടനം നിരീക്ഷിക്കൽ ഉറപ്പാക്കും. എല്ലാ വർഷവും 5–ാം ക്ലാസ്സിൽ പഠിക്കുന്ന 200 വിദ്യാർത്ഥികളെ Intelligence പരീക്ഷയിലൂടെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആറ് വർഷത്തേക്ക് (5 മുതൽ 10 ക്ലാസ്സ്) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് അനുസരിച്ച് ഫർണീച്ചറുകളും, ബുക്കുകളും വാങ്ങാനുള്ള സഹായം, പ്രതിമാസ സ്റ്റൈപ്പന്റ്, ചികിത്സ സഹായം, ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം, ഗൈൻഡ്സ് ആന്റ് കൗൺസിലിംഗ് തുടങ്ങിയവ നൽകുന്നു. വിദ്യാർത്ഥികളെ

തിരഞ്ഞെടുക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ LSS/USS Scholarship വഴിയുള്ള തിരഞ്ഞെടുപ്പ് നടപടിക്രമം പിന്തുടരും. തിരഞ്ഞെടുത്ത ശേഷം അക്കാദമിക് മികവ് കൈവരിക്കുന്നതിന് അത്തരം കുട്ടികൾക്ക് പ്രത്യേക പരിശീലനവും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും സ്കോളർഷിപ്പ് നിരക്ക് വർദ്ധിപ്പിക്കും.

2022–23 ൽ ഏകദേശം 1000 വിദ്യാർത്ഥികൾക്ക് ഉപപദ്ധതിക്ക് കീഴിൽ സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### (3) <u>സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം</u>

*(വിഹിതം : 40.00 ലക്ഷം രൂപ)*

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു, ബിരുദം, ബിരുദാന്തര ബിരുദം, പ്രൊഫഷണൽ, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം ഈ ഉപപദ്ധതി വഴി നൽകി വരുന്നു. മുൻകൂറായി പണം നൽകുകയും പിന്നീട് ആവശ്യത്തിനനുസരിച്ച് ബാക്കി പണം അനുവദിക്കുകയും ചെയ്യുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഭാരത ദർശനം/ഇന്ത്യയിൽ മുഴുവൻ ഉള്ള പഠന യാത്ര നടത്തുന്നതിനുള്ള പദ്ധതി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടത്തുന്നതാണ്. 2022–23 ൽ ഏകദേശം 800 വിദ്യാർത്ഥികൾക്ക് ഈ ഉപപദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### (4) <u>അനാഥരായ കുട്ടികൾക്കുള്ള സഹായം</u>

*(വിഹിതം : 105.00 ലക്ഷം രൂപ)*

രക്ഷകർത്താക്കൾ സംരക്ഷിക്കാനില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനാഥരായ കുട്ടികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിനു വേണ്ടിയാണ് ഈ ഉപപദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരം കുട്ടികളെ സംരക്ഷിക്കുകയും അവരെ വളർത്തുന്നതിനാവശ്യമായ സഹായം ഈ ഉപപദ്ധതിയിലൂടെ നൽകുന്നു. ഇവർ പ്രായ പൂർത്തിയാവുന്നതുവരെയോ, വരുമാനം സമ്പാദിക്കാൻ പ്രാപ്തരാകുന്നുതുവരെയോ വിദ്യാഭ്യാസ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും വിവരശേഖരണം നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരെ വളർത്തുന്നതിനുള്ള സഹായം നൽകുന്നതിനും ഈ തുക വിനിയോഗിക്കുന്നു. 2022–23 ൽ ഏകദേശം 670 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

### (5) <u>വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം</u>

*(വിഹിതം : 550.00 ലക്ഷം രൂപ)*

അംഗീകൃത യൂണിവേഴ്സിറ്റികളിലും / സ്ഥാപനങ്ങളിലും +2 വിന് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകി കൊണ്ട് അവർക്കിടയിലെ സാങ്കേതിക അറിവുകളിലുള്ള പരിജ്ഞാനക്കുറവ് ലഘൂകരിക്കലാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. സർക്കാർ അംഗീകരിച്ച കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് വിതരണം ചെയ്യുന്നത്. അപേക്ഷകൾ സ്ഥാപന മേധാവി/ പ്രിൻസിപ്പാൾ മുഖേന സമർപ്പിക്കേണ്ടതും, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സോതസ്സുകളിൽ നിന്നോ ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി ഒരു വ്യക്തിഗത ഗുണഭോക്താവിന് ഒരിക്കൽ മാത്രമേ ലാപ്ടോപ്പുകൾ നൽകൂ. 2022–23 –ൽ ഏകദേശം 450 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

2022–23 –ൽ മുകളിൽ പറഞ്ഞ അഞ്ച് ഉപപദ്ധതികൾക്കായി 880.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 16. <u>Assistance to Tribal Welfare Institutions</u>

**(Outlay: Rs. 250.00 lakh)**

The scheme is intended to provide financial assistance to tribal welfare institutions like co-operative farms and ST co-operative societies for their revival there by ensuring livelihood of tribal families. Assistance is given for employment generating projects.

The outlay is for providing grant/assistance to

i. Priyadarshini Tea Estate, Mananthavady- for developing/improving the plantations, and for running/revamping the tea factory operated by the estate.
ii. AttappadyCo-operative Farming Society-for projects aimed at revitalization including extension of plantation to new areas and for developing/ improving the existing farms and necessary processing, value addition and marketing.
iii. Ambedkar Memorial Rural Institute for Development (AMRID), Kalpetta, Wayanad - for conducting multifarious leadership training, skill development programmes and other employment generation activities viz, production of handicrafts, tailoring, computer training, printing and book making, P.S.C coaching, driving for the development of Scheduled Tribes.
iv. Running expenses of the High School run by the Attappady Co-operative Farming Society at Chindakky and Tribal Hostel at Chindakky including upgradation of facilities of the school and hostel.
v. One time working capital assistance to the newly formed Attappady Tribal Apparel Park and other apparel units set up by the department.
vi. Creating online platforms for marketing and conducting trade fairs for marketing of products of institutions assisted under the scheme.

The first three institutions will be revamped based on an evaluation study on the financial feasibility and a detailed project report. Renovation/Revamping of Tribal societies affiliated with SC/ST Federation, functioning in sectors like Non Timber Forest Produce, Agriculture, Coir, and other traditional sectors and assistance to Gothrajeevika construction societies will also be undertaken under this scheme.

An amount of Rs. 250.00 lakh is provided for the scheme during 2022-23.

## 16. പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം

*(വിഹിതം : 250.00 ലക്ഷം രൂപ)*

ആദിവാസി കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിന് പട്ടികവർഗ്ഗ സഹകരണ ഫാമുകൾ, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ തുടങ്ങിയ ആദിവാസി ക്ഷേമ സ്ഥാപനങ്ങൾക്ക് അവരുടെ പുനരുജ്ജീവനത്തിനായി സാമ്പത്തിക സഹായം നൽകാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികൾക്കാണ് സഹായം നൽകുന്നത്. പദ്ധതി വിഹിതം താഴെ പറയുന്നവയ്ക്ക് ഗ്രാന്റ്/ധനസഹായം ആയി നൽകുന്നതാണ്.

i. മാനന്തവാടിയിലെ പ്രിയദർശിനി തേയിലത്തോട്ടത്തിന്റെ വികസനം, എസ്റ്റേറ്റിന്റെ അധികാര പരിധിയിൽ വരുന്ന തേയില ഫാക്ടറികളുടെ നടത്തിപ്പും നവീകരണവും.
ii. പുതിയ മേഖലകളിലേക്ക് തോട്ടം വ്യാപിപ്പിക്കുന്നതിനും നിലവിലുള്ള ഫാമുകൾ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നിവ ഉൾപ്പെടെ അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ.
iii. പട്ടികവർഗ്ഗ വികസനത്തിനു വേണ്ടി അത്യധികം വൈവിധ്യമുള്ള നേതൃത്വ പരിശീലനങ്ങൾ, നൈപുണ്യ വികസന പരിപാടികൾ മറ്റു തൊഴിൽദായക പ്രവർത്തനങ്ങളായ കരകൗശല വസ്തുക്കളുടെ ഉല്പാദനം, തയ്യൽ, കമ്പ്യൂട്ടർ പരിശീലന, പ്രിന്റിംഗ്, ബുക്ക് നിർമ്മാണം, പി.എസ്.സി പരീക്ഷകൾക്കായുള്ള പരിശീലനം, ഡ്രൈവിംഗ് എന്നിവ നടപ്പാക്കുന്നതിന് വയനാട്ടിലെ അംബേദ്കർ സ്മാരക ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിന് സഹായം

iv. ചിണ്ടക്കിയുള്ള പട്ടികവർഗ്ഗ ഹോസ്റ്റലും അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി നടത്തുന്ന ഹൈസ്കൂളിന്റെ പ്രവർത്തനങ്ങൾക്കുള്ള ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സ്കൂളിലെയും ഹോസ്റ്റലിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

v. പുതുതായി രൂപീകരിച്ച അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്കിനും വകുപ്പ് സ്ഥാപിച്ച മറ്റ് അപ്പാരൽ യൂണിറ്റുകൾക്കും ഒറ്റത്തവണ പ്രവർത്തന മൂലധന സഹായം.

vi. വിപണനത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കുകയും സ്കീമിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വ്യാപാര മേളകൾ നടത്തുകയും ചെയ്യുക.

ആദ്യം സൂചിപ്പിച്ച മൂന്ന് സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സാമ്പത്തിക ഭദ്രത സംബന്ധിച്ചുള്ള വിലയിരുത്തൽ പഠനത്തിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നവീകരിക്കുക, എസ്.സി/എസ്.ടി ഫെഡറേഷനുമായി സംയോജിപ്പിച്ചിട്ടുള്ള പട്ടികവർഗ സൊസൈറ്റികളുടെ നവീകരണം, വനേതര വനോത്പന്നം, കൃഷി, കയർ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന, മറ്റ് പരമ്പരാഗത മേഖലകളിൽ ഗോത്രജീവിക കൺസ്ട്രക്ഷൻ സൊസൈറ്റികൾക്കുള്ള സഹായവും ഈ പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കും

2022–23 കാലയളവിൽ പദ്ധതിയ്ക്കായി 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 17. AdikalaGramam

**(Outlay: Rs 45.00 lakh)**

AdikalaKendram aimsto organize activities for protecting and reviving various art forms of the Scheduled communities of Kerala and to organize, workshops, folk and tribal performances in various districts of Kerala as part of promotional activities of the art forms.KIRTADS shall make digital archives of all manual documentations of all art forms, lifestyles, languages, culture and traditions etc. already done by the institution.The scheme implemented by KIRTADS has the following components.

### A. Training/workshop

**(Outlay: Rs 40.00 lakh)**

The activities proposed under this component are

- Visual expressions of Ethnic Cuisine, Art forms, Body Adornment and other Traditional Knowledge through KIRTADS.
- Audio-Visual Documentation of the Traditional Art Forms of the Kanikkaran Community.
- Workshop and documentation on the Traditional Art Forms of the Muthuvan Community.
- Tribal Healers Camp.

### B. WayanadGothraBhasha Kala Padana Kendra

**(Outlay: Rs 5.00 lakh)**

The rich cultural heritages of tribal communities are to be documented (including language, art forms and oral literature) by descriptive and analytical methodology. Primary and secondary data will be collected through field works, personal interviews, surveys, official records and documents.

An amount of **Rs** 45.00 lakh is provided for the above components during 2022-23.

## 17. ആദികലാഗ്രാമം

(വിഹിതം : 45.00 ലക്ഷം രൂപ)

കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കലാരൂപങ്ങളുടെ പ്രോത്സാഹന പ്രവർത്തത്തിന്റെ ഭാഗമായി കേരളത്തിന്റെ വിവിധ ജില്ലകളിൽ നാടോടി കലാ ഗോത്രവർഗ്ഗ പരിപാടികൾ എന്നിവ സംഘടിപ്പിക്കാനും അതിലൂടെ അവ എല്ലാ ജില്ലകളിലും പരിപോഷിപ്പിക്കുകയാണ് ആദികലാഗ്രാമത്തിന്റെ ലക്ഷ്യം. സ്ഥാപനം ഇതിനകം ചെയ്തിട്ടുള്ള എല്ലാ കലാരൂപങ്ങൾ, ജീവിത രീതികൾ, ഭാഷകൾ, സംസ്കാരം, പാരമ്പര്യങ്ങൾ തുങ്ങിയവയുടെ എല്ലാ Mannual documentation കളുടെയും Acheieves KIRTADS ഉണ്ടാക്കും. കിർത്താഡ്സ് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് താഴെ പറയുന്ന ഘടകങ്ങൾ ഉണ്ട്.

### എ. <u>പരിശീലനം/ശിൽപശാല</u>

(വിഹിതം : 40.00 ലക്ഷം രൂപ)

ഈ ഘടകത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

1. ഗോത്ര വർഗ കലാരൂപങ്ങളുടെയും ജീവിത ശൈലികളുടെയും ഡോക്യൂമെന്റേഷൻ.
2. കാണിക്കാരൻ സമുദായത്തിന്റെ പരമ്പാരഗത കലാരൂപങ്ങളുടെ Audio vision documentation.
3. മുതുവാൻ സമുദായത്തിന്റെ പരാമ്പരാഗത കലാരൂപങ്ങളെക്കുറിച്ചുള്ള ശിൽപശാലയും ഡോക്യൂമെന്റേഷനും
4. ഗോത്ര വൈദ്യന്മാരുടെ ക്യാമ്പ്

### ബി. <u>വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം</u>

(വിഹിതം : 5.00 ലക്ഷം രൂപ)

വിവരണാത്മകവും അപഗ്രഥനാപരവുമായ രീതിശാസ്ത്രത്തിലൂടെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷ,കലാരൂപങ്ങൾ വായ്മൊഴിയായ സാഹിത്യം ഉൾപ്പെടെ). പ്രാഥമിക ദ്വിതീയ തലത്തിലുള്ള അടിസ്ഥാന വിവരങ്ങൾ ഔദ്യോഗിക രേഖകൾ, സർവ്വെ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയിലൂടെ സമാഹരിക്കുന്നതാണ്.

2022–23 ൽ 45.00 ലക്ഷം രൂപ മേൽപറഞ്ഞ രണ്ട് ഘടകങ്ങൾക്കായി വകയിരുത്തുന്നു.

## 18. <u>Modernization of Tribal Development Department</u>

**(Outlay: Rs. 280.00 lakh)**

The transparency and accountability of the implementation of the schemes in the department has to be ensured in a concerted manner. The scheme is intended for modernization and digitisation of all institutions under ST Development Department. During 2022-23, the following activities are proposed under the scheme.

- Providing training to officers and staff of ST Development Department and also the mentor teachers, tutors in Padanamuris, promoters and social workers, etc. under the ST dept.
- Purchase of computers, tablet PCs, notebooks, computer peripherals, photo copier, printer, Office furniture and expenses related to implementation of e-offices.
- Providing internet/e-mail connection in Directorate and field level offices.
- Development of software, recurring costs of old software and purchase of hardware for starting new e-governance initiatives.
- Plan implementation and monitoring softwares and softwares for monitoring all the institutions under the department and GIS based asset mapping.
- Maintenance of Department Website, IT enabled Services and expenses for engaging IT Managers (Technical)/Programmers/Hardware Engineers.

- Strengthening of Project Offices, Tribal Development Offices, Tribal Extension Offices and Engineering Wing (Purchase of computer, furniture and stationery items).
- Providing infrastructure facilities including buildings to Directorate/TEO offices and its maintenance as per the actual need.
- Strengthening of Planning and Monitoring Cell (Sub Plan Cell)
- Training on DBT and e-grants
- Hiring of vehicles for field level offices as per government rules.
- Purchase of audio visual equipment for conducting continuous campaign against social evils as per actual need.
- Expenses related to updation of survey on Socio Economic status of the tribals including preparation of report and its publication, Asset mapping of ST Development Department etc.
- Expenses related to purchase of stationery items and conduct of review meetings.
- Functioning of the Grievance Redressal Mechanism in the Department.

An amount of Rs. 280.00 lakh is provided for the scheme during 2022-23.

## 18. പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം

(വിഹിതം 280.00 ലക്ഷം രൂപ)

വകുപ്പിലെ പദ്ധതികളുടെ നടത്തിപ്പിന്റെ സുതാര്യതയും ഉത്തരവാദിത്വവും യോജിച്ച രീതിയിൽ ഉറപ്പാക്കുന്നതിനും പട്ടികവർഗ്ഗവികസന വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും നവീകരണത്തിനും ഡിജിറ്റലൈസേഷനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. 2022-23 കാലയളവിൽ, ഈ സ്കീമിനു കീഴിൽ ഇനി പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെടുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന ഓഫീസർമാർ, ജീവനക്കാർ, മെന്റർ ടീച്ചർമാർ, സാമൂഹിക പഠനമുറിയിലെ ട്യൂട്ടർമാർ, പ്രമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവർക്ക് പരിശീലനം നൽകുക.
- കമ്പ്യൂട്ടറുകൾ, ടാബ്ലെറ്റ് പി.സി, നോട്ട് ബുക്കുകൾ,കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും, ഫോട്ടോ കോപ്പിയർ, പ്രിന്റർ, ഓഫീസ് ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, ഡയറക്ടറേറ്റിനെയും പ്രാദേശിക/ജില്ലാ ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്നതിനുള്ള ചെലവുകളും
- ഡയറക്ടറേറ്റിലും ഫീൽഡ് ലെവൽ ഓഫീസുകളിലും ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ ലഭ്യമാക്കൽ
- സോഫ്റ്റ്വെയറുകളുടെ വികസനം, നിലവിലെ സോഫ്റ്റ്വെയറുകളുടെ തുടർ ചെലവുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള ഹാർഡ്‌വെയർ വാങ്ങൽ
- പദ്ധതി നടത്തിപ്പിലും മോണിറ്ററിംഗിലും ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളെയും നിരീക്ഷിക്കുന്നതിനുള്ള സോഫ്റ്റ്വെയറുകളും ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള Asset Mapping ഉം
- വകുപ്പിന്റെ വെബ്സൈറ്റ് മെയിന്റനൻസ്, ഐ.റ്റിയുമായി ബന്ധപ്പെട്ട സേവനങ്ങളും, ഐ.റ്റി മാനേജർമാർ(ടെക്നിക്കൽ)/പ്രോഗ്രാമർമാർ/ഹാർഡ്‌വെയർ എഞ്ചിനീയർ, എന്നിവരെ നിയോഗിക്കുന്നതിനുള്ള ചെലവ്.
- പ്രോജക്ട് ഓഫീസുകൾ, ട്രൈബൽഡവലപ്മെന്റ് ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, എഞ്ചിനീയർ വിഭാഗം എന്നിവയെ ശക്തിപ്പെടുത്തൽ.(കമ്പ്യൂട്ടർ, ഫർണിച്ചർ, സ്റ്റേഷനറി അവലോകന യോഗത്തിന്റെ ചെലവ്, വിവിധ ഓഫീസുകളിലെ ചെറിയ മെയിന്റൻസ് ജോലികൾ )
- ഫീൽഡ് ഓഫീസുകളിലും/ഡയറക്ടറേറ്റുകളിലും അധികമായി വേണ്ടി വരുന്ന അടിസ്ഥാന സൗകര്യങ്ങൾ

- പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തൽ (സബ് പ്ലാൻ സെൽ)
- ഡി.ബി.ടി/ഇ.ഗ്രാന്റ്സ് തുടങ്ങിയവയിൽ പരിശീലനം
- സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുക.
- യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് സാമൂഹിക തിന്മകൾക്ക് എതിരെ തുടർച്ചയായ പ്രചരണം നടത്തുന്നതിന് ഓഡിയോ/വിഷ്വൽ ഉപകരണങ്ങൾ വാങ്ങുക.
- പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ട സർവ്വെ പരിഷ്കരിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആസ്തി, മാപ്പ് ചെയ്യുന്നതിനും ട്രൈബൽ അറ്റ്ലസ് പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതാണ്.
- അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിനും, സ്റ്റേഷനറി ഇനങ്ങൾ വാങ്ങുന്നതിനുള്ള ചെലവ്
- വകുപ്പിലെ പരാതി പരിഹാര സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ.

2022–23–ൽ 280.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

## 19. Assistance for Self employment and Skill Development training to ST youths

**(Outlay: Rs 1000.00 lakh)**

In order to reduce intensity of unemployment among the Scheduled Tribes youth, the Department intends to assist ST youth for skill training in modern skill sets and earning a livelihood by giving assistance for individuals and self-help groups for self-employment. Sixty per cent of the beneficiaries should be women and preference will be given to orphans, widows, unwed mothers and women headed families. The components of the scheme are given below:

- Promotion of entrepreneurial development programmes.
- Providing assistance and support for start-ups initiated by ST youths through experienced start-up mentors and providing seed money and assistance to micro enterprises of individuals and self-help groups.
- Establishing labour contract societies by providing training in trades such as carpentry, masonry, electrician, plumbing etc. and providing working capital and toolkits for establishing the units.
- Skill Training and placement assistance for ST youths in various trades. Selection of institution will be as per Govt. norms
- Coaching for PSC, UPSC, SSC, RRB and bank examinations.
- Entrance oriented coaching to ST students who seek admission for professional courses.
- Pre-engineering training to students and Special coaching for engineering dropouts
- Provision of additional Apprenticeship to ITI/ITC passed ST candidates.
- Career Development & orientation classes to Plus Two and Graduate youths.
- Finishing school for skill development for under graduates, graduates and post- graduate ST students.
- Placement assistance to those tribal youth who find job opportunities in India and abroad
- Promoting geo tagging of tribal handicrafts and ethnic products of STs and facilitating marketing through online platform.
- Setting up of a virtual tribal employment exchange.

The scheme will be implemented in compliance and convergence with the Kerala Knowledge Economy Mission implemented through K-DISC.

An amount of Rs. 1000.00 lakh is provided for the scheme during 2022-23.

## 19. പട്ടികവർഗ്ഗ യുവജനങ്ങൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം

(വിഹിതം : 1000.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനു വേണ്ടി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യക്തികൾക്കും, സ്വയം സഹായ സംഘങ്ങൾക്കും സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. 60 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥരായുള്ള കുടുംബം എന്നിവർക്ക് പരിഗണന നല്കുന്നതാണ്. പ്രളയബാധിത കുടുബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- സംരംഭകത്വ വികസന പരിപാടികളുടെ പ്രോത്സാഹനം
- പരിചയ സമ്പന്നരായ സ്റ്റാർട്ട് അപ്പുകളിലെയും സൂക്ഷ്മ സംരംഭങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും, ധനസഹായം നൽകുന്നതീലൂടെ പട്ടികവർഗ്ഗ യുവാക്കളുടെ സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിന് സാധിക്കും.
- ലേബർ കോൺട്രാക്ട് സൊസൈറ്റി ശക്തിപ്പെടുത്തുകയും കാർപെന്ററി, മേസ്തിരി പണി, ഇലകട്രീഷ്യൻ, പ്ലംബിംഗ് എന്നിവയിൽ പരിശീലനം നൽകുകയും പുതിയ സംരംഭം ആരംഭിക്കുന്നതിനുള്ള പ്രവർത്തന മൂലധനവും ആവശ്യമായ ഉപകരണങ്ങളും നൽകുക
- പട്ടികവർഗ്ഗക്കാർക്ക് വിവിധ ട്രേഡുകളിൽ നൈപുണ്യപരിശീലനം നൽകുകയും പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നതിന് ധനസഹായം നൽകുകയും ചെയ്യേണ്ടതാണ്. നൈപുണ്യ വികസന പരിശീലന ഏജൻസികളെ സർക്കാർ മാനദണ്ഡപ്രകാരം തെരഞ്ഞെടുക്കേണ്ടതാണ്.
- പി.എസ്.സി, യുപി.എസ്.സി, എസ്.എസ്.സി, ആർ.ആർ.ബി, ബാങ്ക് പരീക്ഷകൾക്കുള്ള പരിശീലനം
- പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം നൽകുക
- എൻജിനീയറീംഗ് കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനവും കോഴ്സിൽ നിന്നും കൊഴിഞ്ഞ് പോയവർക്ക് പ്രത്യേക പരിശീലനവും.
- ഐ.ടി.ഐ, ഐ, ടി.സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ് ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ്.ടു, ബിരുദധാരികൾക്ക് കരിയർ വികസനവും ഓറിയന്റേഷൻ ക്ലാസുകളും നൽകുക.
- ബിരുദധാരികൾ, ബിരുദാനന്തബിരുദധാരികൾ, ബിരുദധാരികൾ അല്ലാത്തവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.
- ഇന്ത്യക്കകത്തും വിദേശത്തും തൊഴിൽ തേടുന്ന പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്നതിന് സഹായം നൽകൽ.
- പട്ടികവർഗ്ഗക്കാരുടെ കരകൗശല സാധനങ്ങളും തനത് ഉൽപ്പന്നങ്ങളുടെയും നിർമ്മാണം പ്രോത്സാഹിപ്പിക്കുകയും അവയുടെ സുഗമമായ ഓൺലൈൻ വിപണനത്തിൽ ജിയോ ടാഗിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് സജ്ജമാക്കുക.
- ഈ പദ്ധതി കെ-ഡിസ്ക് മുഖാന്തിരം നടപ്പിലാക്കുന്ന Kerla Knowledge mission മായി സംയോജനം സാധ്യമാക്കി നടപ്പിലാക്കേണ്ടതാണ്.

2022-23 ൽ 1000.00 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരുത്തിയിരിക്കുന്നു.

## 20. Implementation of Kerala State Restriction in Transfer of Lands and Restoration of Alienated Land Act 1999

**(Outlay: Rs. 1.00 lakh)**

Kerala State Restriction in Transfer of Lands and Restoration of Alienated Land Act, 1999 restricts the transfer of lands by members of Scheduled Tribes in the State and restoration of possessions of lands alienated by such members and for matters connected there with. The provision under the scheme can be utilised for restoration of alienated land and development activities in the land, infrastructure facilities etc.

An amount of Rs. 1.00 lakh is provided as token provision for the scheme during 2022-23.

## 20. 1999 ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന:സ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കൽ.

(വിഹിതം : 1.00 ലക്ഷം രൂപ)

1999–ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകലും നിയമ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ നിയമ പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ടവരുടെ ഭൂമി കൈമാറ്റം നിയന്ത്രിക്കുകയും അവർക്ക് അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ചു കൊടുക്കുകയും അതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നു. അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകുന്നതിനും, ഭൂമിയിലുള്ള വികസന പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കുമായിട്ടാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2022–23 ൽ ഈ പദ്ധതിക്കായി 01.00 ലക്ഷം രൂപ ടോക്കൺ തുകയായി വകയിരുത്തിയിരിക്കുന്നു.

## 21. Construction of building for Model Residential Schools/Ashram Schools/ Ekalavya Model Residential Schools/Pre matric & Post matric Hostels in Tribal Areas

**(Outlay: Rs. 750.00 lakh)**

Three centrally sponsored schemes viz, 'Construction of Building for Model Residential / Ashram Schools in Tribal Areas' (50 % CSS), 'Construction of Boys' Hostels' (50%CSS) and 'Construction of Girls' Hostels' (100% CSS) were merged and included as a state scheme in the Annual Plan 2019-20 as some of the projects started under these Schemes are yet to be completed and there are difficulties in receiving funds from GOI for these schemes due to some technical reasons. Apart from the mentioned institutions, construction of new hostels and MRSs taken up by the ST department in the current year and the additional construction works like hostel blocks, staff quarters and additional classrooms etc. required in the constructions of model residential schools sanctioned by the GOI can be taken up under the scheme as the amount sanctioned by the GOI for construction works is not sufficient to make them full-fledged institutions.

| Sl. No | Name of School |
|---|---|
| 1 | Higher Secondary Block Hostel Building, Attapady |
| 2 | Higher Secondary Block Hostel Building, Kulathoopuzha |
| 3 | Higher Secondary Block Hostel Building, Vadasherikkara |
| 4 | Higher Secondary Block Hostel Building, Noolpuzha |
| 5 | Pre matric Hostel (Girls), Vattavada, Idukki |

| Sl. No | Name of School |
|---|---|
| 6 | Pre matric Hostel (Boys), Sholayur, Palakkad (60 bed) |
| 7 | Pre matric Hostel (Boys), Sholayur, Palakkad (100 bed) |
| 8 | Pre matric Hostel (Girls), Aaralam, Kannur |
| 9 | Post matric Hostel, Kattela, Thiruvananthapuram |
| 10 | Post matric Hostel, Agali, Palakkad |
| 11 | Pre matric Hostel, Chembukavu, Kannur |
| 12 | Post matric Hostel, Thondernadu |
| 13 | Post matric Hostel, Kozhikode |
| 14 | Pre matric Hostel, Palakkad |
| 15 | Ekalavya Model Residential School, Attapady |
| 16 | Ekalavya Model Residential School (Sports), Kasaragod |
| 17 | Model Residential School, Thirunelli |

An amount of Rs. 750.00 lakh is provided for the scheme for the year 2022-23 and the outlay is meant for the construction and completion of buildings in respect of the institutions listed above. Based on gender disaggregated data (6 hostels exclusively for girls) 35 per cent fund will be going to women beneficiaries.

### 21. പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും / ആശ്രമ സ്കൂളുകളുടെയും/ഏകലവ്യാമോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/ പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം

(വിഹിതം : 750.00 ലക്ഷം രൂപ)

കേന്ദ്രത്തിൽ നിന്നും പദ്ധതി വിഹിതം ലഭിക്കാത്തതിനാൽ മൂന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളായ പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം (കേന്ദ്ര വിഹിതം 50 ശതമാനം), ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം 50 ശതമാനം) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ( കേന്ദ്ര വിഹിതം 100 ശതമാനം) എന്നീ പദ്ധതികളെ ഒരു സംസ്ഥാന പദ്ധതിയാക്കി മാറ്റി 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ കാരണം കേന്ദ്ര സഹായം ലഭിക്കാത്തത് മൂലം പൂർത്തീകരിക്കുവാൻ കഴിയാത്ത പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്. ഈ പദ്ധതികൾക്ക് കീഴിൽ ആരംഭിച്ച ചില പരിപാടികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. താഴെകൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമെ നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന പുതിയ ഹോസ്റ്റലും, എം.ആർ.എസ്സുകളും മറ്റു നിർമ്മാണ പ്രവൃത്തികളും, ഹോസ്റ്റൽ ബ്ലോക്കുക്കൾക്കും, സ്റ്റാഫ് ക്വാർട്ടേഴ്സ് അധിക ക്ലാസ് മുറികൾ കൂടാതെ കേന്ദ്ര സർക്കാർ മോഡൽ റെസിഡൻഷ്യൽ സ്കൂളിന് അനുവദിക്കുന്ന പണം തികയാതെ വന്നാൽ ഈ പദ്ധതിയിൽ നിന്നും തുക കണ്ടെത്താവുന്നതാണ്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| ( 1 ) | ( 2 ) |
| 1 | ഹയർസെക്കന്ററി സ്കൂൾബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, അട്ടപ്പാടി |
| 2 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, കുളത്തൂപ്പുഴ |
| 3 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, വടശ്ശേരിക്കര |
| 4 | ഹയർസെക്കന്ററി ബ്ലോക്ക് ഹോസ്റ്റൽ കെട്ടിടം, നൂൽപ്പുഴ |

| | |
|---|---|
| 5 | പ്രീമെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ)ഷോളയൂർ, പാലക്കാട് –(60 കിടക്കകൾ) |
| 6 | പ്രീമെട്രിക് ഹോസ്റ്റൽ(പെൺകുട്ടികൾ)വട്ടവട ഇടുക്കി |
| 7 | പ്രീമെട്രിക് ഹോസ്റ്റൽ(ആൺകുട്ടികൾ)ഷോളയൂർ, പാലക്കാട് –(100 കിടക്കകൾ) |
| 8 | പ്രീമെട്രിക് ഹോസ്റ്റൽ(പെൺകുട്ടികൾ) ആറളം, കണ്ണൂർ |
| 9 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കട്ടേല, തിരുവനന്തപുരം |
| 10 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, അഗളി, പാലക്കാട് |
| 11 | പ്രീമെട്രിക് ഹോസ്റ്റൽ, ചെമ്പുകാവ്, കണ്ണൂർ |
| 12 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, തൊണ്ടർനാട്, |
| 13 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോഴിക്കോട് |
| 14 | പ്രീമെട്രിക് ഹോസ്റ്റൽ പാലക്കാട് |
| 15 | ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി |
| 16 | ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, (സ്പോട്സ്) കാസർഗോഡ് |
| 17 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, (സ്പോട്സ്) തിരുനെല്ലി |

2022–23 വർഷത്തിൽ ഈ പദ്ധതിക്കായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുകളിൽ ലിസ്റ്റു ചെയ്തിരിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമാണ് ഈ തുക. ലിംഗ വിവേചന ഡാറ്റയുടെ അടിസ്ഥാനത്തിൽ (പെൺകുട്ടികൾക്ക് മാത്രമായി 6 ഹോസ്റ്റലുകൾ) 35% ഫണ്ട് സ്ത്രീ ഗുണഭോക്താക്കൾക്ക് നൽകും.

## 22. Vocational Training Institute for Scheduled Tribes

**(Outlay: Rs. 60.00 lakh)**

At present there are two Vocational Training Institutes for Scheduled Tribe students functioning at Thiruvananthapuram and Idukki for imparting training in 5 trades approved by the National Council for Vocational Training. The scheme is intended for meeting the running expenses (uniform, food, study materials, stationery items) of these two Vocational Training Institutes. An amount of Rs. 60.00 lakh is provided for the scheme during 2022-23.

## 22. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം

(വിഹിതം 60.00 ലക്ഷംരൂപ)

നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെനിംഗിന്റെ അംഗീകാരമുള്ള 5 ട്രേഡുകളിൽ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുവേണ്ടി തിരുവനന്തപുരത്തും, ഇടുക്കിയിലും രണ്ട് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതിയിൽ രണ്ട് തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും നടത്തിപ്പ് ചെലവ് (യൂണിഫോം, പഠന ഉപകരണങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ) ഇതിൽ നിന്നും വഹിക്കാവുന്നതാണ്). 2022–23 ൽ ഈ പദ്ധതിയ്ക്കായി 60.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 23. Research and Training of KIRTADS

**(Outlay: Rs. 75.00 lakh)**

The scheme is implemented by KIRTADS Department and intends to carry out research activities that help to accelerate the overall development of the Scheduled Communities. Components are as follows.

1. Three days training programme for PVTGs about the relevant Laws to protect the rights of the Scheduled tribes
2. Five days’ workshop on indigenous tribal cuisine

3. Two Day Training on SC & ST Development for MLAs & District Panchayat Presidents, Mayors/Chairpersons of Corporation and Municipality.
4. Support Programme for Enrolment in Under Graduate, Post Graduate and other Higher Education Courses.
5. Puberty; Empowerment cum Education Programme for Tribal Children
6. ST Co-operative Societies and Development of Tribal Societies: A Study on Functioning of ST Co-operative Societies in Kerala
7. Three days training for Tribal Extension Officers
8. Mahatma Ayyankali Chair for Training in Research (MACTR)
9. Evaluation and Strengthening of Gothrabandhu Project (Engaging Tribal Teachers in Primary Schools) of the Scheduled Tribe Development Department.
10. Disintegration of Traditional Social Control Mechanisms and Its Impact on Tribal Youths- An Anthropological Study of Paniyan Tribe in Wayanad District
11. Preparation of Two Documentary Films on the Traditional Art Forms of Koraga and Mavilan tribal Communities of the State.

An amount of Rs. 75.00 lakh is provided in 2022-23 for implementing the above components.

### 23. കിർത്താഡ്സിൽ ഗവേഷണവും പരിശീലനവും (പുതിയ പദ്ധതി)

(വിഹിതം : 75.00 ലക്ഷം രൂപ)

കിർത്താഡ്സ് മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിക സമുദായങ്ങളുടെ മൊത്തത്തിലുള്ള വികസനം ത്വരിതപ്പെടുത്തുന്നതിന് സഹായിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു. പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രസക്തമായ നിയമങ്ങളെ ക്കുറിച്ച് PVTG കൾക്കുള്ള മൂന്ന് ദിവസത്തെ പരിശീലന പരിപാടി.
- തദ്ദേശീയ ഗോത്രവിഭവങ്ങളെക്കുറിച്ചുള്ള അഞ്ച് ദിവസത്തെ ശിൽപശാല.
- എം.എൽ.എ മാർക്കും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മേയർമാർക്കും ചെയർപേഴ്സൺമാർക്കും പട്ടികജാതി– പട്ടികവർഗ വികസനത്തിൽ ദ്വിദിന പരിശീലനം.
- അണ്ടർ ഗ്രാജുവേറ്റ്, ബിരുദാനന്തര ബിരുദം, മറ്റ് ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ എന്നിവയിൽ എന്റോൾമെന്റിനുള്ള പിന്തുണാ പ്രോഗ്രാം.
- പ്രായപൂർത്തിയാകൽ, ആദിവാസി കുട്ടികൾക്കുള്ള വിദ്യാഭ്യാസ ശാക്തീകരണ പരിപാടികൾ
- പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും ആദിവാസി സംഘങ്ങളുടെ വികസനവും: കേരളത്തിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള പഠനവും.
- ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് മൂന്ന് ദിവസത്തെ പരിശീലനം
- മഹാത്മാ അയ്യങ്കാളി ചെയർ ഫോർ ട്രെയിനിംഗ് ഇൻ റിസർച്ച് (MACTR)
- പട്ടികവർഗ വികസന വകുപ്പിന്റെ ഗോത്രബന്ധു പദ്ധതിയുടെ (പ്രൈമറി സ്കൂളുകളിൽ ആദിവാസി അധ്യാപകരെ ഉൾപ്പെടുത്തൽ) വിലയിരുത്തലും ശക്തിപ്പെടുത്തലും
- പരമ്പരാഗത സാമൂഹിക നിയന്ത്രണ സംവിധാനങ്ങളുടെ ശിഥിലീകരണവും ആദിവാസി യുവാക്കളിൽ അതിന്റെ സ്വാധീനവും വയനാട് ജില്ലയിലെ പണിയൻ ഗോത്രത്തെക്കുറിച്ചുള്ള ഒരു നരവംശശാസ്ത്ര പഠനം.
- സംസ്ഥാനത്തെ കൊറഗ, മാവിലൻ ആദിവാസി വിഭാഗങ്ങളുടെ പരമ്പരാഗത കലാരൂപങ്ങളെക്കുറിച്ചുള്ള രണ്ട് ഡോക്യുമെന്ററി സിനിമകൾ തയ്യാറാക്കൽ.

2022–23 സാമ്പത്തിക വർഷം 75 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

## 24. <u>Kerala Tribal Plus (Additional Wage Employment under MGNREGS) (New Scheme)</u>

**(Outlay: Rs 3500.00 lakh)**

For providing additional employment for tribal families, ST Development department has introduced Kerala Tribal PlusProgramme (an Additional Wage employment programme) under MGNREGS scheme. Through this scheme, 100 days of employment in excess of 100 days provided by MGNREGS is provided to Tribal families. Fund required for the scheme will be made available to the Commissionerate of Rural Development. In order to enroll more number of tribal families under MGNREGA, special drive may be conducted by the ST Department in association with the MGNREGA Mission for ensuring 200 days of employment to all tribals especially in tribal dominated districts like Wayanad, Palakkad, Idukki, Kasargod and Kannur.

A Revolving Fund has already been set up to pay wages for the tribals in Wayanad, Attappady and Aaralam which is managed by the Kudumbashree Mission.This would be recouped once the funds from the Union government become available. The fund required for the extension of the programme to other districts shall be met under the scheme. District and State level review shall be formalised for Kerala Tribal Plus scheme and the Revolving Fund programme and the Kudumbashree Mission and the Commissioerate of Rural Development shall report the monthly progress of the scheme to ST Directorate.

## 24. <u>കേരള ട്രൈബൽ പ്ലസ് (എം.ജി.എൻ.ആർ.ജി.എസ് നു കീഴിലുള്ള അധിക വേതന തൊഴിൽ) (പുതിയ പദ്ധതി)</u>

**(വിഹിതം : 3500.00 ലക്ഷം രൂപ)**

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിക്ക് കീഴിൽ കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം (ഒരു അധിക വേതന തൊഴിൽ പദ്ധതി) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ, എം.ജി.എൻ.ആർ.ഇ.ജി.എസ് നൽകുന്ന 100 ദിവസ തൊഴിലിന് പുറമേ 100 ദിവസത്തെ തൊഴിൽ കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ഗ്രാമവികസന കമ്മീഷണറേറ്റിന് ലഭ്യമാക്കും. എം.ജി.എൻ.ആർ.ഇ.ജി.എസ് നു കീഴിൽ കൂടുതൽ ആദിവാസി കുടുംബങ്ങളെ എൻറോൾ ചെയ്യുന്നതിനായി, വയനാട്, പാലക്കാട്, ഇടുക്കി, കാസർഗോഡ്, കണ്ണൂർ തുടങ്ങിയ പട്ടികവർഗ്ഗ ആധിപത്യ ജില്ലകളിൽ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷനുമായി ചേർന്ന് എസ്. ടി വകുപ്പ് പ്രത്യേക പ്രവർത്തനങ്ങൾ നടത്തും.

കുടുംബശ്രീ മിഷന്റെ കീഴിലുള്ള വയനാട്, അട്ടപ്പാടി, ആറളം എന്നിവിടങ്ങളിലെ ആദിവാസികൾക്ക് വേതനം നൽകുന്നതിന് റിവോൾവിംഗ് ഫണ്ട് ഇതിനകം രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് തിരിച്ചു പിടിക്കുന്നതായിരിക്കും. ഇത് വഴി ഈ പരിപാടി മറ്റ് ജില്ലകളിലേക്കും വ്യാപിക്കുന്നതിന് ആവശ്യമായ ഫണ്ട് കൂടി കണ്ടെത്തും. കേരള ട്രൈബൽ പ്ലസ് സ്കീമിനും റിവോൾവിംഗ് ഫണ്ട് പ്രോഗ്രാമിനുമായി ജില്ലാ–സംസ്ഥാന തല അവലോകനം നടത്തുകയും കുടുംബശ്രീ മിഷനും ഗ്രാമവികസന കമ്മീഷണറേറ്റും പദ്ധതിയുടെ പ്രതിമാസ പുരോഗതി എസ്.ടി ഡയറക്ടറേറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 25. <u>Edamalakkudi Comprehensive development package(New Scheme)</u>

**(Outlay: Rs 1500 lakh)**

Edamalakkudi, which is the first tribal GramaPanchayat in the State, faces a lot many development issues. Providing basic necessities such as better housing, drinking water, electricity, road, education and health facilities are not an easy task with conventional development models. Hence a separate targeted programme is needed to address the problem of Edamalakkudi and to achieve the development goals. This scheme is intended to bridge the gaps between development

needs and resources for development of Edamalakkudi. There shall be a development committee consisting members from District Planning Office, Oorukoottam, LSG(GP), STDD, Forest department,Kudumbashree and major line Depts. Integration of activities of different departments, convergence of different fund sources are envisaged for comprehensive development of Edamalakkudi. In the year 2022-23, it is intended to concentrate on basic needs such as housing, electricity, road, livelihood and all extensions of projects envisaged in the existing Integrated Edamalakudi Development Plan. Provision is also for formation of Balasabhas and Kudumbashree Neighbourhood Groups and active training of the groups by Kudumbasree workers. The amount can be used to market local products with the handholding support of reputed agencies like Centre for Management Development, SC/ST Federation etc. The package will be co-ordinated by the District Planning office, Idukki.

An amount of **Rs.**1500.00 lakh is provided to meet the various activities proposed in the Integrated Development Plan prepared by State Planning Board and new components suggested by the special development committee in the Panchayat.

### 25. ഇടമലക്കുടി സമഗ്ര വികസന പാക്കേജ് (പുതിയ പദ്ധതി)

**(വിഹിതം : 1500.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ ആദ്യ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഒട്ടേറെ വികസന പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, വിദ്യാഭ്യാസം, ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുക എന്നത് പരമ്പരാഗത വികസന മാതൃകകൾ കൊണ്ട് എളുപ്പമുള്ള കാര്യമല്ല. അതിനാൽ ഇടമലക്കുടിയുടെ പ്രശ്നം പരിഹരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഒരു പ്രത്യേക ലക്ഷ്യ പരിപാടി ആവശ്യമാണ്. ഇടമലക്കുടിയുടെ വികസനത്തിന്റെ ആവശ്യങ്ങളും വിഭവങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നതിനാണ് ഈ പദ്ധതി. ജില്ലാ പ്ലാനിംഗ് ഓഫീസ്, ഊരുകൂട്ടം, ഗ്രാമപഞ്ചായത്ത്, പട്ടികവർഗ്ഗ വികസന വകുപ്പ്, വനംവകുപ്പ്, കുടുംബശ്രീ, മേജർ ലൈൻ വകുപ്പുകൾ എന്നിവയിൽ നിന്നുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു പ്രത്യേക വികസന സമിതി ഉണ്ടായിരിക്കും. ഇടമലക്കുടിയുടെ സമഗ്ര വികസനത്തിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനവും വിവിധ ഫണ്ട് സ്രോതസ്സുകളുടെ സംയോജനവും വിഭാവനം ചെയ്യുന്നു. 2022–23 വർഷത്തിൽ, ഭവനം, വൈദ്യുതി, റോഡ്, ഉപജീവനമാർഗ്ഗം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിലും നിലവിലുള്ള സംയോജിത ഇടമലക്കുടി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പദ്ധതികളുടെ എല്ലാ വിപുലീകരണങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ബാലസഭകളും കുടുംബശ്രീ അയൽക്കൂട്ടങ്ങളും രൂപീകരിക്കുന്നതിനും കുടുംബശ്രീ പ്രവർത്തകർ സംഘങ്ങളെ സജീവമായി പരിശീലിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, എസ്.സി/എസ്.ടി ഫെഡറേഷൻ തുടങ്ങിയ ഏജൻസികളുടെ പിന്തുണയോടെ പ്രാദേശിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനും തുക വിനിയോഗിക്കാം. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസ് വഴി ഈ പദ്ധതി ഏകോപിപ്പിക്കേണ്ടതാണ്.

സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ സംയോജിത വികസന പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കും പഞ്ചായത്തിലെ പ്രത്യേക വികസന സമിതി നിർദ്ദേശിച്ച പുതിയ ഘടകങ്ങൾക്കും വേണ്ടി 1500.00 ലക്ഷം രൂപ വകയിരുത്തുന്നു.

### 26. Umbrella Programme for the Development of Scheduled Tribes (50%SS)

The components of the scheme are given below.

#### A. Enforcement of Prevention of Atrocities Act [50% SS]

**(Outlay: Rs 115.00 lakh)**

In order to provide constitutional and legal protection to safeguard the interest and protest against exploitation of the marginalized sections of society, the Protection of Civil Rights Act and Scheduled Caste and Scheduled Tribe (Prevention of Atrocities) Act, 1989, was enacted. Special

Benches have been constituted in all District Courts for the speedy disposal of cases registered under the Atrocities Act. Major components of the scheme are:

- Formulation of appropriate schemes for providing compensation and rehabilitation of the victims of atrocities.
- Providing legal aid to the victims of atrocities
- Intercaste- marriage grant to STs.
- Functioning of the special mobile police squad in WayanadDistrict.
- Payment of travelling allowance to witnesses.

An amount of **Rs** 115.00 lakh is provided as 50% State Share for the scheme during 2022-23. Out of this, an amount of **Rs** 15.00 lakh is for the establishment and other expenditure of special courts.

## 26. പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുട കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം)

**ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.**

### എ) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം)

**(വിഹിതം : 115.00 ലക്ഷം രൂപ)**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അവർക്കെതിരായ ചൂഷണത്തിനെതിരെയും ഭരണഘടനാപരവും നിയമപരവുമായ പരിരക്ഷ നൽകുന്നതിനും വേണ്ടി പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമവും, 1989 നിലവിൽ വന്നു. അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പ് കൽപിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും പ്രത്യേക ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെ പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- o അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടിയ്ക്ക് രൂപം നൽകുക;
- o അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം ലഭ്യമാക്കുക.
- o പട്ടികവർഗ്ഗക്കാർക്ക് മിശ്ര-വിവാഹ ഗ്രാന്റ്
- o വയനാട് ജില്ലയിൽ പ്രത്യേക മൊബൈൽ പോലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- o സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2022-23 ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 115.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 15.00 ലക്ഷം രൂപ സ്പെഷ്യൽ കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും മറ്റ് ചെലവുകൾക്കും ആയിരിക്കും.

### B. Kerala State Development Corporation for SC/ST Ltd. - TSP (State Share 51%)

**(Outlay: Rs. 31.67 lakh)**

Under this centrally sponsored scheme, share capital contribution is released to the State Development Corporation for SCs & STs in the ratio 51:49 between State Government and Central Government. The Central share of equity capital is sent directly to the Corporation. The Corporation provides finance to employment oriented schemes covering diverse areas of economic activities. The Corporation identifies eligible ST families, motivate them to undertake suitable economic development schemes, sponsor these schemes to financial institutions for credit support, provide financial assistance in the form of margin money at lower rate of interest and provide

subsidy in order to reduce their repayment liability and provide necessary link/tie-up with other poverty alleviation programmes.

An amount of **Rs**31.67 lakh is provided during 2022-23 towards 51% state share for providing share capital contribution to Kerala State Development Corporation for SCs/STs, for taking up economic development schemes benefiting Scheduled Tribes.

**B) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം – റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം)**

(വിഹിതം : 31.67 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഓഹരി മൂലധനം നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ തൊഴിലധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യു ന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വിക സന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുന്നത് വഴി കുറഞ്ഞ നിരക്കിൽ വായ്പയും സബ്സിഡികളും ലഭ്യമാക്കുകയും അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കാനും മറ്റ് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിക്കുവാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2022–23–ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനമായി 31.67 ലക്ഷം രൂപ 51 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നു.

## 27. Post-matric Scholarships for Scheduled Tribe Students (25% SS)

**(Outlay: Rs 875.00 lakh)**

The scheme is intended for payment of educational assistance such as lump-sum grant, stipend, hostel charges and pocket money to the students undergoing various post-matric courses in and outside the state. These scholarships are granted and disbursed through e-grants (net banking). An amount of Rs. 875.00 lakh is provided as 25% state share during 2022-23 and targeted to assist 16,500 students.

## 27. പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (25% സംസ്ഥന വിഹിതം)

**(വിഹിതം : 875.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും, പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് കോഴ്സുകൾ ചെയ്യുന്ന സാമ്പത്തിക സഹായങ്ങളായി ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ് (നെറ്റ് ബാങ്കിംഗ്). 2022–23 ൽ 25 ശതമാനം സംസ്ഥാന വിഹിതമായി 875 ലക്ഷം രൂപ ഈ പദ്ധതിയിലൂടെ 16,500 വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

**28. Setting up of Museum Complex/Memorial of Tribal Freedom Fighters at Kozhikode (10 %SS)**

**(Outlay: Rs 53.33 lakh)**

Construction of new museum for Tribal Freedom Fighters, renovation and reconstruction of existing ethnological museum and renovation of AdikalaKendram are the components of the scheme. The scheme is implemented by KIRTADS Department. An amount of **Rs** 53.33 lakh is provided as 10 % state share during 2022-23.

**28. മ്യൂസിയം, കോംപ്ലക്സ് സ്ഥാപിക്കൽ/ കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മൂസിയം (10% സംസ്ഥാന വിഹിതം)**

(വിഹിതം : 53.33 ലക്ഷം രൂപ)

ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സിന് പുതിയ മ്യൂസിയം നിലവിലുള്ള എത്തനോളജിക്കൽ മ്യൂസിയത്തിന്റെ നവീകരണം, പുനർ നിർമ്മാണം, ആദികലാ കേന്ദ്രത്തിന്റെ നവീകരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. കിർത്താഡ്സാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയ്ക്ക് 2022–23 – ൽ 53.33 ലക്ഷം രൂപ 10 ശതമാനം സംസ്ഥാന വിഹിതമായി വകയിരുത്തി യിരിക്കുന്നു.

**29. TSP Plan Schemes-Implemented through Local Governments**

**(Outlay: Rs 1283.00 lakh)**

An outlay of ₹1283.00 lakh is set apart for the implementation of schemesthrough Local Governments. The scheme details are as given below:-

| Sl. No. | Name of Scheme | Outlay (Rs in lakh) |
|---|---|---|
| 1 | PradhanManthriAwasYojana (Gramin)-(PMAY) TSP (40% SS) | 200.00 |
| 2 | DeendayalAnthyodayaYojana(DAY NRLM) TSP(40% SS) | 1083.00 |
| | **Total** | **1283.00** |

The write-up and other scheme details have been included in the Appendix IV of the Budget 2022-23.

**29. പട്ടികവർഗ്ഗ ഉപപദ്ധതി -തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ**

(വിഹിതം: 1283.00 ലക്ഷം രൂപ)

തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 1283.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1 | പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) റ്റി.എസ്.പി (സംസ്ഥാന വിഹിതം 40 ശതമാനം) | 200.00 |
| 2 | ദീൻ ദയാൽ അന്ത്യോദയ യോജന (ഡേ-എൻ.ആർ.എൽ.എം) റ്റി.എസ്.പി (സംസ്ഥാന വിഹിതം 40 ശതമാനം) | 1083.00 |
| | **ആകെ** | **1283.00** |

**30. Special Central Assistance to Tribal Sub Plan (SCA to TSP – 100% CSS)**

**(Outlay: Rs 1000.00 lakh)**

The Special central Assistance to Tribal Sub Plan is mainly meant for filling up infrastructure incidental thereto, as per the guidelines issued by the GOI from time to time. The focus in 2022-23 will be on the sectors like education, health, employment and skill development, strengthening of Tribal Research Institutes. Priority shall be given to flood affected families and habitats and also to the families identified in the Extreme Poverty Survey– 2021-22 conducted by the Rural Development Department. Government of India insists on the conduct of concurrent monitoring and evaluation of schemes implemented under SCA to TSP. Therefore Planning and

Monitoring Cell in the Directorate will be suitably strengthened by engaging officers from State Planning Board.

The progress of implementation of various projects sanctioned at district level under this scheme should be strictly monitored by the District Level Committee for SC/ST as per GO(P) No.11/2021/Planning dated 28/09/2021 of the Planning & Economic Affairs(A) Department, Government of Kerala.

An amount of Rs.1000.00 lakh is anticipated as Central assistance during 2022-23.

## 30. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

(വിഹിതം : 1000.00 ലക്ഷം രൂപ)

കാലാകാലങ്ങളിൽ കേന്ദ്ര ഗവവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയ മായി അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, നൈപുണ്യ വികസനം, ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ശാക്തീകരണം, തുടങ്ങിയ മേഖലകൾക്കാണ് 2022–23 ൽ ശ്രദ്ധ കേന്ദ്രീകരിക്കുക. പ്രളയബാധിത കുടുംബങ്ങൾക്കും സങ്കേതങ്ങൾക്കും കൂടാതെ ഗ്രാമവികസന വകുപ്പ് നടത്തിയ അതിദാരിദ്ര്യ സർവ്വേ 2021–22 പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ ഈ പദ്ധയിലൂടെ തത്സമയ മോണിറ്ററിംഗും മൂല്യ നിർണ്ണയവും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന ആസൂത്രണ ബോർഡിലെ ഓഫീസർമാരെ ഉൾപ്പെടുത്തി കൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്താനും ലക്ഷ്യമിടുന്നു. ഈ സ്കീമിന് കീഴിൽ ജില്ലാതലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി, ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 28.09.2021 ലെ 17/2021/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

2022–23 വർഷം പ്രത്യേക കേന്ദ്ര സാഹയമായി 1000.00 ലക്ഷം രൂപ ഈ പരിപാടിയിൽ പ്രതീക്ഷിക്കുന്നു.

# Central Assistance (50 % CSS)

**1. Umbrella Programme for the Development of Scheduled Tribes (50%CSS)**

The components of the scheme are given below.

## A. Enforcement of Prevention of Atrocities Act [50% CSS]

**(Outlay: Rs 115.00 lakh)**

In order to provide constitutional and legal protection to safeguard the interest and protest against exploitation of the marginalized sections of society, the Protection of Civil Rights Act and Scheduled Caste and Scheduled Tribe (Prevention of Atrocities) Act, 1989, was enacted. Special Benches have been constituted in all District Courts for the speedy disposal of cases registered under the Atrocities Act. Major components of the scheme are:

- Formulation of appropriate schemes for providing compensation and rehabilitation of the victims of atrocities.
- Providing legal aid to the victims of atrocities
- Intercaste- marriage grant to STs.
- Functioning of the special mobile police squad in WayanadDistrict.

- Payment of travelling allowance to witnesses.

An amount of **Rs** 115.00 lakh is provided as 50% Central Share for the scheme during 2022-23. Out of this, an amount of **Rs** 15.00 lakh is for the establishment and other expenditure of special courts.

1. **പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരു കുട കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്ര വിഹിതം)**

**ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.**

**എ) അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (കേന്ദ്ര വിഹിതം 50 ശതമാനം)**

**(വിഹിതം : 115.00 ലക്ഷം രൂപ)**

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അവർക്കെതിരായ ചൂഷണത്തിനെതിരെയും ഭരണഘടനാപരവും നിയമപരവുമായ പരിരക്ഷ നൽകുന്നതിനും വേണ്ടി പൗരാവകാശ സംരക്ഷണ നിയമവും പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമവും, 1989 നിലവിൽ വന്നു. അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പ് കൽപിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും പ്രത്യേക ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെ പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- o അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നൽകുവാനും ഉചിതമായ പരിപാടിയ്ക്ക് രൂപം നൽകുക;
- o അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നിയമസഹായം ലഭ്യമാക്കുക.
- o മിശ്ര വിവാഹിതർക്കു ധനസഹായം
- o വയനാട് ജില്ലയിൽ പ്രത്യേക മൊബൈൽ പോലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- o സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2022–23 ൽ 50 ശതമാനം കേന്ദ്ര വിഹിതമായി 115.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ 15.00 ലക്ഷം രൂപ സ്പെഷ്യൽ കോടതികളുടെ എസ്റ്റാബ്ലിഷ്മെന്റിനും ചെലവുകൾക്കുള്ളതായിരിക്കും.

**B. Kerala State Development Corporation for SC/ST Ltd. - TSP (Central Share 49%)**

**(Outlay Rs 30.42 lakh)**

Under this centrally sponsored scheme, share capital contribution is released to the State Development Corporation for SCs & STs in the ratio 51:49 between State Government and Central Government. The Central share of equity capital is sent directly to the Corporation. The Corporation provides finance to employment oriented schemes covering diverse areas of economic activities. The Corporation identifies eligible ST families, motivate them to undertake suitable economic development schemes, sponsor these schemes to financial institutions for credit support, provide financial assistance in the form of margin money at lower rate of interest and provide subsidy in order to reduce their repayment liability and provide necessary link/tie-up with other poverty alleviation programmes.

An amount of **Rs** 30.42 lakh is anticipated during 2022-23 towards 49 % central share for providing share capital contribution to Kerala State Development Corporation for SCs/STs, for taking up economic development schemes benefiting Scheduled Tribes.

**B) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം – റ്റി.എ സ്.പി (49 ശതമാനം കേന്ദ്ര വിഹിതം)**

(വിഹിതം : 30.42 ലക്ഷം രൂപ)

ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഓഹരി മൂലധനം നൽകുന്നു. ഓഹരി

മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ തൊഴിലധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുന്നത് വഴി കുറഞ്ഞ നിരക്കിൽ വായ്പയും സബ്സിഡികളും ലഭ്യമാക്കുകയും അവരുടെ തിരിച്ചടവ് ബാദ്ധ്യത കുറയ്ക്കാനും മറ്റ് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിക്കുവാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2022-23-ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ഓഹരി മൂലധനമായി 49 ശതമാനം കേന്ദ്ര വിഹിതമായി 30.42 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

# Central Assistance (100 % CSS)

## 1. Umbrella Programme for the development of Scheduled Tribes (100% CSS)

### A. Pre-matric Scholarship for ST Students Studying in IX & X Classes (100% CSS)

**(Outlay: Rs 375.00 lakh)**

This centrally sponsored scheme was introduced by Ministry of Tribal Affairs, Government of India in the year 2012-13 for giving Pre-Matric Scholarships to the needy Scheduled Tribe Students studying in classes IX and X through DBT system. This scheme is implemented through State Government which will receive 100% Central Assistance from Government of India. Central assistance will be released to the state on an ad-hoc basis. Thus the State would have to make expenditure from the State budget first and against which reimbursement can be claimed. The state would continue to give assistance at the rate fixed by the State which is higher than the rate of GoI. The additional amount required will be met from the non-plan funds. An amount of ₹375.00 lakh is anticipated as 100% CSS during 2022-23.

**കേന്ദ്ര സഹായം (100% CSS)**

## 1. പട്ടികവർഗ്ഗ വികസനത്തിന് ഒരു കുട കീഴിൽ വരുന്ന പദ്ധതികൾ

ഈ പരിപാടിയുടെ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### A. ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)

**(വിഹിതം : 375.00 ലക്ഷം രൂപ)**

പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ആനുകൂല്യം കൈമാറ്റം ചെയ്യുന്നത് (ഡിബിറ്റി) മുഖേന പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ നൽകുന്നതിനായി 2012-13 - ൽ ഗോത്രവർഗ്ഗകാര്യ മന്ത്രാലയം ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സംസ്ഥാന ഗവൺമെന്റുകൾ വഴി നടപ്പാക്കുന്ന ഈ പദ്ധതിയുടെ ചെലവിനായി 100 ശതമാനം സഹായവും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്നു.

കേന്ദ്രത്തിൽ നിന്നുള്ള സഹായം പ്രത്യേക ഗ്രാന്റായിട്ടാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. സംസ്ഥാന ബജറ്റിൽ നിന്ന് ഇതിന്റെ ചെലവുകൾ നടത്തുകയും ചെലവാക്കിയ തുക കേന്ദ്രത്തിൽ നിന്ന് തിരിച്ചു കിട്ടാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള സഹായനിരക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചതിനേക്കാൾ ഉയർന്നതായതിനാൽ ആവശ്യമായ അധികതുക സംസ്ഥാന സർക്കാർ നോൺപ്ലാനിൽ നിന്നും വഹിക്കുന്നതാണ്. 2022-23 - ൽ 375 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**B. Multi-purpose Hostel for STs (100% CSS)**

**(Outlay: Rs 200.00 lakh)**

In the changed socio-economic situation of the state more and more women are leaving their homes in search of employment/higher education/apprenticeship training in cities as well as Urban and Rural areas. One of the main difficulties faced by such women is lack of safe and conveniently located accommodation. The grant-in-aid from Government of India is expected for construction of new buildings for providing hostel facilities to working women in cities, smaller towns and also in rural areas where employment opportunities for women exist. Students seeking higher education in reputed institutions and apprenticeship trainees may also be accommodated. Girl children upto 18 years and boy children upto 5 years of age may be accommodated in such hostels with their mothers. The amount is proposed for the completion of the multi-purpose hostels being constructed at Marampally and Foreshore in Ernakulam.

An amount of **Rs** 200.00 lakh is anticipated as 100% CSS for the scheme during 2022-23.

**B. .പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ**

**(വിഹിതം :200.00 ലക്ഷം രൂപ)**

സംസ്ഥാനത്തെ മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യത്തിനുസരിച്ച് കൂടുതൽ വനിതകൾ തൊഴിലിനും ഉന്നത പഠനത്തിനും അപ്രന്റീസ് ട്രെയ്നിംഗിനും വേണ്ടി നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും എത്താറുണ്ട്. സുരക്ഷിതവും സൗകര്യപ്രദവുമായ താമസസ്ഥലം കണ്ടെത്തുക എന്നതാണ് ഇവർ അഭുമുഖീകരിക്കുന്ന പ്രധാന പ്രശ്നം. നഗരങ്ങളിലും ചെറു നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും ജോലി ചെയ്യുന്ന വനിതകൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിനുവേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിനാണ് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നത്. പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവർക്കും അപ്രന്റീസ് ട്രെയിനികൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. വനിതാ ജീവനക്കാരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺ മക്കൾക്കും അമ്മമാരോടൊപ്പം താമസിക്കാം. എറണാകുളം ജില്ലയിലെ മാരംപള്ളിയി ലാണ് വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ നിർമ്മിക്കാനുദേശിക്കുന്നത്.

2022–23 – ൽ ഈ പദ്ധതിയ്ക്കായി 200.00 ലക്ഷം രുപ 100 ശതമാനം കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു.

**C. Post-matric Scholarships for Scheduled Tribe Students (75% CSS)**

**(Outlay: Rs 2625.00 lakh)**

The scheme is intended for payment of educational assistance such as lump-sum grant, stipend, hostel charges and pocket money to the students undergoing various post-matric courses in and outside the state. These scholarships are granted and disbursed through e-grants (net banking). It is targeted to assist 16,500 students under the scheme per year. An amount of Rs. 2625.00 lakh is anticipated as 75% central assistance for the year 2022-23.

C. **പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ (75% കേന്ദ്ര വിഹിതം)**

**(വിഹിതം : 2625.00 ലക്ഷം രൂപ)**

സംസ്ഥാനത്തിനകത്തും, പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് കോഴ്സുകൾ ചെയ്യുന്ന സാമ്പത്തിക സഹായങ്ങളായി ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി എന്നിവ ഈ പദ്ധതിയിലൂടെ നൽകുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ–ഗ്രാന്റ്സ് മുഖേനയാണ് (നെറ്റ് ബാങ്കിംഗ്). പ്രതിവർഷം ഏകദേശം 16500 വിദ്യാർത്ഥികളെ ഈ പദ്ധതിയുടെ സഹായിക്കുന്നതിന് ലക്ഷ്യമിടുന്നു. 2022–23 ൽ 2625.00 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്നു.

**D. Infrastructure Facilities to KIRTADS (100 % CSS)**

**(Outlay: Rs 164.21lakh)**

Ministry of Tribal Affairs, GOI sanctions fund as grant to the State Tribal Research Institute (KIRTADS) for providing infrastructural facilities like training hall, library and hostel building. Modernization of library & museumetc. renovation and improvement of training infrastructure in KIRTADS,additional work of Ethno medicine Research and Treatment Centre at Wayanadetc. are the components proposed under the scheme during 2022-23. An amount of **Rs** 164.21 lakh is anticipated as 100% Central Assistance.

## D. കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ

**(വിഹിതം : 164.21 ലക്ഷം രൂപ)**

പരിശീലന ഹാൾ, ലൈബ്രറി, ഹോസ്റ്റൽ കെട്ടിടങ്ങൾ തുടങ്ങിയവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംസ്ഥാന ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ഗ്രാന്റായി ട്രൈബൽ അഫയേഴ്സ് മന്ത്രാലയം ഫണ്ട് അനുവദിക്കാറുണ്ട്. ലൈബ്രറി, മ്യൂസിയം, എന്നിവയുടെ നവീകരണം കിർത്താഡ്സിലെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ വയനാട്ടിലെ എത്നോ മെഡിസിൻ റിസർച്ച് & ട്രീറ്റ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ എന്നിവയാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്ന ഘടകങ്ങൾ. 2022–23 – ൽ 100 ശതമാനം കേന്ദ്ര സാഹയമായി 164.21 ലക്ഷം രൂപ പ്രതിക്ഷിക്കുന്നു.

**E. Grant-in-aid to the Kerala State Federation of SCs and STs Development Co-operative Ltd. (100 % CSS)**

**(Outlay: Rs 0.01 lakh)**

GoI gives grant-in-aid to the Kerala State Federation of SCs and STs Development Co-operative Ltd for minor forest produce operations. Share capital investment, procurement of MFP and construction of godowns/warehouses are the components of the scheme. During 2022-23 a token amount of **Rs** 0.01 lakh is proposed for this scheme for facilitating the utilization of the grant anticipated from GOI.

**E. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം**

**(വിഹിതം : 0.01 ലക്ഷം രൂപ)**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ലഘുവന ഉത്പന്നങ്ങളുടെ ശേഖരണവുമായി ബന്ധപ്പെട്ട പരിപാടികൾക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകാറുണ്ട്. ഓഹരി മൂലധന നിക്ഷേപം, ലഘുവന ഉൽപ്പന്നങ്ങളുടെ ശേഖരണം, ഗോഡൗൺ/വെയർ ഹൗസ് എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനസഹായം ഉപയോഗിക്കുന്നതിനായി 2021–22 – ൽ ഈ പദ്ധതിക്ക് 0.01 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**F. Conservation Cum Development (CCD) Plan for PTGs (100 % CSS)**

**(Outlay Rs 0.01 lakh)**

The main objective of the scheme is to fill up the gaps occurred in the general development of Primitive tribals. Under the scheme, funds will be released by GOI based on specific projects in sectors like Health,Education land based agricultural development programmes etc. Priority shall be given to flood rehabilitation programmes and rebuilding the lost assets and livelihood activities. The ST Department has to submit proposals to GOI in a timely manner to avail funds from the concerned ministry.

An amount of Rs. 0.01 lakh is provided as token provision for this programme for utilization of the grant anticipated from GOI during 2022-23.

## F പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണ വികസനപദ്ധതി(സി.സി.ഡി പദ്ധതി).

(വിഹിതം : 0.01 ലക്ഷം രൂപ)

പട്ടികവർഗ്ഗ ഉപപദ്ധതി മുഖേന നടപ്പിലാക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ പൊതുവികസനത്തിൽ ഉണ്ടാകുന്ന വിടവ് നികത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിൽ ആരോഗ്യം, വിദ്യാഭ്യാസം, ഭൂമി സംബന്ധമായ കാർഷിക വികസന പരിപാടികൾ തുടങ്ങിയവയ്ക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിക്കാറുണ്ട്. പ്രളയാനന്തര പുനരധിവാസ പരിപാടികൾക്കും നഷ്ടമായ ആസ്തികളുടെയും ജീവനോപാധി കളുടെയും പുനർ നിർമ്മാണത്തിനും മുൻഗണന നൽകേണ്ടതാണ്. ബന്ധപ്പെട്ട മന്ത്രാലയത്തിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സമയ ബന്ധിതമായി കേന്ദ്ര സർക്കാരിന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധന സഹായം ഉപയോഗിക്കുന്നതിനായി 2022–23 – ൽ ഈ പദ്ധതിയ്ക്ക് 0.01 ലക്ഷം രൂപ നാമമാത്രവിഹിതമായി വകയിരുത്തിയിരിക്കുന്നു.

## G. Schemes Implemented with Grant – in – Aid under Article 275 [1] (100% CSS)

### i) Development Schemes using the Grant-in-Aid under Article 275 (1) (100% CSS)

**(Outlay Rs 725.00 lakh)**

Activities under this scheme include strengthening the infrastructure in the sectors critical to enhancement of Human Development such as income generation, health, education, agriculture, animal husbandry, Human Resource Development in technical and vocational spheres, sports promotion, maintenance of schools and hostels. The scheme will be implemented as per the guidelines issued by Government of India. Running cost of the Ekalavya Model Residential Schools (EMRs) sanctioned by the GoI will also be met. The Government of India sanction funds based on the project proposals submitted by the State Government. Priority shall be given to flood rehabilitation programmes and rebuilding the lost assets and livelihood activities.

Specific project proposals pertaining to the above subjects that are submitted with the approval of the District Level Working Group will be scrutinized by the State Level Working Group headed by the Principal Secretary, ST Development Department.

An amount of **Rs** 725.00 lakh is anticipated as 100% CSS for the scheme during 2022-23.

## G ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ (100 ശതമാനം കേന്ദ്ര വിഹിതം)

### (i) ആർട്ടിക്കിൾ 275(1) ഗ്രാന്റ്-ഇൻ-എയ്ഡ് പ്രകാരമുള്ള വികസന പദ്ധതികൾ

(വിഹിതം: 725.00 ലക്ഷം രൂപ)

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവശേഷി വികസനം, കായിക വികസനം, സ്ക്കൂളുകളുടെയും ഹോസ്റ്റലു കളുടെയും പരിപാലനം, തുടങ്ങിയ മാനവവികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് ഈ പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തന ചെലവും ഇതിൽ നിന്നും കണ്ടെത്താവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതാണ്. പ്രളയാന്തര പുനരധിവാസ പരിപാടികൾക്കും നഷ്ടമായ ആസ്തികളുടെയും ജീവനോപാധികളുടെയും പുനർ നിർമ്മാണത്തിനും ജീവനോപാധി പ്രവർത്തനങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്.

ജില്ലാതലവർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ലഭിക്കുന്ന മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇനങ്ങളിലെ പ്രത്യേക പ്രോജക്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

അദ്ധ്യക്ഷനായുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകേണ്ടതാണ്.

2022–23 – ൽ ഈ പദ്ധതിയ്ക്കായി 725.00 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

### i) Construction of Ekalavya Model Residential Schools and Hostels using the grant-in-aid under Article 275 (1) (100 % CSS)

**(Outlay Rs 750.00 lakh)**

Since 2015-16 GoI have been sanctioning funds for creating educational infrastructure facilities in Model Residential Schools and Hostels under the scheme. The construction of buildings sanctioned by GoI in previous years in respect of the following institutions will be undertaken.

- EMRS Attappady
- EMRS (Sports School), Wayanad
- Post-matric Hostel, Kattela, Thiruvananthapuram
- Post-matric Hostel for Girls Attappady, Palakkad
- Post-matric Hostel for Girls, Kozhikode
- Post- matric Hostel for Boys Wayanad
- Post- matric Hostel for Boys Kozhikode
- Post matric Hostels for Girls -Palakkad
- Post matric Hostels for Girls - Kannur

An amount of **Rs** 750.00 lakh is anticipated as central assistance for the completion of construction works. Construction of new MRSs will also be taken up under this scheme.

### (ii) ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം )

**(വിഹിതം : 750.00 ലക്ഷം രൂപ)**

2015–16 മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും വിദ്യാഭ്യാസപരമായി അടിസ്ഥാന സൗകര്യങ്ങൾക്കായി കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നുണ്ട്. മുൻകാലങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

- ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി
- ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ (സ്പോർട്ട്സ് സ്കൂൾ), വയനാട്
- പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കട്ടേല, തിരുവനന്തപുരം ജില്ല
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, അട്ടപ്പാടി, പാലക്കാട് ജില്ല
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കോഴിക്കോട്
- ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വയനാട്
- ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കോഴിക്കോട് ജില്ല
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട് ജില്ല
- പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണൂർ ജില്ല

2022–23–ൽ 100 ശതമാനം കേന്ദ്ര സഹായമായി 750.00 ലക്ഷം രൂപ മുകളിൽ പറഞ്ഞ സ്കൂളുകളിലെ നിർമ്മാണ പ്രവ്യത്തികളുടെ പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

**iii). Implementation of Scheduled Tribes and other Traditional Forest Dwellers [Recognition of Forest Right] Act, 2006 under Art. 275[1] (100% CSS)**

**(Outlay: Rs. 0.01 lakh)**

As per the GoI letter No. 14020/10/2008/SG (1) dated 29.7.2008 GoI have released an amount of Rs. 15.94 lakh to the State for the implementation of Scheduled Tribes and other Traditional Forest Dwellers [Recognition of Forest Rights] Act, 2006 under the Art 275[1]. The outlay is utilised for surveying the land, issuing record of rights, fencing of land under the Act, Development activities & infrastructure development in the distributed land under this Act. The ST Department shall submit proposals for availing funds from GOI. The scheme is implemented in all Districts except Kasaragod& Alappuzha.

An amount of Rs. 0.01 lakh is proposed as token provision for thisprogramme for utilization of the grant anticipated from GoI during 2022-23.

**iii) ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ )**

**(വിഹിതം : 0.01.00 ലക്ഷം രൂപ)**

29.07.2008 – ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ 14020/10/2008/എസ്.ജി (1) നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാരിന് 15.94 ലക്ഷം രൂപ ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കുന്നതിനായുള്ള ചെലവുകൾക്കായി (വനാവകാശം അംഗീകരിക്കൽ) ലഭിച്ചിട്ടുണ്ട്. ഭൂമിയുടെ സർവ്വെ നടത്തുന്നതിനും, ഭൂമിയുടെ അവകാശരേഖ നൽകുന്നതിനും നിയമപ്രകാരം ഭൂമി വേലികെട്ടി സംരക്ഷിക്കുന്നതിനും ഈ നിയമപ്രകാരമുള്ള ഭൂമിയുടെ വികസന പ്രവർത്തനങ്ങൾക്കും, ഭൂമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി വിഹിതം ഉപയോഗിക്കുന്നു. കാസർഗോഡും ആലപ്പുഴയും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നു. ബന്ധപ്പെട്ട മന്ത്രാലായത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സമയ ബന്ധിതതമായി ഇൻഡ്യൻ സർക്കാരിന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും 100 ശതമാനം ധനസഹായം പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്ക് 2022–23 – ൽ നാമമാത്രവിഹിതമായി 0.01 ലക്ഷം രൂപ വകയിരുത്തുന്നു.

## H. Grant-in-aid to Kerala Institute for Research, Training and Development Studies (KIRTADS) for SC/ST [100% CSS]

**(Outlay: Rs 402.08 lakh)**

The objective of the scheme is to carry out research and training that helps to accelerate the overall development among the Scheduled Communities. The components of the training and research activities are:

- Evaluation Studies on various schemes implemented by the Tribal Dept.
- Research, Studies and Documentation of Demography, Languages, Art forms, Customs, Traditions, Ornaments, Crafts etc. ofTribal Communities of Kerala.
- Digitalization of KIRTADS Ethnological Museum and Tribal Freedom Fighters Research.
- Modernization of KIRTADS Library -Phase I and II.
- Centre for Anthropological Studies(CAS).
- Training Programme for Enhancing Leadership Qualities among Elected Scheduled Tribe Representatives of Kerala and training for Non-teaching Staff of Model Residential Schools/Ashram Schools/Tribal Schools of Kerala.

- Confluence of Tribal Writers & Tribal Literature Festival.
- Collaborative Projects (Collaboration with Universities, Colleges and Other Institutes).
- Publication of Books, e-books, reports and journals of KIRTADS.
- Purchasing and developing of softwares for documentation and digitisation.
- Workshops and seminars: state level and national level.
- Purchase of Modern Archery Equipment and conducting 37thThalakkalChandu Memorial National Archery Competition.
- International Museum Day Celebration.
- Comprehensive Health Promotions: A Conscientization Drive to Tribal Youth of Kerala.
- Tribal dance & Music Festival (Tribal Art Festival).
- Awarding of Junior Research Fellowship.
- Training in Medicinal gardening for Tribal Healers:KIRTADS in collaboration with JNTBGRI and Tuber cultivation Promotion training programme.
- Care from Cradle Instituting New-born screening, Co morbidity Care & Tackling Second Generation Health problems in Person and Rehabilitation and providing appropriate Livelihood for the People with Sickle Cell Disease in Kerala.
- Tribal Talent Hunt Activities in Tribal Dance.
- Tribal Arts & Handicrafts Festival and Ethnic Cuisine Festival.
- Display, Sale and Demonstration fairs of Tribal Paintings & Handicrafts.

An amount of Rs. 402.08 lakh is anticipated as 100% Central Assistance during 2022-23 for the scheme.

## H **കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം. (കേന്ദ്ര വിഹിതം 100 ശതമാനം)**

(വിഹിതം : 402.08 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാർക്കിടയിലെ മൊത്തത്തിലുള്ള വികസനം ത്വരിതപ്പെടുത്തുന്നതിന് സഹായിക്കുന്ന ഗവേഷണവും പരിശീലനവും നടത്തുക എന്നാണ് പദ്ധതിയുടെ ലക്ഷ്യം. പരിശീലനത്തിന്റെയും ഗവേഷണ പ്രവർത്തനങ്ങളുടെയും ഘടകങ്ങൾ ഇവയാണ്

- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള വിലയിരുത്തൽ പഠനം.
- കേരളത്തിലെ ആദിവാസി സമൂഹങ്ങളുടെ ജനസംഖ്യ ശാസ്ത്രം, ഭാഷകൾ, കലാരൂപങ്ങൾ, ആചാരങ്ങൾ പാരമ്പര്യങ്ങൾ, ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ ഗവേഷണം, പഠനങ്ങൾ, ഡോക്യുമെന്റേഷൻ.
- കിർത്താഡ്സ് എത്നോളജിക്കൽ മ്യൂസിയത്തിന്റെയും ട്രൈബല ഫ്രീഡം ഹെറ്റേഴ്സ് റിസർച്ചിന്റെയും ഡിജിറ്റലൈസേഷൻ.
- കിർത്താഡ്സ് ലൈബ്രറിയുടെ നവീകരണം –ഘട്ടം I, II.
- സെന്റർഫോർ ആന്ത്രോപോളജിക്കൽ സ്റ്റഡീസ് (സി.എ.എസ്).
- കേരളത്തിലെ തിരെഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കിടയിൽ നേതൃത്വ ഗുണങ്ങൾ വർധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടിയും കേരളത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/ആശ്രമ സ്കൂളുകൾ/ട്രൈബൽ സ്കൂളുകൾ എന്നിവിടങ്ങളിലെ അനധ്യാപക ജീവനക്കാർക്കുള്ള പരിശീലനവും.
- ആദിവാസി എഴുത്തുകാരുടെയും ആദിവാസി സാഹിത്യോത്സവത്തിന്റെയും സംഗമം.

- സഹകരണ പദ്ധതികൾ (യൂണിവേഴ്സിറ്റികൾ, കോളേജുകൾ, മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുമായുള്ള സഹകരണം)
- കിർത്താഡ്സിന്റെ പുസ്തകങ്ങൾ, ഇ-ബുക്കുകൾ, റിപ്പോർട്ടുകൾ, ജേണലുകൾ എന്നിവയുടെ പ്രസിദ്ധീകരണം.
- ഡോക്യുമെന്റേഷനും ഡിജിറ്റലൈസേഷനും വേണ്ടി സോഫ്റ്റ്വെയറുകൾ വാങ്ങുകയും വികസിപ്പിക്കുകയും ചെയ്യൽ
- സംസ്ഥാന-ദേശീയ തല ശിൽപശാലകളും സെമിനാറുകളും.
- ആധുനിക അമ്പെയ്ത്ത് ഉപകരണങ്ങൾ വാങ്ങുകയും 37-ാമത് തലക്കൽ ചന്തു സ്മാരക ദേശീയ അമ്പെയ്ത്ത് മത്സരം നടത്തുകയും ചെയ്യുക.
- അന്താരാഷ്ട്ര മ്യൂസിയം ദിനാഘോഷം.
- സമഗ്ര ആരോഗ്യ പ്രോത്സാഹനം: കേരളത്തിലെ ആദിവാസി യുവാക്കൾക്ക് ഒരു ബോധവത്കരണ ശ്രമം.
- ഗോത്ര നൃത്തവും സംഗീതോത്സവും (ഗോത്ര കലാമേള)
- Jawaharlal Nehru Tropical Botanic Garden & Research Institute (JNTBGRI), കിഴങ്ങു വർഗ്ഗ കൃഷി പ്രോത്സാഹന പരിശീലന പരിപാടി എന്നിവയുമായി സഹകരിച്ച് ആദിവാസി രോഗ ചികിത്സകർക്ക് ഔഷധത്തോട്ട നിർമ്മാണത്തിൽ KIRTADS മുഖേന പരിശീലനം.
- നവജാതശിശു സ്ക്രീനിംഗ്, സഹ രോഗാവസ്ഥ പരിചരണം, വ്യക്തികളിലെ രണ്ടാം തലമുറ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ, പുനരധിവാസം എന്നിവയിൽ നിന്നുള്ള പരിചരണം, കേരളത്തിലെ അരിവാൾ കോശ രോഗമുള്ളവർക്ക് ഉചിതമായ ഉപജീവനമാർഗം നൽകൽ.
- ഗോത്ര നൃത്തത്തിൽ കഴിവുള്ള ആദിവസി പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പരിപാടികൾ.
- ആദിവാസി കല-കരകൗശല ഉത്സവവും പരമ്പരാഗത ഭക്ഷ്യമേളയും.
- ആദിവാസി ചിത്രങ്ങളുടെയും കരകൗശല വസ്തുക്കളുടെയും പ്രദർശന, വിൽപ്പന, പ്രദർശന മേളകൾ.

2022-23 ൽ 402.08 ലക്ഷം രൂപ 100 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.

## 2. Setting up of Museum Complex/Memorial of Tribal Freedom Fighters at Kozhikode (90 % CSS)

**(Outlay:Rs. 479.97 lakh)**

The scheme is implemented by KIRTADS Department. Construction of new museum for Tribal Freedom Fighters, renovation and reconstruction of existing ethnological museum and renovation of AdikalaKendram are the components of the scheme. An amount of Rs. 479.97 lakh is anticipated as Central Assistance during 2022-23.

## 2. മ്യൂസിയം, കോംപ്ലക്സ് സ്ഥാപിക്കൽ/ കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മൂസിയം (90% കേന്ദ്ര വിഹിതം)

(വിഹിതം : 479.97 ലക്ഷം രൂപ)

കിർത്താഡ്സാണ് പദ്ധതി നടപ്പിലാക്കുന്നത്. ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സിന് പുതിയ മ്യൂസിയം നിലവിലുള്ള എത്തനോളജിക്കൽ മ്യൂസിയത്തിന്റെ നവീകരണം, പുനർ നിർമ്മാണം, ആദികലാ കേന്ദ്രത്തിന്റെ നവീകരണം എന്നിവയാണ് പദ്ധതിയുടെ ഘടകങ്ങൾ. ഈ പദ്ധതിയ്ക്ക് 2022-23- ൽ 90 ശതമാനം കേന്ദ്ര വിഹിതമായി 479.97 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## TSP Plan Schemes- Implemented through Local Governments

### 1. Pradana ManthriAwaz Yojana (Gramin)-(PMAY) TSP (60% CSS)

**(Outlay: Rs 300.00 lakh)**

The objective of the scheme is to provide houses to Scheduled Tribes under the centrally sponsored scheme PradanManthriAwazYojana. Construction of new houses and up gradation of existing kutcha houses to pucca houses are the two components of the scheme. An amount of **Rs 3**00.00 lakh is anticipated for the programme during 2022-23 as 60% central share. The amount is earmarked to Block Panchayats.

1. **പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) (പട്ടികവർഗ്ഗ ഉപപദ്ധതി (60% കേന്ദ്ര വിഹിതം)**

(വിഹിതം 300.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ) യിലൂടെ ലക്ഷ്യമിടുന്നു. പുതിയ വീടുകൾ നിർമ്മിക്കുകയും നിലവിലെ ജീർണ്ണിച്ച വീടുകളെ വാസയോഗ്യമാക്കി നവീകരിക്കുകയും മാത്രമാണ് ഈ പദ്ധതിയിലെ രണ്ട് ഘടകങ്ങൾ.

2022–23 – ൽ 300 ലക്ഷം രൂപ 60% കേന്ദ്ര വിഹിതമായി ഈ പരിപാടിയ്ക്കുവേണ്ടി പ്രതീക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.

### 2. Deendayal Anthyodaya Yojana (DAY NRLM) TSP (60% CSS)

**(Outlay:Rs. 1624.50 lakh)**

This is a poverty alleviation prgramme of Government of India, which is focused on encouraging semi employment organization of rural people. The tribal sub plan as 60% central share is Rs. 1624.50 lakh. Government of Kerala designated Kudumbasree Mission as the State Nodal Agency for implementing the scheme. The provision is earmarked to the Block Panchayats.

2. **ദീൻ ദയാൽ അന്ത്യോദയ യോജന – ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (ഡേ–എൻ.ആർ.എൽ.എം) പട്ടികവർഗ്ഗ ഉപപദ്ധതി (60 ശതമാന കേന്ദ്ര വിഹിതം)**

(വിഹിതം 1624.50 ലക്ഷം രൂപ)

ഗ്രാമീണ മേഖലയിൽ ധാരാളം തൊഴിൽ സംരംഭങ്ങൾ തുടങ്ങുക എന്നതാണ് ഈ ദാരിദ്ര്യ നിർമ്മാർജ്ജന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ലക്ഷ്യം. 2022–23 – ൽ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം 1624.50 ലക്ഷം രൂപ 60 ശതമാനം കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ മിഷനെ നോഡൽ ഏജൻസിയായി സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്.